# കേരള നിയമസഭാ നടപടികൾ
## പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2025 ഫെബ്രുവരി 13, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

വാല്യം 196 - നമ്പർ 10

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

2025 ഫെബ്രുവരി 13, വ്യാഴം

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണ കുമാർ

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. കെ. ബി. ഗണേഷ് കുമാർ |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി | : ശ്രീ. ഒ. ആർ. കേളു |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എം. ബി. രാജേഷ് |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

2025 ഫെബ്രുവരി 13, വ്യാഴം

---

വാല്യം 196} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 10

---

നിയമസഭ 2025 ഫെബ്രുവരി മാസം 13-ാം തീയതി വ്യാഴാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

# I ചോദ്യോത്തരങ്ങൾ

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

P 13-02-2025 NR/UL (1) 9.00-9.10 bc

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ *121

യു.ജി.സി. മാർഗനിർദേശങ്ങളിന്മേൽ നടപടി

1(*121) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. പി. സുമോദ്:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ഭരണഘടനയുടെ അന്തഃസത്ത ഉൾക്കൊള്ളാതെ ഫെഡറൽ സർക്കാരുകളുടെ അധികാരങ്ങളിൽ കടന്നുകയറുന്നതിനുവേണ്ടി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജനാധിപത്യ സംവിധാനങ്ങളെ ലക്ഷ്യമിട്ട് യു.ജി.സി. പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദേശങ്ങളിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി മറ്റു സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ മന്ത്രിമാരെയടക്കം പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ പ്രതിഷേധ

പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(സി) ഉന്നത വിദ്യാഭ്യാസ രംഗത്ത് തുച്ഛമായി മാത്രം പണം ചെലവിടുന്ന കേന്ദ്ര സർക്കാർ, യു.ജി.സി. മാർഗനിർദേശങ്ങളിലൂടെ നടത്തുന്ന ഭരണഘടനാ ലംഘനത്തിനെതിരെ നിയമ പോരാട്ടങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ,

(എ&ബി) ഭരണഘടനയുടെ അന്തഃസത്ത ഉൾക്കൊള്ളാതെയും വൈസ്ചാൻസലർ നിയമനം മുതൽ അസിസ്റ്റന്റ് പ്രൊഫസർമാർ വരെയുള്ള നിയമന കാര്യത്തിൽ അക്കാദമിക യോഗ്യതയ്ക്ക് വലിയ പ്രാധാന്യം നൽകാതെയും സംസ്ഥാന സർക്കാരുകളുടെ അഭിപ്രായങ്ങൾ പരിഗണിക്കാതെയും പുറത്തിറക്കിയ യു.ജി.സി. കരട് മാർഗനിർദേശങ്ങൾ പിൻവലിച്ച് ബന്ധപ്പെട്ടവരുമായെല്ലാം വിശദമായ ചർച്ചകൾ നടത്തി അവരുടെ അഭിപ്രായങ്ങൾ കണക്കിലെടുത്തുകൊണ്ട് മാത്രം പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കണമെന്ന് കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ട്

21-01-2025-ന് കേരള നിയമസഭ ഐക്യകണ്ഠേന പ്രമേയം പാസ്സാക്കുകയും അത് കേന്ദ്ര സർക്കാരിന് അയച്ചുനൽകുകയും ചെയ്തിട്ടുണ്ട്.

യു.ജി.സി. കരട് റെഗുലേഷൻ 2025-ലെ സംസ്ഥാന താൽപര്യങ്ങൾക്ക് വിരുദ്ധമായ വ്യവസ്ഥകൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പ്രൊഫസർ പ്രഭാത് പട്നായിക് അധ്യക്ഷനായി രൂപീകരിച്ച അഞ്ചംഗ കമ്മിറ്റി, പ്രാഥമിക നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഡ്രാഫ്റ്റ് റഗുലേഷൻ സംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായം 03-02-2025-ാം തീയതി കേന്ദ്ര സർക്കാരിനേയും യു.ജി.സി.-യെയും അറിയിച്ചിട്ടുണ്ട്.

പ്രസ്തുത കരട് മാർഗനിർദേശങ്ങളെക്കുറിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ 20-02-2025-ന് ദേശീയ വിദ്യാഭ്യാസ കൺവെൻഷൻ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കൺവെൻഷനിൽ മറ്റു സംസ്ഥാനങ്ങളിൽനിന്നുള്ള വിദ്യാഭ്യാസ മന്ത്രിമാരുടെ പങ്കാളിത്തം പ്രതീക്ഷിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ ജനപ്രതിനിധികളും വിദ്യാർഥികളുടെയും അധ്യാപകരുടെയും പ്രതിനിധികളും

ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും പ്രതിനിധികളും പ്രസ്തുത കൺവെഷനിൽ പങ്കെടുക്കുന്നതാണ്.

(സി) ഉന്നത വിദ്യാഭ്യാസ രംഗത്ത് തുച്ഛമായി മാത്രം പണം ചെലവിടുന്ന കേന്ദ്ര സർക്കാർ, യു.ജി.സി. മാർഗനിർദേശങ്ങളിലൂടെ നടത്തുന്ന ഭരണഘടനാ ലംഘനത്തിനെതിരെ നിയമ പോരാട്ടം നടത്തുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, കേരള നിയമസഭ ഐകകണ്ഠ്യേന പാസാക്കിയിട്ടുള്ള യു.ജി.സി.-യുടെ പുതിയ നിലപാടുകളും സമീപനങ്ങളും സംബന്ധിച്ചുള്ള തിരുത്തൽ ഒരു പരിഗണനയും ലഭിക്കാതെയിരിക്കുമോയെന്നുള്ളതാണ് ഇപ്പോഴുള്ള അവസ്ഥ. അതിനെതിരായി കേരളം ഒറ്റക്കെട്ടായി ദേശീയ അടിസ്ഥാനത്തിലുള്ള കൺവെൻഷൻ വിളിച്ചു ചേർക്കുന്നതിനും അത് കേരളത്തിന്റെയും ഇന്ത്യയുടെയും ഒരു പൊതുഭാഗമാക്കി മാറ്റുന്നതിനും നടത്തുന്ന ഗവൺമെന്റിന്റെ ശ്രമത്തെ പൂർണ്ണമായിട്ട് അംഗീകരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഏത് ആർ.എസ്.എസ്. കാരനും കടന്നുചെന്ന് കാവിവൽക്കരണ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുന്ന ഇന്നത്തെ പ്രത്യേക പശ്ചാത്തലത്തിലും ഫെലോഷിപ്പുകൾ ഉൾപ്പെടെയുള്ള ഉന്നത

വിദ്യാഭ്യാസ രംഗത്തെ മുതൽമുടക്കിൽനിന്ന് യു.ജി.സി. പിന്നാക്കം പോകുന്ന സാഹചര്യത്തിലും കേരളത്തിന് ബദൽ നിർദേശങ്ങൾ മുന്നോട്ടുവയ്ക്കാനുണ്ടോ. ഇപ്പോൾ ഫെലോഷിപ്പുകളൊക്കെ അവസാനിപ്പിക്കുന്നുയെന്നുള്ളതാണ് അവസാനം കണ്ട കാഴ്ച. അതിന് ബദലായി കേരളം എന്ത് നിലപാടാണ് സ്വീകരിക്കുക?

ഡോ. ആർ. ബിന്ദു: സർ, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ഏത് ഉദ്ദേശ്യത്തിലാണോ രൂപീകൃതമായിട്ടുള്ളത് അതിൽനിന്നും കടകവിരുദ്ധമായിട്ടുള്ള ധർമ്മങ്ങളാണ് ഈ വർത്തമാനകാല സന്ദർഭത്തിൽ അത് നിർവഹിക്കുന്നത്. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ എന്ന പേരിലുള്ള ഗ്രാന്റ്സ് എന്ന വാക്കിനെ അത്യന്തം അവഗണിച്ചുകൊണ്ടുള്ള നിലപാടുകളാണ്, ഗ്രാന്റുകളും ഫെലോഷിപ്പുകളും കൊടുക്കാനുള്ള ഉത്തരവാദിത്വത്തിൽനിന്ന് വളരെ നിരുത്തരവാദപരമായ നിലയിൽ പുറം തിരിഞ്ഞിരിക്കുകയാണ്. അതുപോലെ ന്യൂനപക്ഷ വിദ്യാർഥികൾക്ക് നൽകി വരുന്ന മൗലാന ആസാദ് നാഷണൽ ഫെലോഷിപ്പ് (MANF) പോലുള്ള ഫെലോഷിപ്പുകൾ നിർത്തലാക്കുന്ന സ്ഥിതി ഉണ്ടായി. അധ്യാപകർക്കും ഗവേഷകർക്കും നൽകിവന്നിരുന്ന ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം (FDP), അതുപോലെ പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ തുടങ്ങിയവ

നിർത്തലാക്കിയ സ്ഥിതിയാണ് ഇന്ന് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ ഭാഗത്തുനിന്ന് ഉള്ളതായിട്ടുള്ള കാര്യം. വളരെ സ്ട്രിക്റ്റായിട്ടുള്ള റഗുലേഷൻസ് അടിച്ചേൽപ്പിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. Recommendatory nature-ൽ ഉള്ള ശിപാർശയുടെ സ്വഭാവത്തിലുള്ള മാർഗനിർദേശങ്ങൾ നൽകുകയെന്നുള്ളതാണ് യഥാർഥത്തിൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ ചുമതലയായിട്ട് നിർവ്വചിക്കപ്പെട്ടിട്ടുള്ളത്. ആ ഒരു അധികാര പരിധിക്ക് അപ്പുറത്തേയ്ക്ക് പോകുന്ന നിലയാണ് ഇന്ന് കാണുന്നത്. അതുമാത്രമല്ല ഗ്രാന്റുകളും ഫെലോഷിപ്പുകളും നൽകുകയെന്ന ഉത്തരവാദിത്വത്തിൽനിന്ന് മെല്ലെ മെല്ലെ പുറകോട്ടുവലിയുന്ന സ്ഥിതിയും വ്യക്തമായ നിലയിൽ നമുക്ക് കാണാൻ സാധിക്കും. ഇതിന് ബദലായിട്ട് കേരള സംസ്ഥാനത്ത് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്, കൈരളി ഗവേഷക അവാർഡ്, മുഖ്യമന്ത്രിയുടെ വിദ്യാർഥി പ്രതിഭാ പുരസ്കാരം തുടങ്ങിയ പദ്ധതികൾ കേരള സർക്കാർ തനതായിട്ടുള്ള സാമ്പത്തിക സ്രോതസ് ഉപയോഗിച്ച് നൽകിവരുന്നുണ്ട്. അതുപോലെ മറ്റ് ഒരു ധനസഹായവും ലഭ്യമല്ലാത്ത ഗവേഷക വിദ്യാർഥികൾക്ക് ഫെലോഷിപ്പ് നൽകുന്നതിനുള്ള സ്കീം ഈ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഇവിടെ ചൂണ്ടികാണിച്ചതുപോലെ യു.ജി.സി. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകുന്ന ഗ്രാന്റിനും മറ്റ് ആനുകൂല്യങ്ങളിലും കുറവ് വരുത്തിയ ഈ സാഹചര്യത്തിൽ കേരള ഗവൺമെന്റ് ഉന്നതവിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ സാമ്പത്തിക വർഷം സർക്കാർ എത്ര മുതൽ മുടക്കിയെന്നുള്ള കാര്യം ഉൾപ്പെടെ വിശദീകരിക്കാൻ സാധിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, കഴിഞ്ഞ സാമ്പത്തിക വർഷം മാത്രം ഉന്നത വിദ്യാഭ്യാസ വകുപ്പ് വഴി കേരള സംസ്ഥാന സർക്കാർ 1822.35 കോടി രൂപ പ്ലാൻ, നോൺ-പ്ലാൻ ഇനത്തിൽ വിന്യസിച്ചിട്ടുണ്ടെന്നുള്ളത് നമ്മെ സംബന്ധിച്ചിടത്തോളം ഏറ്റവും അഭിമാനകരമായ കാര്യമാണെന്ന് കരുതുന്നു. കഴിഞ്ഞ നാലുവർഷക്കാലത്തിനിടക്ക് കേരളം ആറായിരം കോടി രൂപയാണ് ഉന്നതവിദ്യാഭ്യാസ മേഖലയിൽ വിന്യസിച്ചിട്ടുള്ളതെന്ന് കേന്ദ്ര ഗവൺമെന്റിന്റെതന്നെ ഇക്കണോമിക് സർവെ ചൂണ്ടികാണിക്കുന്നുയെന്നുള്ളതും സ്വാഭിമാനം ഈ സഭയുടെ മുമ്പാകെ ചൂണ്ടികാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിന്റെ ഭാഗമായിട്ട് നമ്മുടെ അടിസ്ഥാന സൗകര്യ വിപുലീകരണ മേഖലയിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ ഉണർവുണ്ടായിട്ടുണ്ട്. സ്മാർട്ട് ക്ലാസ് റൂമുകളുള്ള

അക്കാദമിക് കോംപ്ലക്സുകളും സ്റ്റേറ്റ് ഓഫ് ദ ആർട് സൗകര്യങ്ങളുള്ള ലാബ് കോംപ്ലക്സുകളും മോഡേണൈസ്ഡ് ആയ ലൈബ്രറികളുമെല്ലാം നമ്മുടെ സർവകലാശാലകളിലും കലാലയങ്ങളിലും ഉറപ്പാക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുക മാത്രമല്ല അക്കാദമിക ഉള്ളടക്കത്തിലും കാലാനുസാരിയായ പരിഷ്കാരങ്ങൾ സമഗ്രവും സമൂലവുമായ നിലയിൽ കൊണ്ടുവരാനാകുന്ന വിധത്തിൽ കരിക്കുലം പരിഷ്കരണം ഉൾപ്പെടെ ഏറ്റെടുക്കാൻ സാധിച്ചുയെന്നുള്ളതും ഏറെ അഭിമാനകരമായ ഒരു കാര്യമായിട്ട് കരുതുകയാണ്.

ശ്രീ. ഡി. കെ. മുരളി: സർ, UGC Draft Regulation സത്യത്തിൽ സംസ്ഥാനങ്ങളുടെ ഫെഡറൽ അവകാശങ്ങളുടെമേലുള്ള ലംഘനമാണെന്നതും അതിന്റെ പിന്നിൽ ഒരു കാവിവൽക്കരണ അജണ്ട ഒളിപ്പിച്ചുവച്ചിട്ടുള്ളതും ഏറെ ചർച്ചാ വിഷയമാണ്. ഈ സന്ദർഭത്തിൽ കേരള നിയമസഭ പ്രമേയം പാസാക്കുകയും സർക്കാരിന്റെ അഭിപ്രായങ്ങൾ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയെന്ന നിലയിൽ കേന്ദ്ര സർക്കാരിനും യു.ജി.സി.-ക്കും കത്ത് എഴുതിയിട്ടുണ്ടോ; അതിൽ എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാൻ ആകുമോ?

ഡോ. ആർ. ബിന്ദു: സർ, ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയെന്ന നിലയിലും യു.ജി.സി.-ക്കും ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കേന്ദ്ര ഗവൺമെന്റിലെ ചുമതല വഹിക്കുന്ന ശ്രീ. ധർമ്മേന്ദ്ര പ്രധാനും കത്ത് അയച്ചിട്ടുണ്ട്. വൻതോതിൽ മുതൽമുടക്കി പൊതുസർവകലാശാലകളെ സംരക്ഷിക്കുകയും അവയുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നത് സംസ്ഥാന ഗവൺമെന്റുകളാണ്. സംസ്ഥാന സർവകലാശാലകളുടെ എല്ലാ ചുമതലകളും സംസ്ഥാന ഗവൺമെന്റുകളിൽ നിക്ഷിപ്തമായിരിക്കെ വലിയ രീതിയിലുള്ള കേന്ദ്രീകരണ പരിശ്രമങ്ങൾ നടത്തുന്ന രീതിയിലാണ് പുതിയ യു.ജി.സി. ഡ്രാഫ്റ്റ് ഗൈഡ്‌ലൈൻസ് തയ്യാറാക്കിയിട്ടുള്ളത് എന്നതു സംബന്ധിച്ച പ്രതിഷേധം അറിയിച്ചിട്ടുണ്ട്. മുതൽ മുടക്കുന്ന സംസ്ഥാന ഗവൺമെന്റുകൾക്ക് ഈ സർവകലാശാലകളുടെ പ്രവർത്തനത്തിൽ യാതൊരു തരത്തിലും ഇടപെടാനുള്ള അവകാശമില്ലയെന്ന തരത്തിലും അതിന്റെ നിയമനങ്ങളുമായി ബന്ധപ്പെട്ട വിഷയത്തിൽ യാതൊരു വിധത്തിലും ഇടപെടാനുള്ള സ്പേസ് ഇല്ലാത്ത തരത്തിലും യു.ജി.സി. മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നുയെന്നുള്ളത് ഖേദകരമാണെന്ന നിലയിൽ അത് നമ്മുടെ ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായ നിലപാടാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ടുതന്നെ യു.ജി.സി.-ക്കും

അതുപോലെ കേന്ദ്ര ഉന്നതവിദ്യാഭ്യാസ മന്ത്രിക്കും കത്ത് അയച്ചിട്ടുണ്ട്.

ശ്രീ. പി. പി. സുമോദ്: സർ, യു.ജി.സി. റഗുലേഷനെപറ്റി പഠിക്കാൻ നിയമിച്ച കമ്മിറ്റിയുടെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്? റഗുലേഷൻ വ്യവസ്ഥകൾ സർവകലാശാലയുടെ സ്വയംഭരണത്തെ എങ്ങനെയാണ് ബാധിക്കുന്നത്?

ഡോ. ആർ. ബിന്ദു: സർ, യു.ജി.സി. റഗുലേഷനെ സംബന്ധിച്ച് പഠിക്കാൻ പ്രമുഖ അക്കാദമിഷ്യനും സാമ്പത്തിക വിദഗ്ധനുമൊക്കെയായിട്ടുള്ള പ്രൊഫസർ പ്രഭാത് പട്നായിക്-ന്റെ നേതൃത്വത്തിലുള്ള അഞ്ചംഗ സമിതിയെയാണ് ഉന്നത വിദ്യാഭ്യാസ വകുപ്പ് നിയോഗിച്ചത്. ഈ സമിതി അതിന്റെ പ്രാഥമിക നിരീക്ഷണം സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. എങ്ങനെയാണ് ഈ പ്രസ്തുത യു.ജി.സി. റഗുലേഷൻ ഇന്ത്യയുടെ ഭരണഘടന തത്വങ്ങൾക്ക് വിരുദ്ധമാകുന്നതെന്നും യു.ജി.സി.-യുടെ വ്യക്തമായി നിർവചിക്കപ്പെട്ട ഉത്തരവാദിത്വങ്ങളുടെ അതിർത്തികൾക്ക് അപ്പുറത്തേയ്ക്ക് പോകുന്നതെന്നും ഈ റിപ്പോർട്ടിൽ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. അതോടൊപ്പം അധ്യാപക നിയമനത്തിൽ notable contributions എന്ന മാനദണ്ഡം ഉൾപ്പെടുത്തിയിരിക്കുന്നതിന്റെ അശാസ്ത്രീയതയെക്കുറിച്ചും ഈ റിപ്പോർട്ടിൽ ചൂണ്ടികാണിക്കുന്നുണ്ട്.

അക്കാദമിക ക്വാളിഫിക്കേഷൻസിനെ നിർവീര്യമാക്കിക്കൊണ്ട് വൈസ് ചാൻസലർ പദവിയുടെയും അതുപോലെ അസിസ്റ്റന്റ് പ്രൊഫസർ വരെയുള്ള തസ്തികകളുടെ അക്കാദമിക ഗുണമേന്മയെ ചോർത്തിക്കളയുന്ന വിധത്തിൽ ഏതെങ്കിലും ഒരു മേഖലയിലെ പ്രവർത്തന പരിചയം മാത്രം മതിയെന്ന രീതിയിലുള്ള നിബന്ധന തീർച്ചയായും നമ്മുടെ സർവകലാശാലകളുടെയും ഉന്നതവിദ്യാഭ്യാസ മേഖലയുടെയും അക്കാദമിക ഗുണനിലവാരം തളർത്തിക്കളയുമെന്ന് വളരെ വ്യക്തമായി റിപ്പോർട്ടിൽ ചൂണ്ടികാണിക്കുന്നുണ്ട്. അതുമാത്രമല്ല വ്യവസായമേഖലയിലെ പ്രവൃത്തി പരിചയം അല്ലെങ്കിൽ Public Administration രംഗത്തെ പ്രവൃത്തി പരിചയം മാത്രം മതിയെന്ന നിലയിൽ വ്യാഖ്യാനിക്കപ്പെടുമ്പോൾ വൻതോതിലുള്ള കച്ചവടവൽക്കരണത്തിനും ഇടവയ്ക്കുമെന്നുള്ളതും ഈ റിപ്പോർട്ട് ചൂണ്ടികാണിക്കുന്നുണ്ട്.

(ശ്രീ. എം. എസ്. അരുൺ കുമാർ)

P 13-02-2025 HS/UL -(1) 09.10-09.20 ബി.സി.

(ചോദ്യം നമ്പർ *121 തുടർച്ച)

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, യു.ജി.സി.-യുടെ മാർഗനിർദേശങ്ങൾ പ്രകാരം വൈസ് ചാൻസലർ, അധ്യാപക നിയമങ്ങളിലെ യോഗ്യതകളിൽ വെള്ളം ചേർക്കുന്നത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; notable contribution എന്ന പേരിൽ അവ്യക്തമായ നിബന്ധകൾ യോഗ്യതയിൽ ഉൾപ്പെടുത്തുന്നത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയെ ബാധിക്കുമെന്ന് കരുതുന്നുണ്ടോ?

(ഡോ. ആർ. ബിന്ദു): സർ, തീർച്ചയായും വൈസ് ചാൻസലർ പദവിയുൾപ്പെടെ അക്കാദമികമായ ഗുണമേന്മയ്ക്ക് വളരെയധികം മുൻതൂക്കം നൽകുന്ന ഒരു പദവിയിൽ അക്കാദമിക യോഗ്യതകൾ അനിവാര്യമല്ല എന്ന നിലയിലും ഏതെങ്കിലും ഒരു മേഖലയിലെ പത്ത് വർഷ കാലത്തെ പ്രവർത്തി പരിചയം മാത്രം മതിയെന്ന നിലയിലുമുള്ള വ്യാഖ്യാനം തീർച്ചയായും ഉന്നതമായിട്ടുള്ള അക്കാദമിക് പദവിയുടെ ഗുണനിലവാരം തളർത്തിക്കളയുമെന്നാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഏതെങ്കിലും ഒരു മേഖല എന്ന് പറയുമ്പോൾ ഏത് മേഖലയാണെന്നോ ഏത് അളവിലുള്ള

പ്രായോഗിക പരിചയമാണെന്നോ വ്യക്തമായി നിർവചിക്കുന്നില്ല. ഏതെങ്കിലും ഒരു മേഖലയിലെ notable contribution എന്ന നിലയിൽ കാര്യങ്ങൾ വന്ന് ഭവിക്കുമ്പോൾ ആരാണ് ഈ ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങളിൽ അവരോധിക്കപ്പെടുക എന്നതിനെ സംബന്ധിച്ച് ഇന്നത്തെ ഇന്ത്യൻ സാമൂഹിക സാഹചര്യങ്ങളിൽ വലിയ ഉത്കണ്ഠ ഒരു ജനാധിപത്യ സമൂഹത്തിന് ഉണ്ടാകേണ്ടതുണ്ട് എന്ന് തന്നെയാണ് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, യു.ജി.സി.-യുടെ പുതിയ നിയമങ്ങൾ പൂർണ്ണമായും കാവിവൽക്കരണത്തിന് വേണ്ടിയിട്ടുള്ള ഒരു ശ്രമത്തിന്റെ ഭാഗമാണ് എന്നതിൽ യാതൊരു സംശയവുമില്ല. അത് എതിർക്കപ്പെടേണ്ടത് തന്നെയാണ്. അതോടൊപ്പം പുതിയ **4.25, 5.773** clause-കൾ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ ഇല്ലാതാക്കുന്ന തരത്തിലുള്ള നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. രണ്ട് കാര്യങ്ങൾ ഉദാഹരണമായി പറയാം,. സെലക്ഷൻ കമ്മിറ്റിയുണ്ടാക്കുന്നതിനുള്ള അവകാശം - കോളേജുകൾ/സ്ഥാപനങ്ങൾ എഴുതി നൽകുന്നവയിൽ നിന്ന് വൈസ് ചാൻസലർ ഉത്തരവാദിത്വപ്പെട്ട ആളുകളെ തിരഞ്ഞെടുത്ത് കോളേജുകൾക്ക് നൽകി പ്രസ്തുത സെലക്ഷൻ കമ്മിറ്റിയാണ് അധ്യാപക നിയമനങ്ങളും മറ്റും

നടത്തിയിരുന്നത്. അത് ഇതിന്റെ ഭാഗമായി ഒഴിവാക്കപ്പെടുകയാണ്. രണ്ടാമത് 70 ശതമാനം മാർക്ക് പി.എച്ച്.ഡി., പബ്ലിക്കേഷൻ തുടങ്ങിയവയ്ക്ക് ഉൾപ്പെടുത്തിയായിരുന്നു ഇന്റർവ്യൂ നടത്തിയിരുന്നത്. അതിനുപകരം ഡയറക്ട് റിക്രൂട്ട്മെന്റ് നടത്തുകയാണ്. അത് കേരളത്തിലും ഉപയോഗപ്പെടുത്തി. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കാര്യം അങ്ങേയ്ക്ക് അറിയാം. അതിന്റെ പ്രയാസങ്ങൾ നമ്മൾ ഇന്ന് അനുഭവിക്കുകയാണ്. അതുകൊണ്ട് ഭരണഘടന അംഗീകരിക്കുന്നതും അനുവദിക്കുന്നതുമായ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഒപ്പം ഡയറക്ട് ഇന്റർവ്യൂ നടത്താതെ മറ്റുള്ളതിനും കൂടി മാർക്ക് നൽകി ആ ഇന്റർവ്യൂ ക്രമീകരിക്കാനും സംസ്ഥാന സർക്കാരിന് മുൻകൈയെടുക്കാൻ സാധിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, എല്ലാ മേഖലകളിലും അമിതാധികാരവും സ്വേച്ഛാധിപത്യ പ്രവണതകളും അമിതമായ കേന്ദ്രീകരണ പരിഷ്കരണങ്ങളും കേന്ദ്ര ഭരണാധികാരികൾ പുലർത്തിപോരുന്നത് നമ്മൾ കണ്ടുവരികയാണ്. ആ പശ്ചാത്തലത്തിൽ കൂടിയാണ് നമ്മൾ ഈ പുതിയ ഡ്രാഫ്റ്റ് റെഗുലേഷനെ വീക്ഷിക്കേണ്ടത്. ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടികാണിച്ചതുപോലെ കാവിവൽക്കരണ പരിശ്രമങ്ങളുടെ ഏറ്റവും ഒടുവിലത്തെ അധ്യായമായി തന്നെയാണ് നമ്മൾ ഇതിനെ വായിക്കേണ്ടത്. നമ്മുടെ

മതന്യൂനപക്ഷങ്ങൾക്കും സമൂഹികമായും സാമ്പത്തികമായും പിൻനിരയിലുള്ളവർക്കും എല്ലാം പ്രയാസം സൃഷ്ടിക്കാവുന്ന ഉള്ളടക്കം ഡ്രാഫ്റ്റ് മാർഗനിർദേശത്തിലുണ്ട് എന്നതാണ് യാഥാർത്ഥ്യം. ഹിന്ദുത്വ അജണ്ട നടപ്പാക്കിക്കൊണ്ട് നമ്മുടെ ആശയകേന്ദ്രങ്ങളും രാജ്യത്തെ വൈഞ്ജാനിക കേന്ദ്രങ്ങളും ആയിട്ടുള്ള സർവകലാശാലകളെയാകെ കൈപ്പിടിയിലൊതുക്കുന്നതിനുള്ള ഗൂഢമായ നീക്കം ഇതിന്റെ പിന്നിലുണ്ടെന്ന് വളരെ സുവ്യക്തമായ കാര്യമാണ്. അതുകൊണ്ട് തന്നെ ഈ യു.ജി.സി. മാർഗനിർദേശങ്ങളിൽ പ്രതിലോമപരമായ അംശങ്ങളെ ഒഴിവാക്കുന്നതിന് യോജിച്ചുള്ള നടപടികളാണ് വേണ്ടത് എന്നുള്ളത് ഈ സഭയുടെ മുമ്പാകെ ഒരിക്കൽകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഫെബ്രുവരി 20-ാം തീയതി ഈ വിഷയവുമായി ബന്ധപ്പെട്ട് ശങ്കരനാരായണൻ തമ്പി ഹാളിൽ നടത്തുന്ന നാഷണൽ കൺവെൻഷനിൽ കക്ഷിരാഷ്ട്രീയത്തിന് അതീതമായിട്ട് ഏവരും ഒരുമിച്ച് നിൽക്കേണ്ടതുണ്ട് എന്ന് കൂടി ബഹുമാനപ്പെട്ട അംഗത്തോട് ഈ സന്ദർഭത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. എ. സി. മൊയ്തീൻ: സർ, കേന്ദ്രസർക്കാർ ആർ.എസ്.എസ്.-ന്റെ ആശയങ്ങൾ നടപ്പാക്കാൻവേണ്ടി നല്ല പരിശ്രമങ്ങൾ

നടത്തികൊണ്ടിരിക്കുകയാണ്. ഈ റെഗുലേഷന്റെ ഭാഗമായി കരിക്കുലത്തിലും സിലബസിലും തങ്ങളുടെ രാഷ്ട്രീയ അഭിപ്രായങ്ങൾ നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ ഈ സർക്കാർ കാണുന്നുണ്ടോ; അങ്ങനെയാണെങ്കിൽ അപകടകരമായ ഈ നീക്കത്തെ കേരളത്തിന്റെ പശ്ചാത്തലത്തിൽനിന്ന് എങ്ങനെയാണ് ചെറുക്കാൻ സാധിക്കുകയെന്ന് സർക്കാർ ആലോചിച്ചിട്ടുണ്ടോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, വൈസ് ചാൻസലർ നിയമനത്തിൽ ഉൾപ്പെടെ കേന്ദ്രഗവൺമെന്റിന്റെ പ്രതിനിധികളായവർക്ക് മാത്രം കടന്നുവരാവുന്ന രീതിയിലുള്ള നിർദേശങ്ങളാണ് ഈ ഡ്രാഫ്റ്റ് മാർഗനിർദേശത്തിന്റെ ഉള്ളടക്കമായി കാണപ്പെടുന്നത്. വൈസ് ചാൻസലർ നിയമനത്തിന് ചാൻസലറുടെ പ്രതിനിധിയും യു.ജി.സി.-യുടെ പ്രതിനിധിയും സർവകലാശാലയുടെ പ്രതിനിധിയും എന്ന രൂപത്തിലുള്ള നിർദേശമാണ് വന്നിട്ടുള്ളത്. അതിന്റെ ചെയർമാനായിട്ട് പ്രവർത്തിക്കുക ചാൻസലറുടെ പ്രതിനിധിയായിരിക്കും. അപ്പോൾ സ്വഭാവികമായും വൈസ് ചാൻസലർ തിരഞ്ഞെടുപ്പിൽ ഉൾപ്പെടെ വലിയ രീതിയിൽ കേന്ദ്രഗവൺമെന്റിന്റെ കാവിവൽക്കരണ അജണ്ട നടപ്പാക്കാൻ സാധ്യതയുള്ള വിധത്തിലായിരിക്കും നിയമനം നടക്കുകയെന്നുള്ള ആശങ്ക വലിയ തോതിൽ ഇന്ന് രാജ്യമെമ്പാടും

ഉയർന്നുവരുന്നുണ്ട്. സമാനമനസ്കരായിട്ടുള്ള വിദ്യാഭ്യാസ മന്ത്രിമാരെ പങ്കെടുപ്പിച്ചുകൊണ്ട് അടുത്ത കാലത്ത് കർണാടക ഗവൺമെന്റ് ഒരു കോൺക്ലേവ് വിളിച്ചുചേർക്കുകയുണ്ടായി. ഞാനും അതിൽ പങ്കെടുക്കുന്ന നിലയുണ്ടായിട്ടുണ്ട്. തീർച്ചയായും ഈ യു.ജി.സി. ഡ്രാഫ്റ്റ് മാർഗനിർദേശത്തിലുള്ള പ്രതിലോമപരമായിട്ടുള്ള അംശങ്ങൾ ചെറുക്കപ്പെടേണ്ടതാണ്. അത് നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ മതനിരപേക്ഷ സ്വഭാവം കാത്തുസംരക്ഷിക്കുന്നതിന് അനിവാര്യമായ ഒന്നാണ്. അതിന്റെ ജനാധിപത്യ സ്വഭാവവും അക്കാദമിക് ക്വാളിറ്റിയും സംരക്ഷിക്കുന്നതിന് ഈ പുതിയ ഡ്രാഫ്റ്റ് മാർഗനിർദേശത്തിന്റെ ഉള്ളടക്കത്തെ ചോദ്യം ചെയ്യപ്പെടുന്ന നിലപാട് സ്വീകരിക്കപ്പെടേണ്ടതുണ്ട്. അതോടൊപ്പം തന്നെ collaborative ആയിട്ടുള്ള സമീപനത്തോടുകൂടി സംസ്ഥാന ഗവൺമെന്റുകളോടും ഇക്കാര്യത്തിൽ ആശയവിനിമയം നടത്തുകയെന്ന പ്രാഥമികമായ ജനാധിപത്യ ഉത്തരവാദിത്വം യു.ജി.സി. നിറവേറ്റേണ്ടതുണ്ടതെന്ന് സംസ്ഥാന ഗവൺമെന്റുകൾ ചൂണ്ടി കാണിക്കുന്നുണ്ട് എന്ന വിവരം കൂടി ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്. കാവിവൽക്കരണ അജണ്ട നടപ്പാക്കി നമ്മുടെ ആശയ കേന്ദ്രങ്ങളെ സമ്പൂർണ്ണമായും തങ്ങളുടെ കൈപ്പിടിയിലൊതുക്കുക എന്നുള്ള

വളരെ ഗൂഢമായിട്ടുള്ള ഉദ്ദേശം ഇതിലൂടെ നടപ്പാക്കികൊണ്ടിരിക്കുകയാണ്. ആശയപരമായ infiltration-ലൂടെ രാഷ്ട്രീയാധികാരം നിലനിർത്തുകയെന്നുള്ളത് തന്നെയാണ് ഉദ്ദേശമെന്നുള്ളത് വളരെ സുവ്യക്തമായ നിലയിൽ കാണാൻ സാധിക്കുന്ന ഒന്നാണ്. തീർച്ചയായും അത് ചെറുക്കപ്പെടേണ്ടതാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, എന്ന യു.ജി.സി. വകുപ്പ് **26(1)(e)** അധ്യാപകരുടെ യോഗ്യതകളെ നിയന്ത്രിക്കാനോ റെഗുലേറ്റ് ചെയ്യാനോ ആണ്. പ്രസ്തുത വകുപ്പിനെ അടിസ്ഥാനപ്പെടുത്തികൊണ്ടാണ് റെഗുലേഷൻ വരുന്നത്. വൈസ് ചാൻസലർ എന്നുള്ളത് ഒരു അധ്യാപകൻ അല്ലാത്തിടത്തോളം കാലം യു.ജി.സി.-ക്ക് അത് സംബന്ധിച്ച് റെഗുലേഷൻ നടത്താനുള്ള അധികാരം പാർലമെന്റ് നൽകിയിട്ടില്ല. യഥാർഥത്തിൽ വൈസ് ചാൻസലർമാരുടെ നിയമനത്തെ സംബന്ധിച്ചുള്ള യു.ജി.സി. റെഗുലേഷൻ, യു.ജി.സി. നിയമത്തിന് ultra vires ആണ്. അതോടൊപ്പം തന്നെ ഭരണഘടനയുടെ Entry 32-ൽ Regulation of the Universities എന്നത് സംസ്ഥാനത്തിന്റെ അധികാരത്തിൽ വരുന്നതാണ്. യൂണിയൻ ലിസ്റ്റ് 44 റെഗുലേഷനിൽ പറയുന്നത് except universities എന്നാണ്. അത് പൂർണ്ണമായിട്ടും

ഭരണഘടനയ്ക്ക് മാത്രമല്ല യു.ജി.സി. നിയമത്തിനുതന്നെ ultra vires ആയിട്ടുള്ള ഒന്നാണ്. വൈസ് ചാൻസലറുടെ നിയമനവും റെഗുലേഷനും പൂർണ്ണമായും സംസ്ഥാനത്തിന് അധികാരപ്പെടുത്തിയിട്ടുള്ളതാണ്. അതുകൊണ്ട് റെഗുലേഷൻ തന്നെ നിയമവിരുദ്ധമാണ് എന്നാണ് സൂചിപ്പിക്കാനുള്ളത്.

(ചോദ്യം നമ്പർ *122)

P 13-02-2025 HS/UL -(1) 09.10-09.20 ബി.സി

**റോഡുകളിൽ ഏറ്റവും അപകടസാധ്യതയുള്ള സ്ഥലങ്ങൾ**

2 (*122) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏറ്റവും അപകടസാധ്യതയുള്ള സ്ഥലങ്ങൾ ചൂണ്ടിക്കാട്ടി നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിങ് ആന്റ് റിസർച്ച് സെന്റർ (നാറ്റ്പാക്) റോഡ് സുരക്ഷാ അതോറിറ്റിക്ക് റിപ്പോർട്ടുകൾ നൽകിയിരുന്നോ;

(ബി) എങ്കിൽ ഏതൊക്കെ വർഷങ്ങളിലാണ് റിപ്പോർട്ടുകൾ നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടുകളിലെ നിർദേശങ്ങൾ നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, കേരളത്തിൽ അപകടങ്ങൾ കുറയ്ക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ റോഡ് സേഫ്റ്റി അതോറിറ്റി വഴിയും എം.വി.ഡി. വഴിയും നടപ്പാക്കിയിട്ടുള്ള പദ്ധതികളാണ്. ദീർഘമായ ഉത്തരമാണ്. മേശപ്പുറത്ത് വയ്ക്കുന്നു.

(എ&ബി) നാറ്റ്പാക് 2016 മുതൽ 2021 വരെ വിവിധ കാലഘട്ടങ്ങളിലായി കേരള റോഡ് സുരക്ഷ അതോറിറ്റിക്ക് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | (സമർപ്പിച്ച റിപ്പോർട്ടിന്റെ പേര് ) | വർഷം |
|---|---|---|
| 1 | എറണാകുളം ജില്ലയിലെ അപകട ബ്ലാക്ക് സ്പോട്ടുകളുടെ തിരിച്ചറിയലും മുൻഗണനയും | 2016 |
| 2 | കേരളത്തിലെ അപകട ബ്ലാക്ക് സ്പോട്ടുളുടെ തിരിച്ചറിയൽ | 2017 |
| 3 | കേരള സംസ്ഥാനത്തെ അപകട ബ്ലാക്ക് സ്പോട്ടുകളുടെ തിരിച്ചറിയലും ഹ്രസ്വകാല മെച്ചപ്പെടുത്തലും | |
| | ഘട്ടം - 1 കേരള സംസ്ഥാനത്തെ അപകട ബ്ലാക്ക് സ്പോട്ടുകളുടെ തിരിച്ചറിയലും മുൻഗണനയും | 2019 |
| | ഘട്ടം - 2 ബ്ലാക്ക് സ്പോട്ടുകളുടെ ഹ്രസ്വകാല മെച്ചപ്പെടുത്തൽ നടപടികളുടെ ഒരുക്കം | 2020 |

| | | |
|---|---|---|
| 4 | കേരള സംസ്ഥാനത്തെ അപകട ബ്ലാക്ക് സ്പോട്ടുകളുടെ തിരിച്ചറിയലും ഹ്രസ്വകാല മെച്ചപ്പെടുത്തലും | |
| | ഘട്ടം - 1 കേരള സംസ്ഥാനത്തെ അപകട ബ്ലാക്ക് സ്പോട്ടുകളുടെ തിരിച്ചറിയലും മുൻഗണനയും | 2021 |

(സി) നാറ്റ്പാക്കിന്റെ റിപ്പോർട്ടിലെ നിർദേശങ്ങൾ നടപ്പാക്കി വരുന്നു.

സംസ്ഥാനത്തൊട്ടാകെയുള്ള റോഡുകളിലെ വിവിധ ഭാഗങ്ങളിൽ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. പൊതുമരാമത്തു റോഡുകളിൽ വരുന്ന ബ്ലാക്ക് സ്പോട്ടുകൾ പരിഹരിക്കാൻ പൊതുമരാമത്ത് ഫണ്ടും, KRSA ഫണ്ടും ഉപയോഗിച്ചുവരുന്നു. NHAI-യുടെ പദ്ധതിയായ ആറ് വരി പാത പൂർത്തീകരിക്കുന്ന മുറക്ക് NH 66-ലെ ബ്ലാക്ക് സ്പോട്ടുകൾ പരിഹരിക്കപ്പെടും. കൂടാതെ മറ്റ് റോഡ് owning ഏജൻസികൾ അവരുടെ ഫണ്ടുകൾ മുഖാന്തിരവും ബ്ലാക്ക് സ്പോട്ടുകൾ പരിഹരിച്ചുവരുന്നു. ഓരോ ജില്ലയിലും കണ്ടെത്തിയിട്ടുള്ള ബ്ലാക്ക് സ്പോട്ടുകൾ പരിഹരിക്കാൻ റോഡ് സുരക്ഷാ അതോറിറ്റി ഓരോ ഡിസ്ട്രിക്ട് റോഡ് സേഫ്റ്റി കൗൺസിൽ (DRSC)കൾക്കും 10 ലക്ഷം രൂപ വീതം അനുവദിക്കുകയും ആദ്യ ഗഡുവായി 5 ലക്ഷം രൂപ കൈമാറുകയും ചെയ്തിട്ടുണ്ട്.

(ഡോ. മാത്യു കുഴൽനാടൻ)

P-13-02-2025 AK-UL(1) 9.20-9.30 ബി.സി

(ചോദ്യം നമ്പർ *122 തുടർച്ച......)

ഡോ. മാത്യു കുഴൽനാടൻ: സർ, നമ്മുടെ കേരളത്തിൽ ഏറ്റവും കൂടുതൽ ജീവൻ പൊലിയുന്നത് റോഡിലാണെന്ന് വെറുതെ പറയാൻ വേണ്ടി പറയുന്നതല്ല. 2020-ൽ 27887 അപകടങ്ങളും 2900 മരണങ്ങളും 2021-ൽ 33296 അപകടങ്ങളും 3429 മരണങ്ങളും 2022-ൽ 43910 അപകടങ്ങളും 4317 മരണങ്ങളും 2023-ൽ 48091 അപകടങ്ങളും 4080 മരണങ്ങളും 2024-ലെ കണക്കെടുപ്പ് പൂർത്തിയായില്ലെങ്കിലും 48836 അപകടങ്ങളും 3714 മരണങ്ങളുമുണ്ടായിട്ടുണ്ട്. ഇത് ഏറ്റവും ഗൗരവമേറിയ ഒരു വിഷയമാണ്. കാരണം, നമ്മുടെ ജനസംഖ്യ രാജ്യത്തെ ജനസംഖ്യയുടെ 3 ശതമാനമാണ്. എന്നാൽ, രാജ്യത്തുണ്ടാകുന്ന അപകടങ്ങളുടെയും മരണങ്ങളുടെയും 10 ശതമാനം കേരളത്തിലാണ് ഉണ്ടാകുന്നത്. നമ്മൾ Road safety-ക്ക് least priority-യാണ് കൊടുക്കുന്നത്. അപകടങ്ങളുടെയും മരണങ്ങളുടെയും നിരക്ക് വർധിച്ചുവരുമ്പോൾ Have you undertaken any study particularly? Road safety-യുമായി ബന്ധപ്പെട്ട് നമ്മുടെ സർക്കാർ എന്തെങ്കിലും ആധികാരികമായ പഠനങ്ങൾ നടത്തി റോഡുകളുടെ ഡിസൈൻ തകരാറാണോ അതോ മറ്റെന്തെങ്കിലും വിഷയങ്ങളാണോയെന്ന്

കണ്ടെത്തിയിട്ടുണ്ടോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ ഡാറ്റ ശരിയാണ്. 2022 മുതലുള്ള കണക്ക് പരിശോധിച്ചാൽ, മോട്ടോർ വാഹന വകുപ്പിന്റെയും പോലീസിന്റെയും കഠിനമായ ശ്രമങ്ങളുടെ ഫലമായി 2022-ൽ മരണ അനുപാതം കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും അപകടങ്ങളുടെ എണ്ണം വർധിച്ചിട്ടുണ്ട്. അപകടങ്ങളുടെ എണ്ണം വർധിച്ചിട്ടുണ്ടെങ്കിലും 2022-ൽ 4317 മരണങ്ങളാണ് ഉണ്ടായിട്ടുള്ളതെങ്കിൽ 2023-ൽ മരണങ്ങളുടെ എണ്ണം 4080 ആയി കുറഞ്ഞ് ഏകദേശം 8.5 ശതമാനം കുറവുണ്ടായിട്ടുണ്ട്. ഈ വർഷം 3746 എണ്ണമായി മരണങ്ങൾ കുറഞ്ഞുവെന്ന ഭാഗ്യമുണ്ട്. എന്നാൽ, ഈ വർഷം അപകടങ്ങളുടെ എണ്ണം കഴിഞ്ഞ വർഷത്തേക്കാൾ വളരെയധികം വർധിച്ചിട്ടുണ്ട്. അതിൽ പ്രധാനമായി കണ്ടുവരുന്നത് വാഹനം ഓടിക്കുന്നവരുടെ നിലവാരമില്ലാത്ത ഡ്രൈവിംഗും അശ്രദ്ധയുമാണ്. കൂടുതൽ അപകടങ്ങളുണ്ടാക്കുന്നതും മരണങ്ങൾ സൃഷ്ടിക്കുന്നതും മോട്ടോർ സൈക്കിളുകളാണ്. മോട്ടോർ സൈക്കിളുകൾ ഓടിക്കുമ്പോഴുണ്ടാകുന്ന അശ്രദ്ധ അപകടങ്ങൾക്ക് ഒരു കാരണമാണ്. NATPAC (National Transportation Planning and Research Centre) എല്ലാ വർഷവും

കൃത്യമായി പഠനങ്ങൾ നടത്തിയിട്ടുണ്ട്. റോഡുകളിലെ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തുകയും നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ട റോഡുകളിലെ ബ്ലാക്ക് സ്പോട്ടുകൾ ചൂണ്ടിക്കാണിച്ച് അവരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ സ്റ്റേറ്റ് ഹൈവേയിലെ ബ്ലാക്ക് സ്പോട്ടുകൾ ചൂണ്ടിക്കാണിക്കുകയും അത് പി.ഡബ്ല്യൂ.ഡി.-യുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. കൂടാതെ, റോഡ് സേഫ്റ്റി അതോറിറ്റി പല സ്ഥലങ്ങളിലെയും ബ്ലാക്ക് സ്പോട്ടുകൾ ക്ലിയർ ചെയ്യുന്നതിനുള്ള ഫണ്ട് അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ NATPAC പഠനം നടത്തുന്നുണ്ട്, ആധികാരികമായ വിലയിരുത്തലും മോട്ടോർ വാഹന വകുപ്പിന്റെയും പോലീസിന്റെയും കൃത്യമായ കണക്കുകളുമുണ്ട്. ഇപ്പോൾ നാഷണൽ ഹൈവേയുടെ നിർമ്മാണം നടക്കുന്നതിനാൽ തിരുവനന്തപുരത്തുനിന്നും യാത്ര ആരംഭിച്ചാൽ എകദേശം 70 മുതൽ 80 ശതമാനം വാഹനങ്ങൾ എം.സി. റോഡിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുകയാണ്. എം.സി. റോഡിൽ യാത്രചെയ്യാൻ സാധിക്കാത്തവിധം ഇപ്പോൾ ശ്വാസംമുട്ടുകയാണ്, ഞെരുങ്ങുകയാണ്. എത്രയുംവേഗം നാഷണൽ ഹൈവേയുടെ നിർമ്മാണം പൂർത്തിയായാൽ ഈ ബുദ്ധിമുട്ട് ഒഴിവായിക്കിട്ടും. ഇപ്പോൾ എം.സി. റോഡിലാണ് ഏറ്റവും അപകട സാധ്യത, ഒരു റോഡിന്

താങ്ങാൻ കഴിയാവുന്നതിലധികം വാഹനങ്ങളാണ് ഇതിലൂടെ കടന്നുപോകുന്നത്. വാഹനങ്ങളുടെ ബാഹുല്യം വർധിക്കുകയും റോഡുകളുടെ വലിപ്പം വർധിക്കാതിരിക്കുകയും ചെയ്യുന്ന അപകടകരമായ ഒരു സാഹചര്യമുണ്ട്.

ഡോ. മാത്യു കുഴൽനാടൻ: സർ, നമ്മുടെ വലിയ പി.ഡബ്ല്യൂ.ഡി പ്രൊജക്ടുകൾ നോക്കിയാൽ, ഇപ്പോൾ എന്റെ മണ്ഡലത്തിൽത്തന്നെ റീബിൽഡ് കേരളയുടെ 110 കോടി രൂപയുടെ ഒരു പ്രൊജക്ട് പൂർത്തീകരിച്ചു. പക്ഷേ അവിടെ അപകടങ്ങളുടെ എണ്ണം ഭയങ്കരമായി വർധിച്ചു. നമ്മുടെ പ്രൊജക്ടിന്റെ component-ൽ Road safety is with you മറ്റൊരു ministry-യിലാണ്. പി.ഡബ്ല്യൂ.ഡി-യും മറ്റ് വകുപ്പുമെല്ലാം മറ്റൊരു ministry-യിലാണ്. നമ്മുടെ വലിയ പ്രൊജക്ടുകളിൽ ഒരു മിനിമം percent ഫണ്ട് പോലും Road safety-ക്കുവേണ്ടിയില്ല. 110 കോടി രൂപയുടെ ഒരു വലിയ പ്രൊജക്ട് പൂർത്തിയായാൽ Road safety-ക്കായി you don' t have funds with you. Road safety-ക്കായി ഫണ്ട് ലഭിക്കുന്നില്ല. അതുകൊണ്ട് ഒരു കാബിനറ്റ് യോഗം ചേർന്ന് Road safety-ക്കായി ഇത്ര percentage മാറ്റിവയ്ക്കണമെന്നുള്ള നയ തീരുമാനമെടുക്കാനുള്ള നീക്കം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ? നല്ല റോഡുകളുണ്ടാകുമ്പോൾ ആ റോഡുകളിൽ പ്രത്യേകമായി

മരണനിരക്ക് ഉയരുന്നതാണെന്ന് പരിശോധിച്ചാൽ മനസിലാകും. എന്റെ മണ്ഡലത്തിലെ കക്കടാശ്ശേരി-കാളിയാർ റോഡിൽ കക്കടാശ്ശേരി ജങ്ഷനിൽമാത്രമായി ഞാൻ ഒരു പഠനം നടത്തിയതാണ്. No of accidents is highly increasing when roads are good. ഈ പ്രോജക്ടുകളുടെ ഭാഗമായി Road safety-ക്ക് ഒരു ഫണ്ടുമില്ല.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, റോഡ് സേഫ്റ്റി അതോറിറ്റി ഫണ്ട് നൽകുന്നതിന് ഒരു ലിമിറ്റ് ഉണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം ശരിയാണ്. ഒരു world bank പ്രോജക്ടാണ് പുനലൂർ-മൂവാറ്റുപുഴ-പൊൻകുന്നം റോഡ്. ടി റോഡ് എന്റെ നിയോജക മണ്ഡലത്തിലൂടെയും ബഹുമാനപ്പെട്ട അംഗം ശ്രീ. പി. എസ്. സുപാലിന്റെ നിയോജക മണ്ഡലത്തിലൂടെയും കടന്നുപോകുന്നുണ്ട്. ഈ റോഡിൽ അപകടങ്ങൾ വർധിച്ചിട്ടുണ്ടെന്ന കാര്യം ശരിയാണ്. റോഡുകൾ നല്ലതാകുന്നതോടുകൂടി പ്രത്യേകിച്ച് മോട്ടോർ സൈക്കിളുകൾ അമിതമായ വേഗത്തിലാണ് ഓടിക്കുന്നത്. ഉദാഹരണമായി അടുത്തസമയത്ത് കോന്നിയിൽ അമിതമായ വേഗത്തിൽ വാഹനമോടിക്കുകയും ഡ്രൈവർ ഉറങ്ങിപ്പോകുകയും ചെയ്തപ്പോൾ ഉണ്ടായ അപകടത്തിൽ ഒരു കുടുംബത്തിലെ നാലുപേരാണ് മരണപ്പെട്ടത്. നാഷണൽ ഹൈവേയിലാണെങ്കിലും world

bank പോലെയുള്ള പ്രൊജക്ടുകളിലാണെങ്കിലും റോഡുകൾ പ്ലാൻ ചെയ്യുമ്പോൾ Road safety-യ്ക്കായി ഫണ്ട് മാറ്റിവയ്ക്കേണ്ടതാണ്. ഇക്കാര്യം പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാം. യഥാർത്ഥത്തിൽ ഈ ചോദ്യത്തിന് മറുപടി പറയേണ്ടത് പൊതുമരാമത്ത് വകുപ്പാണ്. ഗതാഗത വകുപ്പിന് സാധിക്കുന്ന എല്ലാ സഹായങ്ങളും...... ഉദാഹരണമായി ഒരു സ്ഥലത്ത് ഒരു ബ്ലാക്ക് സ്പോട്ട് കണ്ടെത്തിയാൽ അത് റിലീസ് ചെയ്യുന്നതിനുള്ള ഫണ്ട് നൽകാം. റോഡ് സേഫ്റ്റി അതോറിറ്റി ഒരു implementing agency അല്ല. കോഴിക്കോട് കൊയിലാണ്ടിയിൽ ഒരു റോഡ് പരിഷ്കരണത്തിനായി റോഡ് സേഫ്റ്റി അതോറിറ്റി ഒരു ശിപാർശ നൽകുകയും ദൗർഭാഗ്യവശാൽ അവിടത്തെ എഞ്ചിനീയർമാർ ശിപാർശ നൽകിയ രീതിയിലല്ല പരിഷ്കരണം നടത്തിയത്. ബ്ലാക്ക് സ്പോട്ട് റെക്റ്റിഫൈ ചെയ്യപ്പെട്ടില്ലെങ്കിലും അതിനുള്ള ഫണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പ്രകാരം റോഡ് സേഫ്റ്റി അതോറിറ്റി കൊടുക്കേണ്ടിവന്നു. നമ്മുടെ എഞ്ചിനീയർമാരും ശാസ്ത്രീയമായി റോഡ് സേഫ്റ്റിയെക്കുറിച്ച് പഠിക്കേണ്ടിയിരിക്കുന്നു. പുതിയ ഒരു റോഡ് ഡിസൈൻ ചെയ്യുമ്പോൾ ഇക്കാര്യം പ്ലാൻ ചെയ്യുന്നില്ല. പുതിയ റോഡുണ്ടാകുമ്പോൾ ആളുകൾ സ്പീഡിൽ വാഹനമോടിക്കുകയും അപകടങ്ങൾ

വർധിക്കുകയും ചെയ്യുന്നു. ഇത് റോഡ് ഡിസൈൻ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യമാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ദിവസവും റോഡിൽ പൊലിയുന്ന ആളുകളുടെ എണ്ണം വർധിച്ചുവരികയാണ്. NATPAC 2016 മുതൽ റോഡ് അപകടസാധ്യതയുള്ള പ്രദേശങ്ങളെ സംബന്ധിച്ചും ബ്ലാക്ക് സ്പോട്ടുകൾ ഐഡന്റിഫൈ ചെയ്തുകൊണ്ടുമുള്ള റിപ്പോർട്ടുകൾ സർക്കാരിന് നൽകിക്കൊണ്ടിരിക്കുകയാണ്. പക്ഷേ അതിലുള്ള implementation-ന്റെ കാര്യം ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി പറയുകയുണ്ടായി. റോഡ് സേഫ്റ്റി അതോറിറ്റി ഡിസ്ട്രിക്ട് റോഡ് സേഫ്റ്റി കൗൺസലിന് ഐഡന്റിഫൈ ചെയ്ത ബ്ലാക്ക് സ്പോട്ടുകളിലെ അപകടം ഒഴിവാക്കുന്നതിനുവേണ്ടി നൽകുന്നത് വെറും 10 ലക്ഷം രൂപയാണ്, ഈ 10 ലക്ഷം രൂപയിൽ എന്ത് ചെയ്യാൻ സാധിക്കും? അതിൽത്തന്നെ ആദ്യഗഡു എന്നനിലയിൽ 5 ലക്ഷം രൂപ മാത്രമേ നൽകിയിട്ടുള്ളൂ. മനുഷ്യജീവനെ സംബന്ധിച്ചുള്ള ഒരു പ്രശ്നമെന്ന നിലയിൽ ഇക്കാര്യം വളരെ ഗൗരവമായിക്കണ്ടുകൊണ്ട് റോഡ് സേഫ്റ്റി അതോറിറ്റി, ഡിസ്ട്രിക്ട് റോഡ് സേഫ്റ്റി കൗൺസലിന് നൽകുന്ന തുക വർധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ; എന്റെ നിയോജക മണ്ഡലമായ കുണ്ടറയിലെ നാന്തിരിക്കൽ പള്ളി കഴിഞ്ഞ് തൊണ്ടിറക്കുമുക്ക്, പെരുമ്പുഴ

കഴിഞ്ഞ് ഹരിശ്രീ ഹോട്ടലിനും പേരയം കോളേജിനുസമീപം കുറിച്ചിയിൽ മുക്കുവളവ്, ആറുമുറിക്കട വളവ്, കൊല്ലം-തേനി ഹൈവേയിൽ പേരയം വരമ്പിൽ ഭാഗം എന്നിവിടങ്ങളിൽ ദിവസവും വാഹനാപകടങ്ങളും മരണങ്ങളും ഉണ്ടാകുകയാണ്. ഈ ഭാഗങ്ങളിലെ റോഡുകളുടെ വളവ്, സുരക്ഷാ സംവിധാനങ്ങൾ എന്നിവ ക്രമീകരിക്കുന്നതിനുള്ള പ്രത്യേകമായ നടപടികൾകൂടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, ജില്ലാകളക്ടർമാക്ക് കൊടുക്കുന്ന 10 ലക്ഷം രൂപ ബ്ലാക്ക് സ്പോട്ടുകൾ ക്ലിയർ ചെയ്യുന്നതിനുവേണ്ടിയല്ല, ലഘുവായ നിലയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയാണ്. ഒരു particular പ്രൊജക്ട് ഇന്നരീതിയിൽ ചെയ്താൽ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്ന റിപ്പോർട്ട് ലഭിക്കുന്നതനുസരിച്ചാണ് ഫണ്ട് നൽകുന്നത്. അത്തരത്തിൽ ഫണ്ട് ലഭിച്ച ഒരു കാര്യമാണ് കൊയിലാണ്ടിയിലെ സംഭവം. ശാസ്ത്രീയമായ പഠനം നടത്തി ഇന്നരീതിയിൽ ചെയ്യണമെന്ന് റിപ്പോർട്ട് നൽകിയാൽ റോഡ് സേഫ്റ്റി അതോറിറ്റി ഫണ്ട് അനുവദിക്കും. പക്ഷേ നാഷണൽ ഹൈവേയിൽ ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ........, ഈ അടുത്ത കാലത്ത് NH-66-ൽ പനയംപാടത്ത് ഉണ്ടായ അപകടത്തിൽ 4 കുട്ടികളാണ് മരണപ്പെട്ടത്.

അന്ന് കേരളം മുഴുവൻ ഉണർന്നുപ്രവർത്തിച്ചു. അപകടമുണ്ടായത് 13-12-2024-ലാണ്, തൊട്ടടുത്ത ദിവസമായ 14-12-2024-ൽ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയും ദേശീയപാതാ വിഭാഗവും പോലീസും പാലക്കാട് കളക്ടറേറ്റിൽ യോഗം ചേരുകയുണ്ടായി. പാലക്കാട് അപകടമുണ്ടായ സ്ഥലത്ത് എന്തൊക്കെയാണ് റെക്റ്റിഫൈ ചെയ്യേണ്ടതെന്ന ഒരു പഠനം മോട്ടോർ വാഹന വകുപ്പും പോലീസും ചേർന്ന് അപകടമുണ്ടായ ഉടൻതന്നെ നൽകിയിരുന്നു. ഈ അപകടത്തിന്റെ അടിസ്ഥാനത്തിൽ ഗതാഗത വകുപ്പുമന്ത്രിയെന്ന നിലയിൽ നാഷണൽ ഹൈവേ അതോറിറ്റിയുമായി 17-12-2024-ൽ തിരുവനന്തപുരത്ത് യോഗം ചേരുകയും അപകടമുണ്ടായ ജങ്ഷനിലെ പ്രശ്നം പരിഹരിക്കുന്നതിനായി 1 കോടി 30 ലക്ഷം രൂപ അനുവദിക്കണമെന്ന് നാഷണൽ ഹൈവേ അതോറിറ്റി ഡയറക്ടർ ശ്രീ. മീണയുമായി സംസാരിച്ച് ഉറപ്പാക്കുകയും സ്പോട്ടിൽത്തന്നെ 1 കോടി 35 ലക്ഷം രൂപ നാഷണൽ ഹൈവേയിൽനിന്നും അനുവദിച്ചുതരികയും ചെയ്തു. അതിന്റെ എല്ലാം ക്ലിയറൻസും പൂർത്തിയായി ഫണ്ട് ലഭിച്ചിട്ടുണ്ട്. അടുത്തതായി പി.ഡബ്ല്യൂ.ഡി. എഞ്ചിനീയർമാരാണ് അത് ചെയ്യേണ്ടത്. റോഡുവർക്ക് ചെയ്ത ഊരാളുങ്കൽ സൊസൈറ്റിയെക്കൊണ്ടുതന്നെ ഈ വർക്ക് ചെയ്യിക്കാനും തീരുമാനമെടുത്തു. എനിക്ക് ലഭ്യമായ അറിവനുസരിച്ച്

അടുത്ത മാസം പകുതിയോടുകൂടി വർക്കുകൾ പൂർത്തിയാക്കുമെന്നാണ് അവർ ഉറപ്പ് നൽകിയിരിക്കുന്നത്. ഇതുപോലെ ഹൈവേയുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ ബഹുമാനപ്പെട്ട അംഗം എഴുതിനൽകിയാൽ ഞാൻ ഹൈവേ അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവരികയും പരിഹരിക്കുകയും ചെയ്യാം. പ്രാദേശിക റോഡുകളിലുണ്ടായ പ്രശ്നങ്ങൾക്ക് ജില്ലാ അതോറിറ്റി മുഖേന ഒരു പ്രൊജക്ടായി ശിപാർശ നൽകിയാൽ തീർച്ചയായും അത് പരിഹരിക്കാനുള്ള നടപടികളും സ്വീകരിക്കാം.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, സംസ്ഥാനത്ത് ഉണ്ടാകുന്ന റോഡപകടങ്ങളിൽ കാൽനടയാത്രക്കാർക്കും അപകടങ്ങൾ ഉണ്ടാകാറുണ്ട്. അവർക്കുള്ള സുരക്ഷാ സംവിധാനങ്ങൾ ആലോചിച്ചിട്ടുണ്ടോ, കൂടാതെ NH-766-ൽ കൽപ്പറ്റ കൈനാട്ടി മുതൽ കാക്കവയൽ വരെ എല്ലായിടത്തുമില്ല, ചില ഏരിയകളിൽ നിരന്തരമായി അപകടങ്ങളുണ്ടാകുന്നുണ്ട്. ഇത്തരം മേഖലകളിൽ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടി റോഡ് സേഫ്റ്റി അതോറിറ്റിയുമായി ബന്ധപ്പെട്ട് എന്തൊക്കെ കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ,

കാൽനടയാത്രക്കാർക്കുണ്ടാകുന്ന അപകടത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം വളരെ ശരിയാണ്. മിക്കയാളുകളും മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ട് റോഡിലൂടെ നടക്കുന്നതാണ് ഇത്തരത്തിലുള്ള അപകടത്തിന്റെ പ്രധാന കാരണം. ഫോണിൽ സംസാരിച്ചുകൊണ്ടുനടക്കുമ്പോൾ റോഡിൽക്കൂടി വാഹനങ്ങൾ വരുന്ന കാര്യമൊന്നും അവർ അറിയുന്നില്ല, വാഹനമിടിച്ചുകഴിയുമ്പോഴാണ് അവർ അറിയുന്നത്. റോഡ് ക്രോസ് ചെയ്യുന്നതിന്റെ പാഠം അവർക്ക് അറിയില്ല. റോഡിന്റെ ഇരുവശങ്ങളും നോക്കാറില്ല, വേണമെങ്കിൽ വാഹനം നിർത്തുമെന്നാണ് അവരുടെ ധാരണ. നമ്മുടെ നാട്ടിൽ ഡ്രൈവിംഗ് പഠിച്ചവർക്കും ഡ്രൈവിംഗ് പഠിപ്പിക്കുന്ന ഇൻസ്ട്രക്ടർക്കുപോലും റോഡിൽ എന്തിനാണ് സീബ്രാ ലൈൻ വരച്ചിരിക്കുന്നതെന്ന് അറിയില്ല. ഇത് പുതുതായി പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് റോഡിലെ കാൽനടയാത്രക്കാരുടെ സുരക്ഷയെ സംബന്ധിച്ച് എന്റെ വ്യക്തിപരമായ അഭിപ്രായം പറയുകയാണെങ്കിൽ, ഇത് നമ്മൾ ഇടപെട്ട് ചെയ്യേണ്ട കാര്യമല്ല, പോലീസ് വകുപ്പ് ചെയ്യേണ്ട കാര്യമാണ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ടാൽ നടക്കുന്ന കാര്യമാണ്. നിലവിൽ വാഹനമോടിക്കുന്നവർക്ക് മാത്രമേ ഫൈൻ ഉള്ളൂ, കാൽനടയാത്രക്കാർക്ക്

റോഡിലൂടെ മൊബൈൽ ഫോണിൽ സംസാരിച്ചാലോ വാഹനത്തിന് കുറുകെ ചാടിയാലോ ഒരു ഫൈനുമില്ല, പോലീസ് നിയമത്തിൽ ഒരു ഭേദഗതി വരുത്തിക്കൊണ്ട് ഇങ്ങനെയുള്ള കാര്യങ്ങൾക്ക് ഫൈൻ ഏർപ്പെടുത്തിയാൽ അപകടങ്ങളുടെ എണ്ണം കുറയ്ക്കാൻ സാധിക്കും. കാൽനടയാത്രക്കാർ അപകടത്തിലേയ്ക്ക് എത്തിപ്പെടുകയാണ്, വാഹനമോടിക്കുന്നവരെ മാത്രം കുറ്റം പറയാൻ സാധിക്കില്ല. ഈ വിഷയത്തിൽ കാൽനടയാത്രക്കാരും വളരെയധികം ശ്രദ്ധിക്കണം. അതിനുവേണ്ടി ചില പദ്ധതികൾ നമ്മൾ തയ്യാറാക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച സ്ഥലത്തെ പ്രശ്നം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്, പെട്ടെന്ന് മറുപടി പറയാൻ സാധിക്കില്ല, ഇത് ബ്ലാക്ക് സ്പോട്ടായി NATPC പഠിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് മറുപടി നൽകാം.

(ശ്രീമതി കെ. കെ. രമ)

P.13-02-2025 9.30-9.40
GS/SO(1)SY

(ചോദ്യം നം.*122 തുടർച്ച.....)

<u>ശ്രീമതി കെ. കെ. രമ</u>: സർ, നമ്മുടെ സംസ്ഥാനത്ത് സ്വകാര്യ വാഹനങ്ങളുൾപ്പെടെ പലതരം വാഹനങ്ങൾ തീപിടിച്ച് അപകടത്തിൽപ്പെടുന്നത് പതിവായിരിക്കുകയാണ്. ഇത്തരം സംഭവങ്ങൾ

ഉണ്ടാകുമ്പോൾ നിരവധി നിരീക്ഷണങ്ങളും ഊഹാപോഹങ്ങളുമൊക്കെ പ്രചരിപ്പിക്കപ്പെടുകയാണ്. ഇതുസംബന്ധിച്ച് ശാസ്ത്രീയമായ പഠനങ്ങളും ആധികാരികമായ എന്തെങ്കിലും കണ്ടെത്തലുകളുമുണ്ടായിട്ടുണ്ടോ; അത് തടയാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത് വിശദമാക്കാമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ചില ടെക്നിക്കൽ ഡിഫക്റ്റ് കൊണ്ടാണ് പലപ്പോഴും തീയുണ്ടാകുന്നത്. തീയുണ്ടാകുമ്പോൾ കൈകാര്യം ചെയ്യേണ്ടതെങ്ങനെയെന്നുള്ള കാര്യങ്ങൾ ഡ്രൈവിങ് പഠനത്തോടൊപ്പം ബേസിക്കായി അറിഞ്ഞിരിക്കേണ്ടതാണ്. ഇപ്പോൾ വാഹനത്തിന്റെ മെക്കാനിസത്തിന് തന്നെ മാറ്റം വന്നിരിക്കുകയാണ്. അതിന്റെ ക്ലച്ചിന്റെയും ഗിയറിന്റെയും ഇലക്ട്രിക്കൽ സർക്യൂട്ടിന്റെയും മെക്കാനിസം സംബന്ധിച്ചൊന്നും ഡ്രൈവിംഗ് പഠിപ്പിക്കുന്നവർ പറഞ്ഞുകൊടുക്കാറില്ല. റോഡിൽ വാഹനം ഓടിച്ചുപോകുന്നതല്ലാതെ സാങ്കേതികമായി നമുക്ക് ഇതിനെക്കുറിച്ച് അറിയില്ല. അതുകൊണ്ട് സാങ്കേതികമായ ഒരു പ്രശ്നം ശ്രദ്ധയിൽപ്പെട്ടാൽ അത് പരിഹരിക്കാൻ വാഹനയുടമതന്നെ ശ്രമിക്കണം. പലപ്പോഴും തീപിടിക്കുന്നത് വാഹനത്തിലുണ്ടാകുന്ന ചില ഫ്രിക്ഷൻമൂലമാണ്. അത് മനസ്സിലാക്കാനോ റെക്റ്റിഫൈ ചെയ്യാനോ വാഹനയുടമയോ

ഡ്രൈവറോ തയ്യാറാകുന്നില്ല. വാഹനത്തിൽനിന്ന് പുക വരുമ്പോൾ മാത്രമാണ് അവർ അത് അറിയുന്നത്. എന്നാൽ പുക വരുമ്പോൾ പുറത്തേയ്ക്ക് ചാടിയിറങ്ങാനാല്ലാതെ വേറൊന്നും ചെയ്യാൻ അവർക്ക് അറിയില്ല. അതുകൊണ്ട് അത്തരം കാര്യങ്ങൾകൂടി ഡ്രൈവിങ് പരിശീലനത്തിന്റെ ഭാഗമാക്കി മാറ്റും. ഇപ്പോൾ കെ.എസ്.ആർ.ടി.സി. ഡ്രൈവിങ് സ്കൂളുകളിലെല്ലാം വാഹനത്തിന്റെ മെക്കാനിസംകൂടി പഠിക്കുന്നതിനുള്ള പരിശീലനമാണ് കൊടുക്കുന്നത്. ഡ്രൈവിങ് ടെസ്റ്റിന്റെ ഭാഗമായി നിർബന്ധമായി അത് പഠിപ്പിക്കുമ്പോൾ ഇത്തരത്തിലുള്ള പ്രശ്നങ്ങളെ നമുക്ക് നേരിടാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, കൊല്ലം, ചെങ്കോട്ട ദേശീയപാത മരണക്കെണിയായി മാറിക്കൊണ്ടിരിക്കുകയാണ്. ഏതാണ്ട് ഏഴ് വർഷത്തിനിടയിൽ ആയിരത്തോളം അപകടങ്ങളും 120-ത്തിലധികം മരണവുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അവിടെ ബ്ലാക്ക്സ്പോട്ടായി പ്രഖ്യാപിക്കേണ്ട ധാരാളം സ്ഥലങ്ങളുണ്ട്. ഇപ്പോഴത്തെ ശബരിമല തീർത്ഥാടന സീസണിൽ രണ്ട് അയ്യപ്പൻഭക്തർ മരണപ്പെടുകയുണ്ടായി. അവിടെ അപകടങ്ങൾ ഒഴിവാക്കാനായി പുനലൂർ ബൈപ്പാസ് പദ്ധതി പ്രൊപ്പോസൽ നമ്മൾ മുന്നോട്ടുവച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അപകടങ്ങൾ

ഒഴിവാക്കുന്നതിനുള്ള മുൻകരുതൽ നടപടികൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ഒരു മീറ്റിങ് വിളിച്ചുചേർക്കുന്നതിന് അങ്ങ് മുൻകൈയെടുക്കുമോ?

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യം ശരിയാണ്. തിരുവിതാംകൂർ രാജാവിന്റെ കാലത്തിനുമുമ്പുണ്ടായിരുന്ന ഒരു ചുരം റോഡാണിത്. പ്രസ്തുത റോഡിന് അടിസ്ഥാനപരമായ മാറ്റം വരുത്താതെ ഇതിന്റെ സർഫസ് നിരപ്പാക്കി ഒരൽപ്പം വീതി കൂട്ടുകയാണ് ചെയ്തത്. വനത്തിലൂടെയാണ് പല ഭാഗവും കടന്നുപോകുന്നത്. അതുകൊണ്ട് അതിനനുസരിച്ചിട്ടുള്ള വീതി കൂട്ടാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത റോഡിനടുത്ത് റെയിൽവേയുടെയും വനഭൂമിയുടെയും സ്ഥലമുണ്ട്. കേന്ദ്ര ഗവൺമെന്റിൽനിന്ന് ഏതെങ്കിലും ഒരു പദ്ധതി വന്നാൽമാത്രമെ പ്രസ്തുത സ്ഥലം ഏറ്റെടുത്ത് അത് വിപുലീകരിച്ച് ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുകയുള്ളൂ. എന്റെ ചെറുപ്പകാലം തൊട്ടുള്ള റോഡാണിത്. ആ റോഡിനെ കുറച്ചുകൂടി വീതികൂട്ടി അതിന്റെ സർഫസ് നന്നാക്കി എന്നല്ലാതെ ശാസ്ത്രീയമായ മാറ്റങ്ങളൊന്നുമുണ്ടാക്കാൻ സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ അദ്ദേഹത്തിനെയുംകൂടി ഉൾപ്പെടുത്തി നാഷണൽ ഹൈവേ

അതോറിറ്റിയുമായി ചേർന്ന് ഒരു യോഗം അടിയന്തരമായി വിളിച്ചുചേർക്കാം.

ശ്രീമതി ശാന്തകുമാരി കെ.: സർ, ബഹുമാനപ്പെട്ട മന്ത്രി നേരത്തെതന്നെ സൂചിപ്പിച്ചിരുന്നു. കരിമ്പ ഗ്രാമപഞ്ചായത്തിലെ പനയമ്പാടം വളവിൽ ലോറി മറിഞ്ഞ് നാല് കുട്ടികൾ മരിച്ചത് എന്റെ മണ്ഡലത്തിലെ ഏറ്റവും ദാരുണമായ സംഭവമാണ്. നാഷണൽ ഹൈവേ 966-ന്റെ താണാവ് മുതൽ നാട്ടുകൽ വരെയുള്ള ഭാഗം പണി പൂർത്തീകരിച്ചു. എന്നാൽ പനയമ്പാടം പ്രദേശം ഇപ്പോഴും ഒരു കൊട്ടുംവളവായി നിലനിൽക്കുകയാണ്. നാഷണൽ ഹൈവേയിൽ ഇത്തരത്തിൽ ഒരു വളവ് വന്നതിന്റെ ഭാഗമായി നിരവധി അപകടങ്ങൾ ഇതിനകംതന്നെയുണ്ടായി. അതിൽ ഏറ്റവും അവസാനത്തെ സംഭവമാണ് കരിമ്പ ഗവ.എച്ച്.എസ്.എസ്. ഹയർ സെക്കൻഡറി സ്കൂളിലെ നാല് കൊച്ചുമക്കൾ മരണപ്പെട്ടത്. അതുകൊണ്ട് നാഷണൽ ഹൈവേയിലെ ഈ കൊട്ടും വളവ് നിവർത്തി അപകടസാധ്യത ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഒരു കോടി മുപ്പത് ലക്ഷം രൂപ പാസ്സാക്കിയിരുന്നുവെങ്കിലും ഇതുവരെ പ്രശ്നത്തിന് പരിഹാരമായിട്ടില്ല. ഇക്കാര്യം പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയുടെകൂടി ശ്രദ്ധയിൽപ്പെടുത്തുന്നു. ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി

സ്വീകരിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഇക്കാര്യത്തെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട അംഗം വളരെയധികം താൽപ്പര്യം കാണിച്ച വിഷയമാണ്. അവിടെ വളരെ ദു:ഖകരമായ സംഭവമാണ് നടന്നത്. ഈ അപകടം 12-12-2024-ന് നടന്നുവെങ്കിൽ 17-12-2024-ന് വിളിച്ച യോഗത്തിൽ ഒരു കോടി മുപ്പത്തിയഞ്ച് ലക്ഷം രൂപ അനുവദിച്ചു. യുദ്ധകാല അടിസ്ഥാനത്തിലാണ് ഇത് ചെയ്തത്. കേന്ദ്ര ഉപരിതല ഗതാഗത, ദേശീയ പാതാ വകുപ്പിൽനിന്ന് ഒരു കോടി മുപ്പത്തിയഞ്ച് ലക്ഷം രൂപ അഞ്ച് വർക്കുകളായി തിരിച്ചുകൊണ്ട് അനുവദിച്ച് കിട്ടിയെന്ന് പറയുന്നതുതന്നെ വലിയൊരു ഭാഗ്യമാണ്. ഇനിയത് എത്രയും പെട്ടെന്ന് നടപ്പിലാക്കും. ഈ വളവ് നിവർത്തുന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. നാഷണൽ ഹൈവേ അതോറിറ്റി ലാൻഡ് അക്വിസിഷനുവേണ്ടി ഒരു പദ്ധതി നടപ്പാക്കണം. അത് നമുക്ക് ശ്രദ്ധയിൽപ്പെടുത്താം. എത്ര പെട്ടെന്ന് അത് നടക്കുമെന്ന് പറയാൻ സാധിക്കില്ല. കാരണം, അത് പൊതുമരാമത്ത് വകുപ്പല്ല ചെയ്യേണ്ടത്. നാഷണൽ ഹൈവേ അതോറിറ്റിയാണ് നിർവഹിക്കേണ്ടത്. പ്രസ്തുത റോഡിന്റെ പണി പൂർത്തിയായി കഴിഞ്ഞിരിക്കുന്നു. ഊരാളുങ്കൽ

സൊസൈറ്റിയാണ് ചെയ്തത്. ഒരു പ്രത്യേക തീരുമാനമെന്ന നിലയിൽ ഊരാളുങ്കൽ സൊസൈറ്റിയെക്കൊണ്ട് ഒരു കോടി മുപ്പത്തിയഞ്ച് ലക്ഷം രൂപയുടെ ഒരു റെക്ടിഫിക്കേഷൻ അവിടെ നടത്തുകയാണ്. വളവ് നിവർത്തണമെങ്കിൽ ആ ജംഗ്ഷനിൽ ഒരുഭാഗത്തുള്ള കടകൾ മുഴുവൻ മാറ്റേണ്ടതുണ്ട്. അതിന്റെ ലാൻഡ് അക്വിസിഷന് നാഷണൽ ഹൈവേ അതോറിറ്റി തയ്യാറാകുമോയെന്നുള്ളത് അവരുമായി ചേർന്ന് ആലോചിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ പെട്ടെന്നൊരു ഉറപ്പ് പറയാൻ സാധിക്കില്ല. സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കാര്യമല്ല. ഇനി അപകടങ്ങളുണ്ടാവാതിരിക്കാനുള്ള നടപടി താൽക്കാലികമായി സ്വീകരിക്കാം. റോഡിന്റെ ഡിസൈനിലുള്ള അപാകതയാണ് ഈ അപകടത്തിനെല്ലാം കാരണമായി തീർന്നത്.

ശ്രീ. പ്രമോദ് നാരായണൻ: സർ, ശബരിമല തീർത്ഥാടനം സുഗമവും സുരക്ഷിതവുമാക്കുന്നതിന് ശ്രദ്ധേയമായ പങ്കാണ് മോട്ടോർ വാഹന വകുപ്പിന്റെ സേഫ് സോൺ പദ്ധതി വഹിച്ചത്. ബഹുമാന്യനായ മന്ത്രി നേരിട്ട് സന്ദർശിച്ച ളാഹ വലിയ വളവുൾപ്പെടെയുള്ള സ്ഥലങ്ങളിൽ ശബരിമല തീർത്ഥാടകർക്ക് കൂടുതൽ സുരക്ഷ ഉറപ്പാക്കാൻ പ്രത്യേകമായ പദ്ധതി നടപ്പിലാക്കുമോ?

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ശബരിമല സേഫ് സോൺ പദ്ധതി വളരെ വിജയകരമായി നടത്തിവരുന്ന പദ്ധതിയാണ്, ഈ വർഷവും അത് കൃത്യമായി നടത്താൻ കഴിഞ്ഞു. അന്യസംസ്ഥാനങ്ങളിൽനിന്നു വരുന്ന വാഹനങ്ങളിലെ ഡ്രൈവർമാരുടെ ഇവിടത്തെ റോഡുകളിലെ പരിചയക്കുറവും വിശ്രമത്തിന്റെ കുറവുമൊക്കെയാണ് ഇപ്രാവശ്യം ചില അപകടങ്ങൾ സൃഷ്ടിക്കാനിടയായത്. എന്നാൽ റോഡിന്റെ അപാകതകൾ മൂലമുള്ള അപകടങ്ങൾ എം.എൽ.എ. ശ്രദ്ധയിൽപ്പെടുത്തുകയും ഞാനവിടെ സന്ദർശിക്കുകയും അപ്പോൾത്തന്നെ ആവശ്യമായ മാർക്കിംഗും മറ്റ് ക്രമീകരണങ്ങളുമൊക്കെ ചെയ്തുകൊണ്ട് അത് പരിഹരിക്കാൻ കഴിഞ്ഞു. അതുകൊണ്ട് അപകടങ്ങൾ കുറഞ്ഞിട്ടുണ്ട്. ഇനിയും അപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി പ്രസ്തുത പദ്ധതി വളരെ മികച്ച നിലയിൽത്തന്നെ മുന്നോട്ടുപോകും. ഈ വർഷം വാഹനങ്ങളുടെ എണ്ണത്തിൽ കുറവുണ്ടായിരുന്നു. അതെല്ലാം പരിഹരിച്ച് പുതിയ വാഹനങ്ങൾ വാങ്ങാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ സുതാര്യമായി മികച്ച നിലയിൽ അടുത്ത വർഷങ്ങളിൽ മുന്നോട്ടുകൊണ്ടുപോകും.

(ചോദ്യം നം. *123)

P.13-02-2025 GS/SO(1)
9.30-9.40

## പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത

(*123)ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എം. എം. മണി:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി ഘടക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) അത്യുല്പാദന ശേഷിയുള്ള പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ,

(എ) പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തതയിലേക്ക്

എത്തുന്നതിനുള്ള വിപുലമായ പരിപാടികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കാൻ പോകുന്നത്. അതിന്റെ ഭാഗമായുള്ള നടപടികൾക്ക് തുടക്കംകുറിച്ചിട്ടുണ്ട്. ഓണക്കാലത്ത് ആവശ്യമായ പച്ചക്കറിയുടെ ഭൂരിപക്ഷവും സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന സാഹചര്യമുണ്ട്.

നാഷണൽ സാമ്പിൾ സർവെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് പ്രതിവർഷം 20 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത്. 2022-23 വർഷത്തിൽ 1.14 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 17.10 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപാദിപ്പിക്കുകയും ചെയ്യുന്നതിന് സാധ്യമായി. 2023-24 സാമ്പത്തിക വർഷത്തിൽ 1.15 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും അതിലൂടെ 17.21 ലക്ഷം മെട്രിക് ടൺ പച്ചക്കറികൾ ഉൽപാദിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. 2028-29 സാമ്പത്തിക വർഷത്തോടെ പച്ചക്കറി ഉൽപാദനത്തിൽ ഘട്ടം ഘട്ടമായി സ്വയംപര്യാപ്തതയിൽ എത്തുകയെന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ ജനകീയ പങ്കാളിത്തത്തോടെയും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞത്തിന് തുടക്കംകുറിക്കുകയാണ്. ഈ പദ്ധതിയിൽ സമഗ്ര കാഴ്ചപ്പാടോടെ കൃഷി വകുപ്പിന്റെ വിവിധ കാർഷിക പദ്ധതികൾ സംയോജിപ്പിക്കുകയും വിവിധ

വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പച്ചക്കറി വിസ്തൃതിയും ഉൽപാദനവും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് ഒരു സമഗ്ര പദ്ധതി ആസൂത്രണം ചെയ്യുവാൻ സർക്കാർ തീരുമാനിച്ചതിന്റെയടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ യോഗം ചേരുകയും ഇക്കാര്യത്തിനായി ഒരു ജനകീയ പദ്ധതി ആസൂത്രണം ചെയ്ത് അടുത്ത അഞ്ചുവർഷത്തിനുള്ളിൽ സംസ്ഥാനത്തെ പച്ചക്കറിയിൽ സ്വയം പര്യാപ്തതയിൽ എത്തിക്കാൻ തീരുമാനിക്കുകയും ചെയ്തു. ‘ ’ സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞം” എന്ന പേരിൽ ആരംഭിക്കുന്ന ഈ ജനകീയ പദ്ധതിയിൽ വിവിധ വകുപ്പുകൾ, ജനപ്രതിനിധികൾ, സാമൂഹ്യ രാഷ്ട്രീയ സംഘടനകൾ തുടങ്ങിയവരുടെ പങ്കാളിത്തം ഉറപ്പാക്കാനും തദ്ദേശഭരണ സ്ഥാപനങ്ങളും കൃഷിവകുപ്പും നേതൃത്വം നൽകാനും തീരുമാനിച്ചു. പദ്ധതി പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തതയും സുരക്ഷിത പച്ചക്കറികളുടെ ഉൽപാദനവും ലക്ഷ്യമിട്ടുകൊണ്ട് വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയും വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷിയും പ്രോത്സാഹിപ്പിക്കുക, വിദ്യാർത്ഥികളിൽ കാർഷിക സംസ്കാരം ഉണർത്തുവാനും പച്ചക്കറി

ഉൽപാദനം വർദ്ധിപ്പിക്കുവാനും ഉദ്ദേശിച്ച് സ്കൂളുകൾ, കോളേജുകൾ കേന്ദ്രീകരിച്ച് പച്ചക്കറി പദ്ധതികൾ നടപ്പിലാക്കുക എന്നിവ ലക്ഷ്യമിടുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സങ്കരയിനങ്ങൾ ഉൾപ്പെടെയുള്ള പച്ചക്കറി വിത്തുകളുടെയും തൈകളുടെയും വിതരണം, പോഷകത്തോട്ടങ്ങളുടെ രൂപീകരണം, ദീർഘകാല പച്ചക്കറി വിളകളുടെ തൈ വിതരണം, പച്ചക്കറി തൈകളോടുകൂടിയ മൺചട്ടി/ HDPE ചട്ടികളുടെ വിതരണം, മഴമറ നിർമ്മാണം എന്നിവയും വാണിജ്യാടിസ്ഥാനത്തിൽ ക്ലസ്റ്ററുകൾ, സ്റ്റാഗേർഡ് ക്ലസ്റ്ററുകൾ എന്നിവയിലൂടെയുള്ള പച്ചക്കറി കൃഷി, ശീതകാല പച്ചക്കറി കൃഷി, പരമ്പരാഗത ഇനങ്ങളുടെ പച്ചക്കറി കൃഷി, തുറസ്സായ സ്ഥലത്തെ കൃത്യതാകൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക എന്നിവയും ലക്ഷ്യങ്ങളാണ്. ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നൽകി " പോഷക സമൃദ്ധി മിഷൻ" , സുരക്ഷിത പച്ചക്കറിക്കായി " ജൈവ കാർഷിക മിഷൻ" മുതലായവയും മേഖലയിലെ ഇടപെടലുകളാണ് .

കൃഷി സമൃദ്ധി പദ്ധതിയുടെ ഭാഗമായി 107 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത് പച്ചക്കറി കൃഷി പ്രോത്സാഹനവും ഘടകമായി ഉൾപ്പെടുത്തിയിട്ടുണ്ട്. അടുത്ത

സാമ്പത്തികവർഷങ്ങളിൽ കൃഷി സമൃദ്ധി പദ്ധതി കൂടുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതോടെ ഗ്രൂപ്പ് അടിസ്ഥാനത്തിൽ തുറസ്സായ സ്ഥലത്തെ കൃത്യതാകൃഷി, സങ്കരയിനം പച്ചക്കറി തൈ വിതരണം, പോഷകത്തോട്ടം, മഴമറ നിർമ്മാണം എന്നീ ഘടകങ്ങൾ സംയോജിപ്പിച്ചുകൊണ്ട് പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയാണ് ലക്ഷ്യം. തരിശു ഭൂമികൾ കൃഷിയോഗ്യമാക്കാൻ ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നവോ-ധൻ പദ്ധതിയിൻ കീഴിൽ കൂടുതൽ കൃഷിയിടങ്ങൾ കർഷകർക്കും കൃഷിക്കൂട്ടങ്ങൾക്കും കർഷക ഉൽപാദന സംഘടനകൾക്കും കണ്ടെത്തി നൽകി വാണിജ്യ അടിസ്ഥാനത്തിലും പ്രാദേശിക ആവശ്യങ്ങൾ നിറവേറ്റുന്ന രീതിയിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ഹൈടെക് കൃഷി രീതികൾ അനുവർത്തിച്ച് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനാൽ ഉൽപാദനക്ഷമത വർദ്ധിപ്പിക്കാനും കാലാവസ്ഥാവ്യതിയാനം കീടരോഗശല്യം എന്നിവ ചെറുക്കുവാനും സാദ്ധ്യമാകും. കേന്ദ്രാവിഷ്കൃത പദ്ധതികളായ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH), രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) എന്നിവയുടെ സാമ്പത്തിക

സഹായത്തോടെയുള്ള പദ്ധതികൾ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖേന നടപ്പിലാക്കി വരുന്നു. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) പദ്ധതിയിലുൾപ്പെടുത്തി പച്ചക്കറി വിത്തുൽപാദനത്തിനായി ഹെക്ടറിന് 35,000 രൂപ നിരക്കിൽ പൊതുമേഖല സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിനായി MIDH വാർഷിക പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്. MIDH പദ്ധതിയിലുൾപ്പെടുത്തി കർഷകർക്ക് സങ്കരയിനം പച്ചക്കറി കൃഷി ചെയ്യുന്നതിന് ഹെക്ടർ ഒന്നിന് 20,000 രൂപനിരക്കിൽ ധനസഹായം നൽകി വരുന്നു. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ആകെ 255.5 ലക്ഷം രൂപ പച്ചക്കറി വിത്തുൽപാദനത്തിനും 1104.291 ലക്ഷം രൂപ ഹൈബ്രിഡ് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിനിയോഗിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പച്ചക്കറി കൃഷിയുടെ വ്യാപനം ലക്ഷ്യമിട്ട് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന പച്ചക്കറി വികസന പദ്ധതി, വി.എഫ്.പി.സി.കെ., സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ എന്നിവ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന പച്ചക്കറി വികസന പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

a. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി

b. വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി

c. തുറസ്സായ സ്ഥലത്തെ കൃത്യതാകൃഷി

d. സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി

പച്ചക്കറി വികസന പദ്ധതിയുടെ ഘടകങ്ങൾ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം – I ൽ കണ്ടാലും.*

2. വി.എഫ്.പി.സി.കെ. മുഖേന നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ

a. ഗുണമേൻമയുള്ള നടീൽ വസ്തുക്കളുടെ ഉൽപാദനവും വിതരണവും

b. ഹൈബ്രിഡ് പച്ചക്കറി വിത്തുൽപാദനം

c. കൃഷി ബിസിനസ്സ് കേന്ദ്ര (കെ.ബി.കെ)

d. പച്ചക്കറി കൃഷി പ്രോത്സാഹനം

പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി വി.എഫ്.പി.സി.കെ മുഖേന നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളുടെ വിവരങ്ങൾ അനുബന്ധം – II ൽ കണ്ടാലും.*

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

3. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) പദ്ധതിയിലുൾപ്പെടുത്തി പച്ചക്കറി വിത്തുൽപാദനം, ഹൈബ്രിഡ് പച്ചക്കറി കൃഷി പ്രോത്സാഹനം എന്നീ ഘടകങ്ങൾ നടപ്പിലാക്കി വരുന്നു. രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ ശീതകാല പച്ചക്കറികളുടെ ഉൽപാദനം വർദ്ധിപ്പിക്കൽ, ശക്തിപ്പെടുത്തൽ, വിളവെടുപ്പിനുശേഷമുള്ള അടിസ്ഥാനസൗകര്യങ്ങൾ, വിതരണശൃംഖല, ഉത്തമ കാർഷിക മുറകൾ അവലംബിച്ച് പഴങ്ങളുടെയും പച്ചക്കറികളുടെയും മൂല്യ ശൃംഖല ശക്തിപ്പെടുത്തൽ, കൃത്യതാ കൃഷി, അർക്ക വെർട്ടിക്കൽ ഗാർഡൻ എന്നി ഘടകങ്ങൾ നടപ്പിലാക്കിവരുന്നു.

(ഡി) ഉണ്ട്. കേരള കാർഷിക സർവകലാശാല പച്ചക്കറിയുടെ 10 ഇനം ഹൈബ്രിഡുകൾ വികസിപ്പിച്ചിട്ടുണ്ട്. വി.എഫ്.പി.സി.കെ. മുഖേന അത്യുൽപാദനശേഷിയുള്ള പച്ചക്കറിവിത്തുകളും തൈകളും കർഷകർക്ക് ലഭ്യമാക്കുന്നതിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾചറൽ റിസർച്ച്, കേരള കാർഷിക സർവകലാശാല എന്നിവരുമായി ചേർന്ന് സങ്കര

വിത്തുൽപാദനം ആരംഭിച്ചിട്ടുണ്ട്. പച്ചക്കറി വികസന പദ്ധതിക്കുകീഴിൽ അത്യുല്പാദനശേഷിയുള്ള വിത്തുകൾ, തൈകൾ എന്നിവ ഉൽപാദിപ്പിച്ച് കർഷകർക്ക് സൗജന്യമായി വിതരണം നടത്തി വരുന്നുണ്ട്. 2023-24, 2024-25 വർഷങ്ങളിലായി 14.7 ലക്ഷം ഹൈബ്രിഡ് വിത്ത് പായ്ക്കറ്റുകളും 165.41 ലക്ഷം ഹൈബ്രിഡ് തൈകളും കൃഷി വകുപ്പ് മുഖേന കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്.

പച്ചക്കറി വിത്ത്, തൈകൾ (സങ്കരയിനം ഉൾപ്പെടെ), മറ്റ് കാർഷികോൽപാദനോപാധികൾ കൃഷി വകുപ്പ് ഫാമുകൾ, കേരള കാർഷിക സർവകലാശാല തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിൽനിന്നും, ബ്ലോക്ക് തല നഴ്സറികൾ, അഗ്രോ സർവീസ് സെന്റർ, കൃഷിക്കൂട്ടങ്ങൾ, കാർഷിക കർമ്മസേന, ഇക്കോഷോപ്പ്, എ ഗ്രേഡ് ക്ലസ്റ്റർ, ബി.എൽ.എഫ്.ഒ. നഴ്സറി തുടങ്ങിയ വിവിധ ഏജൻസികളിൽനിന്നും ഉൽപാദിപ്പിച്ച് വിവിധ പദ്ധതികളുമായി സംയോജിപ്പിച്ച് സമയബന്ധിതമായും കാര്യക്ഷമമായും വിതരണം നടത്തി പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗ്രാഫ്റ്റഡ് പച്ചക്കറി തൈകൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും പച്ചക്കറി തൈകൾ ഉൽപാദിപ്പിക്കുന്നതിനും കർഷകർക്ക് സൗജന്യ നിരക്കിൽ അവ

ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും ഹൈബ്രിഡ് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹൈബ്രിഡ് പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ ലഭ്യമാക്കുന്നതിനും അത്യുൽപാദനശേഷിയുള്ള പച്ചക്കറി വിത്തുകൾ ലഭ്യമാക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കി വരുന്നു.

2024-25 സാമ്പത്തിക വർഷം സർക്കാരിന്റെ വിവിധ പദ്ധതികൾക്കാവശ്യമായ 23.01 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 43.51 ലക്ഷം പച്ചക്കറി തൈകളും കൗൺസിൽ ലഭ്യമാക്കിയിട്ടുണ്ട്. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH), റീബിൽഡ് കേരള ഇനീഷ്യയേറ്റിവ് (RKI) എന്നിവയുടെ സാമ്പത്തിക സഹായത്തോട് കൂടി കേരള കാർഷിക സർവകലാശാലയുടെ കീഴിൽ വയനാട് ജില്ലയിലെ അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ 2024-25-ൽ പ്രവർത്തനം ആരംഭിച്ച പച്ചക്കറി, പുഷ്പങ്ങൾ എന്നിവയുടെ മികവിന്റെ കേന്ദ്രത്തിലൂടെ അത്യുൽപാദനശേഷിയുള്ള സങ്കര ഇനം പച്ചക്കറി തൈകൾ കർഷകർക്ക് ലഭ്യമാക്കി വരുന്നു. അത്യുൽപാദനശേഷിയുള്ള പച്ചക്കറി വിത്തുകളും തൈകളും കേരളത്തിലുടനീളമുള്ള കാർഷിക സർവകലാശാലാ കേന്ദ്രങ്ങളിൽ ഉൽപാദിപ്പിച്ച് വിൽപന നടത്തി വരുന്നു. 2024 നവംബർ മാസം സംസ്ഥാന സീഡ് സബ്കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച 15

വിളയിനങ്ങൾ കാർഷിക സർവകലാശാല വികസിപ്പിച്ചവയാണ്. രണ്ട് പാവൽ ഹൈബ്രിഡുകളും അത്യുൽപാദനശേഷിയുള്ള 89 ഇനം പച്ചക്കറി വിത്തുകൾ കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. കഴിഞ്ഞ 3 വർഷങ്ങളിലായി 25.72 ടൺ പച്ചക്കറി വിത്തുകളും 66.18 ലക്ഷം പച്ചക്കറി തൈകളും സർവകലാശാല കർഷകർക്കായി ഉൽപാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്തതയിലെത്താൻ വീട്ടുമുറ്റത്തും മട്ടുപാവിലും പച്ചക്കറി, നമ്മളും കൃഷിയിലേക്ക്, ഓണത്തിന് ഒരു മുറം പച്ചക്കറി എന്നിവ സർക്കാരിന്റെ വിവിധ പദ്ധതികളാണ്. എന്റെ നിയോജകമണ്ഡലത്തിൽ Vegetable and Fruit Promotion Council Keralam (VFPCK) മുഖാന്തരം പച്ചക്കറി കൃഷി നടത്തി ഒരു കോടി രൂപ ടേൺ ഓവറുണ്ടാക്കിയ പനങ്ങാട്ടിരി ശിവദാസനെ ആദരിക്കുന്നതിനുവേണ്ടി പൗരസമിതി തീരുമാനിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രിതന്നെ വന്ന് ആദരവ് നൽകി അഭിനന്ദിച്ചിരുന്നു. ഈ സർക്കാർ അധികാരമേറ്റപ്പോൾ സംസ്ഥാനത്ത് ആഭ്യന്തര പച്ചക്കറി ഉൽപാദനം എത്രയായിരുന്നു; ഇപ്പോൾ വർധനവുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, കേരളത്തിൽ പച്ചക്കറി ഉൽപാദനത്തിന്റെ

കാര്യത്തിൽ നല്ല വർധനയുണ്ടായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതാണ്ട് 15 ലക്ഷത്തോളം ടൺ പച്ചക്കറിയാണ് ഉൽപാദിപ്പിച്ചിരുന്നതെങ്കിൽ ഇപ്പോൾ അത് 17.21 ലക്ഷം ടണ്ണായി വർധിപ്പിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ കാർഷിക മേഖലയിൽ നല്ല ഇടപെടൽ നടത്തുന്നതിന്റെ ഭാഗമായി വിജയകരമായി കൃഷി നടത്തുന്ന കൃഷിക്കാരനെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. അദ്ദേഹത്തിന് ഒരു കോടി രൂപ വരുമാനമുണ്ടാക്കാൻ കഴിഞ്ഞു. അദ്ദേഹത്തിന് ഞങ്ങളെല്ലാവരും പോയി സ്വീകരണം കൊടുക്കുകയുമുണ്ടായി. പച്ചക്കറി ഉൽപാദനത്തിന്റെ പൂർണ്ണതയിലേക്ക് കേരളം എത്തുകയെന്നുള്ളതാണ് നമ്മൾ ആഗ്രഹിക്കുന്നത്. അതുകൊണ്ട് കേരളത്തിനാവശ്യമായ പച്ചക്കറി കേരളത്തിൽതന്നെ ഉൽപാദിപ്പിക്കാൻ ജനകീയ പങ്കാളിത്തോടുകൂടിയുള്ള ഒരു ശ്രമം നടത്തുകയെന്നാണ് സർക്കാർ ലക്ഷ്യം വച്ചിരിക്കുന്നത്.

(ശ്രീ. കെ. ബാബു (നെന്മാറ))

P 13-02-2025 MR-SO(1)
9.40-9.50

(ചോദ്യം നമ്പർ *123 - തുടർച്ച)

ശ്രീ. കെ. ബാബു (നെന്മാറ): സർ, സംസ്ഥാനത്ത് 64 അഗ്രികൾച്ചറൽ ഫാമുകളുണ്ട്. നെല്ലിയാമ്പതി ഓറഞ്ച് ആൻഡ് വെജിറ്റബിൾ ഫാമിൽ ഓറഞ്ചിനുപുറമെ 20 ഇനം ശീതകാല പച്ചക്കറികൾ കൃഷി ചെയ്യുന്നുണ്ട്. അവിടെ നാട്ടുപഴങ്ങളും കാട്ടുപഴങ്ങളും വിദേശ ഇനങ്ങളുൾപ്പെടെ 50 ഇനം ഫലവൃക്ഷത്തൈകളുണ്ട്. ഓർക്കിഡ് ഉൾപ്പെടെ 100 കണക്കിന് ഇനം പൂച്ചെടികളുണ്ട്. 67 മൂല്യവർധിത ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുന്നുണ്ട്. ഓറഞ്ച് ഗ്രാഫ്റ്റ്, പാഷൻ ഫ്രൂട്ട്, അപൂർവയിനം മാവുകളുൾപ്പെടെ മൂന്നു ലക്ഷത്തോളം തൈകളും ഉൽപ്പാദിപ്പിക്കുന്നുണ്ട്. അഞ്ചേക്കറിൽ ഫാം ടൂറിസം പരിപോഷിക്കപ്പെടുന്നുണ്ട്. കഴിഞ്ഞ ആറാം തീയതി മുതൽ പത്താം തീയതിവരെ അവിടെ അഗ്രിഫെസ്റ്റ് നാച്വറ എന്ന പേരിൽ ഞങ്ങൾ അഗ്രിഫെസ്റ്റ് സംഘടിപ്പിച്ചു. അത് ഉദ്ഘാടനം ചെയ്തതും ബഹുമാനപ്പെട്ട വകുപ്പുമന്ത്രി തന്നെയാണ്. 40000-ത്തിലധികം വരുന്ന ടൂറിസ്റ്റുകളാണ് അവിടേയ്ക്ക് വന്നത്. അവിടെനിന്നും വാങ്ങിക്കുന്ന ടിക്കറ്റിന്റെ ഒരുവിഹിതം ഇത്തരത്തിൽ അഗ്രിഫാം ഫെസ്റ്റ് സംഘടിപ്പിക്കുന്നതിന് അനുവദിക്കണം എന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്. ഉയർന്ന ഉൽപ്പാദനക്ഷമതയുള്ള

ഹൈബ്രിഡ് പച്ചക്കറിയിനങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്? അതോടൊപ്പം എല്ലാ നിയമസഭാ സാമാജികന്മാരേയും പാവങ്ങളുടെ ഊട്ടി എന്ന് വിശേഷിപ്പിക്കപ്പെടുന്ന നെല്ലിയാമ്പതിയിലേക്ക് സ്വാഗതം ചെയ്യുകയാണ്.

ശ്രീ. പി. പ്രസാദ്: സർ, അദ്ദേഹം പറഞ്ഞത് ഏറ്റവും പ്രസക്തമായ മൂന്ന് കാര്യങ്ങളാണ്. നെല്ലിയാമ്പതി പാവങ്ങളുടെ ഊട്ടി എന്നറിയപ്പെടുന്ന ഏറ്റവും മനോഹരമായ ഒരു സ്ഥലമാണ്. നെല്ലിയാമ്പതിയിലെ പ്രകൃതിഭംഗി ആസ്വദിക്കാൻ, നെല്ലിയാമ്പതിയിലെ ഫാം സന്ദർശിക്കാൻ നമ്മൾ എല്ലാവരും സമയം കണ്ടെത്തുന്നത് നല്ലതായിരിക്കും. അത് ഏറ്റവും നല്ലൊരു അനുഭവമായിരിക്കും. രണ്ട്, ഫാം ടൂറിസത്തിന് ഗവൺമെന്റ് നല്ല പ്രാധാന്യം കൊടുക്കുന്നുണ്ട്. ഫാം ടൂറിസത്തിന്റെ ഭാഗമായി വിവിധങ്ങളായ ഫാമുകളിൽ, നേരത്തെ പറഞ്ഞ 64 ഫാമുകളാണ് ഗവൺമെന്റിന്റെ കൈവശമുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകിച്ച് ജില്ലാ പഞ്ചായത്തിന്റെ കൂടി നിയന്ത്രണത്തിലാണ് ചില ഫാമുകളുള്ളത്. 64 ഫാമുകളിലും ഫാം ഫെസ്റ്റിവെൽ സംഘടിപ്പിക്കാനാണ് കൃഷിവകുപ്പ് ആലോചിച്ചിരിക്കുന്നത്. നല്ല വരുമാനം ഇതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുണ്ട്. തീർച്ചയായും ആ ഫാം ഫെസ്റ്റ് സംഘടിപ്പിക്കുന്നതിന് ആവശ്യമായ ഒരു സഹായം അവിടെ

ലഭ്യമാകുന്ന വരുമാനത്തിൽ നിന്ന് കണ്ടെത്തി നൽകുന്ന കാര്യംകൂടി ഗവൺമെന്റ് അനുഭാവപൂർവം പരിഗണിക്കുന്നതായിരിക്കും. ഈ ഹൈബ്രിഡ് ഇനങ്ങളെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞ മറ്റൊരു സുപ്രധാന കാര്യം. നെല്ലിയാമ്പതിയിലെ സവിശേഷമായ പ്രത്യേകത ഞാൻ കൂടുതൽ പറയുന്നില്ല. നിരവധിയായ ഉൽപ്പന്നങ്ങൾ അവിടെ ഉല്പാദിപ്പിക്കുന്നുണ്ട്. കേരളത്തിലെ ഫാമുകളിൽ നിന്നുതന്നെ 195 ഉൽപ്പന്നങ്ങളാണ് 'കേരളാ ഗ്രോ' എന്ന ബ്രാൻഡ് നെയിമിൽ നമ്മൾ Intellectual Properties Rights Act അനുസരിച്ച് റജിസ്റ്റർ ചെയ്ത ട്രേഡ് നെയിമാണ് 'കേരളാ ഗ്രോ' എന്നുള്ളത്. 195 ഉൽപ്പന്നങ്ങൾ നമ്മുടെ ഫാമുകളിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്നുണ്ട്. നമ്മുടെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന 746 ഉൽപ്പന്നങ്ങൾക്ക് കേരളാ ഗ്രോ എന്നുള്ള ബ്രാൻഡ് നെയിം കൊടുത്തിട്ടുണ്ട്. ഇതിന് മാത്രമായി പ്രത്യേക ഷോപ്പുകളും നമ്മൾ ആരംഭിച്ചിട്ടുണ്ട്. ഇങ്ങനെയെല്ലാം ചെയ്യുമ്പോൾ കൃഷിക്കാർ ഉൾപ്പെടെ ഞങ്ങളോട് പറഞ്ഞിരുന്ന ഒരുകാര്യം ഹൈബ്രിഡായിട്ടുള്ള വിത്തിനങ്ങളും തൈകളും വേണമെന്നുള്ളതാണ്. പരമ്പരാഗത ഇനങ്ങൾ മാത്രമാണ് കൃഷിവകുപ്പ് നൽകികൊണ്ടിരുന്നത്. വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകർ ആവശ്യപ്പെട്ടിരുന്ന ഏറ്റവും പ്രധാനപ്പെട്ടൊരു കാര്യം ഹൈബ്രിഡ് വിത്തുകൾ

ലഭ്യമാക്കണം എന്നുള്ളതായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദ്യമായി ഹൈബ്രിഡ് വിത്തുകൾ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഹൈബ്രിഡ് വിത്തുകളുടെ എണ്ണം വർധിപ്പിക്കുന്നതിനുവേണ്ടി വി.എഫ്.പി.സി.കെ.-യെ ചുമതലപ്പെടുത്തി. ആലത്തൂരിലാണ് അതിനുവേണ്ടി പ്രത്യേകമായി കർഷകരെ പരിശീലിപ്പിച്ചത്. അഞ്ച് ഏക്കറിലാണ് ആ വിത്തുകളും തൈകളും ഉൽപ്പാദിപ്പിക്കാനുള്ള സൗകര്യം ഒരുക്കിയത്. ആദ്യമായാണ് കേരളത്തിൽ അങ്ങനെ നമ്മൾ ചെയ്യുന്നത്. കാർഷിക സർവകലാശാലയിൽ നിന്നും Indian Institute of Horticultural Research (IIHR)-ഉം വികസിപ്പിച്ചെടുത്ത ഏറ്റവും പുതിയ ഇനങ്ങളാണ് നമ്മൾ വാങ്ങി അതിന്റെ മാതൃ-പിതൃ സംഭവം കൂടി കൊണ്ടുവന്ന് അവയുടെ കൂടുതൽ എണ്ണം ഉണ്ടാക്കുന്ന തരത്തിലേയ്ക്ക് നീങ്ങിയത്. കൃഷിക്കാർക്ക് കൂടുതലായി ഹൈബ്രിഡ് വിത്തുകളും തൈകളും കൊടുക്കുന്ന പരിപാടി ആരംഭിച്ചിട്ടുണ്ട്. അത് വ്യാപിപ്പിക്കുന്നതായിരിക്കും. അതോടൊപ്പംതന്നെ നാടൻ ഇനങ്ങളെയും സംരക്ഷിച്ചുകൊണ്ട് വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കാൻ വേണ്ടിയും അവരുടെ ആവശ്യം അനുസരിച്ചും ചെയ്യുന്നതാണ്. 'കൃഷി ദർശൻ' പോലുള്ള പരിപാടികളിൽ കർഷകരും കർഷകരുടെ സംഘടനകളും

ഉന്നയിച്ച ഏറ്റവും സുപ്രധാനമായ കാര്യം എന്ന നിലയ്ക്കാണ് അതിനെ നമ്മൾ കണക്കിലെടുത്തത്. തീർച്ചയായും ഇക്കാര്യത്തിൽ കർഷകരെ സഹായിക്കാൻ വേണ്ടിയുള്ള ഇടപെടൽ നടത്തുന്നതായിരിക്കും.

ശ്രീ. എം. എം. മണി: സർ, വിഷരഹിത പച്ചക്കറികൾ ജനങ്ങളിലേക്ക് എത്തിക്കാനും പച്ചക്കറിയുടെ ഉപഭോഗം വർധിപ്പിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദീകരിക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, സുപ്രധാനമായ കാര്യം തന്നെയാണ് പറഞ്ഞത്. വിഷരഹിതമായ പച്ചക്കറികളുടെ കാര്യത്തെക്കുറിച്ച് പറയുമ്പോൾ നമുക്കുവേണ്ടി ഇവിടെയുള്ള മാർക്കറ്റ് കണക്കാക്കി പുറം നാടുകളിൽനിന്ന് എങ്ങനെയെങ്കിലും ഉൽപ്പാദിപ്പിച്ച് ഉൽപ്പന്നങ്ങൾ കൊണ്ടുവരുന്നുവെന്നുള്ളത് ശീലമായി മാറിയിരിക്കുകയാണ്. വിഷരഹിതമായി പച്ചക്കറികൾ ഇവിടേയ്ക്ക് എത്തിക്കാനുള്ള സംവിധാനം ഒരുക്കണമെന്ന് കേരളത്തിന് പുറത്ത് കൃഷി ചെയ്യുന്ന ആളുകളോടും നമ്മൾ പറഞ്ഞുവെങ്കിലും നമ്മൾ പരിശോധിക്കുമ്പോൾ മിക്കവാറും പല റിപ്പോർട്ടുകൾക്കകത്തും കാണുന്നത് പ്രത്യേകിച്ചും കാർഷിക സർവകലാശാലകളുടെ ലാബുകളിൽ പരിശോധിക്കുമ്പോൾ അനുവദനീയമായതിനെക്കാൾ കൂടുതൽ അളവിൽ കീടനാശിനികളും മറ്റും

അടങ്ങിയിരിക്കുന്നു എന്നാണ് കാണുന്നത്. അനുവദനീയമായതിനെക്കാൾ കൂടുതൽ എന്നുപറഞ്ഞാൽ അത് ആരോഗ്യത്തിന് ഹാനികരം എന്നാണ്. കേരളത്തിൽ അത്തരമൊരു പ്രശ്നത്തെ അഡ്രസ്സ് ചെയ്യുന്നതിന് വേണ്ടിയാണ് തദ്ദേശീയമായി തന്നെ നമുക്കാവശ്യമായ പച്ചക്കറികളും പഴങ്ങളുമെല്ലാം ഇവിടെ ഉൽപ്പാദിപ്പിക്കണം എന്ന് നിശ്ചയിച്ചിരിക്കുന്നത്. വിഷരഹിതമായ ഉൽപാദനം പച്ചക്കറി ഉൽപ്പാദിപ്പിക്കുക എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് പോഷക സമൃദ്ധി മിഷനും, ജൈവ കാർഷിക മിഷനും തുടക്കം കുറിച്ചിരിക്കുന്നത്. അതിന്റെയടിസ്ഥാനത്തിൽ കൂടുതൽ ഇടങ്ങളിലേക്ക് കൃഷി വ്യാപിപ്പിച്ചിട്ടുണ്ട്. അത്തരത്തിൽ ഉൽപ്പാദിപ്പിക്കുന്ന ജൈവ സർട്ടിഫിക്കേഷൻ സ്വകാര്യ ഏജൻസികളും മറ്റുമായിരുന്നു ഇതുവരെ നടത്തിയിരുന്നത്. കൃഷിവകുപ്പിന്റെ നിയന്ത്രണത്തിലുള്ള സമേതിയെ അതിനുവേണ്ടി ചുമതലപ്പെടുത്തുകയും ആ സർട്ടിഫിക്കേഷൻ ലഭിക്കുകയും ചെയ്തു. അതിന് കൂടുതൽ മാർക്കറ്റുകൾ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ എല്ലാത്തരത്തിലുള്ള പിന്തുണയും പ്രോത്സാഹനവും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും.

<u>ശ്രീമതി ഒ. എസ്. അംബിക:</u> സർ, പച്ചക്കറിയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് സമ്പൂർണ്ണ പച്ചക്കറി യജ്ഞം

സംസ്ഥാനത്ത് ആരംഭിക്കുമെന്ന് അറിയിച്ചു. ഇത് എപ്രകാരമാണ് നടത്താൻ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. പി. പ്രസാദ്:</u> സർ, കേരളത്തിൽ വലിയ ജനകീയ പരിപാടിയായി സമഗ്ര പച്ചക്കറി ഉൽപ്പാദന യജ്ഞം സംഘടിപ്പിക്കണം എന്നാണ് ഗവൺമെന്റ് ആലോചിച്ചിരിക്കുന്നത്. നമുക്കാവശ്യമായ പച്ചക്കറികൾ ഇവിടെ ഉൽപ്പാദിപ്പിക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. പച്ചക്കറികളുടെ ഉൽപാദനത്തിൽ നല്ല വർധനയുണ്ടായിട്ടുണ്ട്. നമ്മൾ എത്രമാത്രം പച്ചക്കറികൾ കഴിക്കണമെന്ന് ഐ.സി.എം.ആർ.-ന്റെ കണക്കനുസരിച്ചാണ് തീരുമാനിക്കുന്നത്. മുൻകാലങ്ങളിലെ കണക്കുകളിൽനിന്ന് ഐ.സി.എം.ആർ. മാറ്റം വരുത്താറുണ്ട്. നേരത്തെ ഉണ്ടായിരുന്ന കണക്ക് 200 ഗ്രാം പച്ചക്കറികളും 50 ഗ്രാം കിഴങ്ങുവർഗ്ഗങ്ങളും 50 ഗ്രാം ഇലവർഗ്ഗങ്ങളും ഒരു ദിവസം ഒരാൾ കഴിക്കണം എന്നുള്ളതായിരുന്നു. ടി കണക്കനുസരിച്ചാണെങ്കിൽ കേരളം അതനുസരിച്ച് കഴിക്കുന്നില്ല എന്നുള്ളതായിരുന്നു നമ്മുടെ അനുഭവം. ഇന്ത്യൻ ശരാശരി 225 ആകുമ്പോഴും നമ്മൾ 160-ൽ ആണ് നിന്നത്. അത് National Sample Survey Organisation-ന്റെ കണക്കാണ് 160 എന്നുള്ളത്. അപ്പോൾ എത്രമാത്രം ഇത് ഉപയോഗിക്കുന്നുവെന്നുള്ളത് എൻ.എസ്.എസ്.ഒ.-യുടെ

കണക്കും എത്രമാത്രം ഉപയോഗിക്കണം എന്നുള്ളത് ഐ.സി.എം.ആർ.-ന്റെ കണക്കിനെയുമാണ് നമ്മൾ സാധാരണ ആശ്രയിക്കുന്നത്. എൻ.എസ്.എസ്.ഒ.-യുടെ കണക്ക് നോക്കിയാൽ ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് അത്തരമൊരു കണക്കിലേക്ക് എത്തുന്നില്ല. ഒരിക്കൽ ഒരു കണക്ക് തയ്യാറാക്കിയത് അന്ന് രാത്രിതന്നെ അത് പിൻവലിക്കുകയായിരുന്നു. നമ്മുടെ കുടുംബാരോഗ്യ സർവെയുടെ കണക്ക് അടുത്ത ദിവസം പിൻവലിച്ചു, പിന്നീടത് തള്ളിക്കളഞ്ഞുവെന്ന് പറഞ്ഞതു പോലെയാണത്. 2022-23-ൽ എൻ.എസ്.എസ്.ഒ.-യുടെ കണക്കിൽ പച്ചക്കറി വാങ്ങിക്കുന്നതിന്റെ തുകയുടെ കാര്യം മാത്രമേ പറയുന്നുള്ളൂ. കേരളത്തിന് ആവശ്യമായ പച്ചക്കറിയുടെ കണക്കെടുത്ത് ആ കണക്കിന്റെ അടിസ്ഥാനത്തിൽ ഈ കണക്കുകൾ എല്ലാം ചേർത്തുവച്ചുകൊണ്ട് ഒരാൾ എത്ര കഴിക്കണം എന്ന് കണക്ക് കൂട്ടികൊണ്ട് മലയാളിയുടെ ആരോഗ്യത്തെ സംരക്ഷിക്കുക എന്ന ഏറ്റവും പ്രധാനമായ ഒരു ലക്ഷ്യത്തോടുകൂടി നമുക്കാവശ്യമായ പച്ചക്കറികൾ ഇവിടെ തന്നെ ഉൽപാദിപ്പിക്കാൻ വേണ്ടി കൃഷിവകുപ്പിന്റെ പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ടും മറ്റ് വകുപ്പുകളുമായി സഹകരിച്ചുകൊണ്ടും ഒരു സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞത്തിന് തുടക്കം കുറിക്കാനും 2028-ഓടുകൂടി ആ ലക്ഷ്യത്തിലേയ്ക്ക് എത്തണമെന്നുമാണ്

ആലോചിച്ചിട്ടുള്ളത്. വിവിധ വകുപ്പുകൾ ഇതുമായി ബന്ധപ്പെട്ട് നിൽക്കുന്നുവെന്നതുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ പ്രാഥമികമായി യോഗം ചേർന്നുകഴിഞ്ഞു. അതിന്റെ പദ്ധതിയുടെ അന്തിമമായ രൂപം തയ്യാറാക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളടക്കമുള്ള സംവിധാനങ്ങളുമായി ചേർന്ന് ആലോചനകൾ നടത്തി ഇക്കാര്യങ്ങൾ നടപ്പിൽ വരുത്തുന്നതാണ്. കൃഷിക്കൂട്ടങ്ങൾ, കുടുംബശ്രീകൾ, കോളേജുകൾ, സ്കൂളുകൾ എന്നിവയെല്ലാം പങ്കാളികളാക്കി എല്ലാ സംവിധാനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട്, മുമ്പ് സാക്ഷരതാ യജ്ഞമൊക്കെ നടത്തിയതുപോലെ ഒരു ജനകീയ യജ്ഞമാക്കി ഈ പരിപാടി കൊണ്ടുവരണം. ബഹുമാന്യരായ അംഗങ്ങളുടെയും പിന്തുണ ഇക്കാര്യത്തിൽ ഉണ്ടാകണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. നിയോജക മണ്ഡലാടിസ്ഥാനത്തിൽ അക്കാര്യത്തെക്കുറിച്ച് ആലോചിക്കാൻ പ്രത്യേകമായി യോഗങ്ങൾ ചേർന്ന് ഉൾപ്പെടെയാണ് കാര്യങ്ങൾ ആലോചിച്ചിരിക്കുന്നത്. മലയാളിയുടെ ആരോഗ്യത്തെ കണക്കിലെടുത്തുകൊണ്ട് കേരളത്തിനാവശ്യമായ മുഴുവൻ പച്ചക്കറികളും പഴവർഗ്ഗങ്ങളും ഇലവർഗ്ഗങ്ങളും കിഴങ്ങുവർഗ്ഗങ്ങളും ഉൽപാദിപ്പിക്കാൻ ഇവിടെ കഴിയുമെന്നിരിക്കെ ഇപ്പോഴെങ്കിലും തീരുമാനിച്ച് നടപ്പിലാക്കുന്നില്ലെങ്കിൽ

വലിയൊരു അപകടത്തിലേക്കുതന്നെ നമ്മൾ പോകും. 56.4 ശതമാനം രോഗങ്ങൾ ഉണ്ടാകുന്നതിന്റെ കാരണം അൺ ഹെൽത്തി ഡയറ്റ്സ് എന്നാണ് ഐ.സി.എം.ആർ. പറയുന്നത്. അനാരോഗ്യകരമായ ഭക്ഷണം പകുതിയിൽ കൂടുതൽ രോഗങ്ങളുടെയും കാരണമായി തീരുന്നിടത്ത് ആ കണക്കുകളെ വച്ചുകൊണ്ടുതന്നെ കേരളത്തിന് മുമ്പോട്ട് പോകേണ്ടതുണ്ട്. നമുക്കാവശ്യമായ പച്ചക്കറികൾ നമ്മൾ ഉൽപ്പാദിപ്പിക്കുകയെന്നതാണ് സമഗ്ര പച്ചക്കറി ഉൽപ്പാദന യജ്ഞത്തിലൂടെ ലക്ഷ്യമിടുന്നത്.

<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:</u> സർ, വാണിജ്യാടിസ്ഥാന പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് കർഷകർക്ക് നൽകിവരുന്നത്?

<u>ശ്രീ. പി. പ്രസാദ്:</u> സർ, നേരത്തെ ഞാൻ പറഞ്ഞതുപോലെ വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി കർഷകരെ സഹായിക്കാൻ വേണ്ടി അവർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഹൈബ്രിഡ് ഇനങ്ങൾ അത്യുൽപ്പാദനശേഷിയുള്ള ഇനങ്ങളുമെല്ലാം ഇതിനായി തയ്യാറാക്കണമെന്ന് തീരുമാനിച്ചത്. ഹൈബ്രിഡ് ഇനങ്ങളും അത്യുൽപാദന ശേഷിയുള്ള ഇനങ്ങളും തയ്യാറാക്കി നൽകുന്ന ഒരു പരിപാടിക്ക് തുടക്കം കുറിച്ചതിനെക്കുറിച്ച് ഞാനിവിടെ പറഞ്ഞു. കാർഷിക സർവകലാശാല

തന്നെ 89 ഇനം അത്യുൽപാദന ശേഷിയുള്ള ഇനങ്ങൾ തയ്യാറാക്കി കർഷകരിലേക്ക് എത്തിക്കുന്ന നടപടി ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. അതിൽ പത്തെണ്ണം ഹൈബ്രിഡാണ്. Indian Institute of Horticultural Research-ന്റെ കാര്യം ഞാൻ പറഞ്ഞു. അവരിൽ നിന്ന് 'അർക്ക നികിത' എന്ന് പറയുന്ന ഒരു ഇനം വെണ്ട വാങ്ങി കൂടുതലായി കർഷകരിലേക്ക് എത്തിക്കാനുള്ള ഏർപ്പാട് ചെയ്തു. ഉദാഹരണമായി ഏറ്റവും കൂടുതലായി നമ്മൾ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളിൽ ഒരെണ്ണമാണ് പാവൽ. കേരള കാർഷിക സർവകലാശാല പുതിയ ഇനങ്ങൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. അതും കൂടുതലായി കർഷകരിലേക്ക് എത്തിക്കാൻ, സാധാരണഗതിയിൽ ഒരു ഹെക്ടറിൽ നിന്ന് 25 ടൺ കിട്ടുന്നിടത്ത് കാർഷിക സർവകലാശാല വികസിപ്പിച്ച ഈ രണ്ട് ഇനങ്ങൾ പ്രജനി, പ്രഗതി എന്നിവ 37-40 ടൺ ഒരു ഹെക്ടറിൽ നിന്ന് ലഭ്യമാക്കുന്ന അവസ്ഥയുണ്ട്. അതുകൊണ്ട് ഇതെല്ലാം വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കാൻ വേണ്ടിയുള്ളതാണ്. അതോടൊപ്പം തന്നെ ഇത് സംഭരിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള സംവിധാനം കൂടി ഏർപ്പെടുത്തി, ഇവിടെ ഉൽപാദനത്തിന്റെ കാര്യം മാത്രം നമ്മൾ നോക്കിയാൽ പോരാ. അത് വിളവെടുത്ത് വിപണനം ചെയ്യുന്നതുൾപ്പെടെയുള്ള കാര്യങ്ങളിലേക്ക്

ഗവൺമെന്റ് ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് കർഷകരെ സഹായിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ചോദ്യം നം.*124)

P 13-02-2025 RJ/SO (1)
9.50-10.00

**ലീഡ്സ് പദ്ധതി**

(*124) ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക വിജ്ഞാന വ്യാപനത്തിന് ഊന്നൽ നൽകുന്നതിനായി 'ലീഡ്സ്' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കൃഷിയിടങ്ങളിലെ പ്രശ്നങ്ങൾ വിദഗ്ധരുമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന മറ്റ് കാർഷിക വിജ്ഞാന വ്യാപന പരിപാടികൾ എന്തൊക്കെയാണെന്ന വിശദാംശം ലഭ്യമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): (എ) ഉണ്ട്. LEADS (Lead Farmer Centered Extension Advisory and Delivery Services) പദ്ധതി, നിലവിൽ 4 ജില്ലകളിലാണ് (കൊല്ലം, പാലക്കാട്, വയനാട്, കണ്ണൂർ) നടപ്പിലാക്കിവരുന്നത്. ഓരോ പഞ്ചായത്തിൽനിന്നും 50 സെന്റ് കൃഷി ഭൂമിയിൽ വിജയ മാതൃകകൾ തെളിയിച്ച 3 കർഷകരെ ലീഡ് കർഷകരായി തിരഞ്ഞെടുത്താണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ കർഷകർ ഫലപ്രദമായ ആശയവിനിമയ കഴിവുള്ളവരും ഗ്രൂപ്പ് സന്ദർശനത്തിനും സാങ്കേതിക കൈമാറ്റത്തിനും സമയം മാറ്റിവയ്ക്കാൻ തയ്യാറായിട്ടുള്ളവരുമായിരിക്കണം. അനുഭവസമ്പത്തുള്ള ഈ കർഷകർവഴി മറ്റുള്ള കർഷകർക്ക് കാർഷിക അറിവ് പകർന്ന് വിജ്ഞാന വ്യാപനം സാധ്യമാക്കുന്നു. ഓരോ ലീഡ് കർഷകനെയും കേന്ദ്രീകരിച്ചുകൊണ്ട് ആധുനിക കൃഷി രീതികൾ പ്രാവർത്തികമാക്കാൻ താല്പര്യമുള്ള 10 കർഷകരെ ചേർത്ത് ഒരു സാറ്റലൈറ്റ് ഫാർമർ ഗ്രൂപ്പ് രൂപീകരിക്കുകയും ചെയ്യുന്നു.

(ബി) ഉണ്ട്. കൃഷിയിടത്തിലെ പ്രശ്നങ്ങൾ വിദഗ്ധരുമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് ബ്ലോക്കുതലത്തിൽ കാർഷിക വിജ്ഞാനകേന്ദ്രങ്ങൾ (ബ്ലോക്ക് ലെവൽ അഗ്രികൾച്ചർ നോളഡ്ജ് സെന്ററുകൾ) തയ്യാറാക്കിയിട്ടുണ്ട്. കാർഷിക സർവകലാശാലയിലെ വിദഗ്ധരെ

ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീം കൃഷിയിട രോഗ കീടബാധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കർഷകരുടെ കൃഷിയിടത്തിൽ നേരിട്ടെത്തി മാർഗനിർദേശങ്ങൾ നൽകുന്നു. കൃഷിവകുപ്പ് മുഖേന നടപ്പിലാക്കുന്ന LEADS, ആത്മ (Agricultural Technology Management Agency) എന്നീ പദ്ധതികളുടെ ഭാഗമായും കർഷകർക്ക് കൃഷിയിട പ്രശ്നങ്ങൾ വിദഗ്ധരുടെ മുന്നിൽ അവതരിപ്പിച്ച് പ്രശ്നപരിഹാരം സാധ്യമാക്കുന്നു. മണ്ണുത്തിയിൽ സ്ഥിതി ചെയ്യുന്ന കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രം (ATIC-Agricultural Technology Information Centre) വഴി ടെലിഫോണിലൂടെയും കർഷകർക്ക് വിദഗ്ധരുമായി ആശയ വിനിമയത്തിന് അവസരമൊരുക്കുന്നു. കൃഷിദർശൻ പരിപാടിയുടെ ഭാഗമായും കൃഷിവകുപ്പ്, കാർഷിക സർവകലാശാല, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം തുടങ്ങിയവർ നടത്തുന്ന വിവിധ സെമിനാറുകൾ, അദാലത്തുകൾ എന്നിവ മുഖേനയും കർഷകർക്ക് വിദഗ്ധരുമായി പ്രശ്നങ്ങൾ ചർച്ച ചെയ്തു പരിഹരിക്കുന്നതിന് സാധ്യമാകുന്നു.

(സി) കൃഷിഭവൻ ഉദ്യോഗസ്ഥർ കൃഷിയിടത്തിലെത്തി നേരിട്ടും വിവിധ പരിശീലനങ്ങളിലൂടെയും വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തിവരുന്നു. റീജിയണൽ അഗ്രികൾച്ചറൽ ടെക്നോളജി ട്രെയിനിങ്

സെന്ററുകൾ, ഫാർമേഴ്സ് ട്രെയിനിങ് സെന്ററുകൾ, സമേതി, കാർഷിക സർവകലാശാല എന്നിവിടങ്ങളിലൂടെയാണ് പ്രധാനമായും പരിശീലനങ്ങൾ നടത്തുന്നത്. സംസ്ഥാനത്തിനു പുറത്തും ഇസ്രായേൽ പോലുള്ള മറ്റു രാജ്യങ്ങളിലും കർഷകരെ അയച്ച് നൂതന സാങ്കേതിക വിദ്യകൾ പരിശീലിക്കുന്നതിന് കൃഷി വകുപ്പ് അവസരമൊരുക്കിയിട്ടുണ്ട്. ഫീൽഡുതല പ്രദർശന തോട്ടങ്ങൾ, ട്രയലുകൾ എന്നിവയിലൂടെയും കൃഷി പാഠശാലയിലൂടെയും സാങ്കേതികവും നൂതനവുമായ അറിവുകൾ കർഷകരിൽ എത്തിക്കുന്നു. കേരള ഡിജിറ്റൽ സർവകലാശാലയുമായി സഹകരിച്ച് കൃഷിവകുപ്പ് നടത്തുന്ന കർഷക ഇൻഫർമേഷൻ സിസ്റ്റംസ് സർവീസസ് & നെറ്റ് വർക്ക് പദ്ധതി (KISSAN) പ്രോജക്റ്റ് വിജ്ഞാനപ്രദമായ ടെലിവിഷൻ പരിപാടികളിലൂടെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തുന്നു. സ്മാർട്ട് കൃഷിഭവനുകൾ, പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ, അഗ്രോ ക്ലീനിക്കുകൾ എന്നിവയിലൂടെയും ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ സമ്പൂർണ്ണ കാർഷിക മാസികയായ കേരള കർഷകൻ, കാർഷിക ഇ-ജേർണൽ എന്നിവയിലൂടെയും വിവിധ പ്രചാരണ പരിപാടികളിലൂടെയും സാങ്കേതികവിദ്യകൾ കർഷകരിൽ എത്തിക്കുന്നു. ശാസ്ത്രീയ ഉപദേശങ്ങൾ നൽകുന്നതിനായി കാർഷിക സർവകലാശാലയിലെ വിവിധ ശാസ്ത്ര വിഭാഗത്തിലെ ശാസ്ത്രജ്ഞർ അടങ്ങുന്ന

വിദഗ്ധ സംഘത്തിന്റെ സേവനം ഉറപ്പുവരുത്തുന്നുണ്ട്. ശാസ്ത്രീയമായ രീതിയിൽ എങ്ങനെ കൃഷി ചെയ്യാം എന്നതിനെക്കുറിച്ച് ജനങ്ങൾക്ക് അവബോധം ജനിപ്പിക്കുന്നതിനായി "വിള പരിപാലന ശിപാർശകൾ" എന്ന പുസ്തകം കാർഷിക സർവകലാശാല പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ശ്രീ. യു. ആർ. പ്രദീപ്: സർ, കർഷകരെ സഹായിക്കുന്നതിനായി കൃഷിവകുപ്പ് ഒട്ടേറെ പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി കൃഷിദർശൻ എന്ന പരിപാടി വളരെ രസകരമായി നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട നേട്ടങ്ങൾ എന്തെല്ലാമാണ്; അതിനെ സംബന്ധിച്ച് വിശദമാക്കാമോ; കൂടാതെ ഈ ബജറ്റിൽ അതിനുവേണ്ടി തുക വകയിരുത്തിയിട്ടുണ്ടോയെന്നുകൂടി വ്യക്തമാക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ചതുപോലെ അത്തരം ഒരു പരിപാടി കേരളത്തിൽ ആദ്യമായിട്ടാണ് തുടങ്ങുന്നത്. കൃഷിവകുപ്പിലെ ഏറ്റവും പ്രധാനപ്പെട്ട ഉദ്യോഗസ്ഥരും മന്ത്രിയുൾപ്പെടെയുള്ള സംഘം മൂന്നുദിവസക്കാലം ആ കാർഷിക ബ്ലോക്കിൽ കൃഷിയിടങ്ങൾ സന്ദർശിച്ചും കർഷകരുമായി ആശയവിനിമയം നടത്തിയും വലിയ തരത്തിലുള്ള കർഷക സഭകളൊക്കെ ചേർന്നും നടത്തിയ പുതിയൊരു പരിപാടിയായിരുന്നു കൃഷിദർശൻ. നമ്മുടെ മുമ്പിൽ വേറെ

മാതൃകകളൊന്നുമുണ്ടായിരുന്നില്ല. ഇന്ത്യയിൽ ആദ്യമായിട്ടാണ് കൃഷിദർശൻ എന്നൊരു പരിപാടി നമ്മൾ നടത്തിയത്. അതിന്റെ ഭാഗമായി നമുക്ക് കർഷകർ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്ക് അപ്പോൾതന്നെ പരിഹാരം കാണാനും സാധിച്ചു. അതുകൊണ്ടാണ് എല്ലാ ഉദ്യോഗസ്ഥരും കൃഷിയിടങ്ങളിലേയ്ക്ക് എത്തുന്ന തരത്തിലേയ്ക്ക് ഇത് മാറിയത്. കേരളത്തിൽ ഒല്ലൂക്കര, തലശ്ശേരി, നെടുമങ്ങാട്, ഹരിപ്പാട് അങ്ങനെ നിരവധി സ്ഥലങ്ങളിൽ കൃഷിദർശൻ പരിപാടി സംഘടിപ്പിച്ചു. സാധാരണ ഒരു സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നത് സെക്രട്ടേറിയറ്റിൽനിന്നാണ്. ഡയറക്ടറേറ്റിൽനിന്നും സർക്കുലർ പുറപ്പെടുവിക്കുന്നുണ്ട്. എന്നാൽ കൃഷിയിടങ്ങളിൽവച്ചുതന്നെ കർഷകർ ഉന്നയിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെയാണ് കൃഷിദർശൻ പരിപാടി നടപ്പാക്കിയത്. ഇതിന്റെ ഭാഗമായി കൃഷിയിടങ്ങളിൽ വച്ച് 11 ഉത്തരവുകളും സർക്കുലറുകളും പുറപ്പെടുവിക്കുന്നതിന് സാധിച്ചു. നിരവധിയായ കർഷകർ പുതുതായി കൃഷിയിലേക്ക് ഇറങ്ങുകയും പുതിയ കൃഷിയിടങ്ങൾ സൃഷ്ടിക്കുകയും വലിയ മെച്ചമുണ്ടാകുന്ന തരത്തിലേയ്ക്കെത്താനും നമുക്ക് കഴിഞ്ഞു. ഈ വർഷം ഒരു കോടി മുപ്പത്തിരണ്ട് ലക്ഷം രൂപ കൃഷിദർശൻ പരിപാടിക്കായി നീക്കിവച്ചിട്ടുണ്ട്. തരിശുഭൂമികൾ കൃഷിയോഗ്യമാക്കുന്നതിനും കർഷകരുടെ

പ്രശ്നങ്ങൾ നേരിട്ടു മനസ്സിലാക്കുന്നതിനും പരിഹാരം കൈക്കൊള്ളുന്നതിനും കർഷകനും കൃഷി ഉദ്യോഗസ്ഥരുമായുള്ള ബന്ധം സുദൃഢമാക്കുന്നതിനും കഴിഞ്ഞു. കൃഷിദർശൻ എന്ന പേരിലല്ലെങ്കിൽപോലും മറ്റു പല മണ്ഡലങ്ങളിലും സമാനമായ രീതിയിലുള്ള പദ്ധതികൾ നടപ്പാക്കും. ഞാൻ ഇരിക്കൂർ നിയോജകമണ്ഡലമടക്കമുള്ള മണ്ഡലങ്ങളിൽ കഴിഞ്ഞ ദിവസം പരിപാടികൾ നടത്തിയതിന്റെ പശ്ചാത്തലത്തിൽക്കൂടിയാണ് ഇതുപറയുന്നത്. വന്യജീവി പ്രശ്നംമൂലമുണ്ടാകുന്ന വിഷയങ്ങൾ കൃഷിക്കാർ ശ്രദ്ധയിൽപ്പെടുത്തിയതനുസരിച്ചാണ് കൃഷിവകുപ്പുകൂടി ആ രംഗത്തേയ്ക്ക് ഇടപെടാൻ തീരുമാനിച്ചത്. കൃഷിദർശന്റെ ഭാഗമായിട്ടാണ് അത്തരം ഒരു തീരുമാനത്തിലെത്തിയത്. കൃഷിവകുപ്പിന്റെ പണത്തിൽനിന്നുകൂടി വന്യമൃഗശല്യം പരിഹരിക്കുന്നതിന് പണം നീക്കിവയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൃഷിദർശൻ എന്നത് പുതിയൊരു പരിപാടിയും പുതിയൊരു അനുഭവവുമാണ്. ഇത് കേരളത്തിന്റെ കാർഷിക മേഖലയ്ക്ക് വലിയ മെച്ചമുണ്ടാക്കി തന്ന കാര്യമാണ്. ഇക്കൊല്ലത്തെ ബജറ്റിൽ നീക്കിവച്ച തുകയ്ക്ക് അനുസരിച്ച് മറ്റു മണ്ഡലങ്ങളിലേയ്ക്കുകൂടി കൃഷിദർശൻ പരിപാടി വ്യാപിപ്പിക്കുന്നതായിരിക്കും.

ശ്രീ. യു. ആർ. പ്രദീപ്: സംസ്ഥാനത്ത് കാർഷിക അനുബന്ധ മേഖലയിൽ പരിശീലനം നൽകുന്നതിനായി സമേതി (സ്റ്റേറ്റ് അഗ്രികൾച്ചറൽ മാനേജ്മെന്റ് ആൻഡ് എക്സ്റ്റൻഷൻ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്) എന്നൊരു സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. നിലവിൽ നല്ല രീതിയിൽ ആ സ്ഥാപനം പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ മറ്റു പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിവരം നൽകാമോ?

ശ്രീ. പി. പ്രസാദ്: സർ, കാർഷിക മേഖലയിലെ ഒരു Centre of Excellence എന്ന നിലയിലാണ് സമേതി വിഭാവനം ചെയ്തിരുന്നത്. വർഷംതോറും ഏകദേശം അമ്പതിലധികം പരിശീലന പരിപാടികളിലൂടെ രണ്ടായിരത്തോളം ഉദ്യോഗസ്ഥർക്ക് എല്ലാവർഷവും അവിടെ പരിശീലനം നൽകിവരുന്നുണ്ട്. ജൈവകൃഷിയുമായി ബന്ധപ്പെട്ട് PGS (Participatory Guarantee System for India) സർട്ടിഫിക്കേഷൻ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. ടി സർട്ടിഫിക്കേഷനുവേണ്ടി റീജിയണൽ കൗൺസിലായി നമ്മൾ സമേതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 590 ക്ലസ്റ്ററുകൾക്ക് ഇതിനോടകം PGS സർട്ടിഫിക്കേഷൻ നൽകാൻ ഇതിന്റെ ഭാഗമായി കഴിഞ്ഞിട്ടുണ്ട്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങുമായി എം.ഒ.യു (Memorandum of Understanding) ഒപ്പുവച്ചിട്ടുണ്ട്. സെക്കണ്ടറി

അഗ്രികൾച്ചർ എന്ന നിലയിൽ കർഷകർ മൂല്യവർധിത ഉൽപന്നങ്ങളുണ്ടാക്കുമ്പോൾ അവ ആകർഷകമായ പാക്കിങ്ങിലായിരിക്കണം ചെയ്യേണ്ടത്. സാധാരണ പ്രൈമറി അഗ്രികൾച്ചറിനാണ് നാം എപ്പോഴും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ആദ്യമായാണ് സെക്കണ്ടറി അഗ്രികൾച്ചറിലേയ്ക്ക് മൂല്യവർധിത ഉൽപന്നം എന്ന തരത്തിലേയ്ക്കെത്തുന്നത്. അതിന് ഇന്ത്യയിലെ ഏറ്റവും പ്രമുഖമായ സ്ഥാപനം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങ് ആണ്. അവരുമായി ഒരു ധാരണാപത്രം ഒപ്പുവയ്ക്കുകയും കർഷകർക്ക് പരിശീലനം നൽകുന്നകാര്യം ചുമതലപ്പെടുത്തിയതും സമേതിയെയാണ്. അത്തരം പരിശീലനങ്ങളെല്ലാം നടന്നുകഴിഞ്ഞു. കൃഷി ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിന്റെ ഭാഗമായിതന്നെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാൻ ഹെൽത്ത് മാനേജ്മെന്റുമായി ചേർന്ന് ഡിപ്ലോമ കോഴ്സുകളും പോസ്റ്റ്-ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സുകളും നടത്തുന്നുണ്ട്. അതും സമേതി മുഖാന്തരമാണ് നടത്തുന്നത്. ഒരുകാര്യംകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അമ്പതിലധികം പരിശീലന പരിപാടികൾ രണ്ടായിരത്തോളം കൃഷി ഉദ്യോഗസ്ഥർക്ക് പ്രതിവർഷം പരിശീലനം നൽകുക എന്ന രീതിയോടൊപ്പം കേരളത്തിലെ കർഷകർക്കുകൂടി

പരിശീലനം നൽകുന്ന ഒരിടമായി സമേതിയെ മാറ്റാൻ തീരുമാനിച്ച വിവരം സന്തോഷപൂർവം ഞാൻ സഭയെ അറിയിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, വിജ്ഞാന വ്യാപനത്തിന് അടിസ്ഥാനം സർവകലാശാലകളിൽ നടത്തുന്ന ഗവേഷണങ്ങളാണ്. കേരള കാർഷിക സർവകലാശാല ഇത്തരത്തിൽ എത്ര സാങ്കേതിക വിദ്യകൾ കണ്ടെത്തിയിട്ടുണ്ട്; വിശദീകരിക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, കേരളത്തിലെ ഏറ്റവും അഭിമാനകരമായ ഒരു സ്ഥാപനമാണ് കേരള കാർഷിക സർവകലാശാല. കേരള കാർഷിക സർവകലാശാല അമ്പത് വർഷം പിന്നിടുകയാണ്. കേരളത്തിന്റെ കാർഷിക മേഖലയ്ക്ക് ഉജ്ജ്വലങ്ങളായ സംഭാവനകൾ ചെയ്യാൻ ഇതിനോടകം ടി സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. ഉൽപാദനക്ഷമതയും രോഗപ്രതിരോധ ശേഷിയുമുള്ള 359 ഇനങ്ങൾ കർഷകരിലേയ്ക്ക് എത്തിച്ചിട്ടുണ്ടെന്നുള്ളത് അഭിമാനകരമായ ഒരു നേട്ടമാണ്. വിളകളുടെ ഓരോ ഇനങ്ങൾ (359 ഇനങ്ങൾ) എത്തിക്കുക മാത്രമല്ല ചെയ്തത്; സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി നിൽക്കുന്ന കൃഷിരീതികൾ അവലംബിക്കുന്നുണ്ടെന്നതിന്റെ അടിസ്ഥാനത്തിൽ സംരംഭകർക്കായിട്ട് 112 സാങ്കേതിക വിദ്യകൾ ഇതിനോടകം കേരള കാർഷിക സർവകലാശാല വികസിപ്പിച്ചിട്ടുണ്ട്.

മുപ്പതോളം സാങ്കേതിക വിദ്യകൾ കർഷകർക്ക് ലഭ്യമാക്കുന്നതിന്റെ അവസാനഘട്ട പ്രവർത്തനത്തിലാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക സർവകലാശാലയുടെ പ്രവർത്തനത്തിന്റെ ഭാഗമായി ഏഴ് വിളകൾക്ക് ഭൗമസൂചിക പദവി ലഭ്യമാകുകയും സർവകലാശാലയ്ക്ക് 16 പേറ്റന്റുകൾ ഇക്കാലയളവിൽ ലഭിക്കുകയും ചെയ്തു എന്നുള്ളതും സർവകലാശാലയുടെ മികവിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉദാഹരണമാണ്.

<u>ശ്രീ. ലിന്റോ ജോസഫ്</u>: സർ, കർഷകരെ സംബന്ധിച്ചിടത്തോളം കൃഷിക്ക് മണ്ണ് അനുയോജ്യമാക്കുക എന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഉൽപാദന വർധനവിനും സുസ്ഥിര കൃഷിക്കും മണ്ണിന്റെ പരിപാലനം അനിവാര്യമാണ്. 2018-19-ലെ പ്രളയത്തിന്റെ ഭാഗമായി മണ്ണിന്റെ ഘടനയിൽ വലിയ മാറ്റമുണ്ടാകുകയും അത് കൃഷിയെ വലിയരൂപത്തിൽ പ്രതികൂലമായി ബാധിക്കുകയും ചെയ്ത സാഹചര്യവുമുണ്ട്. നമുക്ക് കേരളത്തിൽ മണ്ണ് സംരക്ഷണത്തിന് ഒരു പ്രത്യേക വകുപ്പുതന്നെയുണ്ട്. സുസ്ഥിര കൃഷി ഉറപ്പാക്കുന്നതിന് മണ്ണ് സംരക്ഷണ വകുപ്പ് കർഷകർക്ക് നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, ബഹുമാനപ്പെട്ട ശ്രീ. ലിന്റോ ജോസഫ് പറഞ്ഞതുപോലെ, മണ്ണിന്റെ ഫലഭൂയിഷ്ഠത എന്നുപറയുന്നത് കൃഷിയുടെ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഉൽപാദനക്ഷമതയുടെ ഏറ്റവും പ്രധാനപ്പെട്ട ഘടകമായിതന്നെ മണ്ണിന്റെ ഫലഭൂയിഷ്ഠതയെ കാണേണ്ടതുണ്ട്. അതുകൊണ്ട് കേരളത്തെതന്നെ ഇപ്പോൾ അഞ്ച് കാർഷിക പാരിസ്ഥിതിക മേഖലയായും 23 കാർഷിക പാരിസ്ഥിതിക യൂണിറ്റുകളായും തിരിച്ചാണ് പ്രസ്തുത കാര്യങ്ങൾ നടത്തുന്നത്. ഒരേപോലെ എല്ലായിടത്തും കൃഷിചെയ്യുക എന്നത് നടപ്പാകുകയില്ല എന്നുള്ളതുകൊണ്ട് അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളായും അഗ്രോ ഇക്കോളജിക്കൽ സോണുകളുമാക്കി കേരളത്തെ തിരിച്ചുകൊണ്ടാണ് ഈ പ്രവർത്തനങ്ങളിൽ ഇപ്പോൾ ഏർപ്പെടുന്നത്. അതിൽ സുപ്രധാനമായ പങ്ക്, കേരളത്തിന്റെ മണ്ണ് സംരക്ഷണ മണ്ണ് പര്യവേഷണ വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നുണ്ട്. ഓരോ കാലത്തും മണ്ണിന്റെ പരിശോധന നടത്തുന്നത് അനിവാര്യമാണ്. എങ്കിൽ മാത്രമെ, എന്തെല്ലാം തരത്തിലുള്ള കുറവുകളും പ്രശ്നങ്ങളുമുണ്ടെന്ന് മനസ്സിലാക്കാൻ കഴിയുകയുള്ളൂ. അതിനനുസരിച്ച് സോയിൽ ഹെൽത്ത് കാർഡുകൾ നൽകുന്നുണ്ട്. മണ്ണ് സംരക്ഷണ മണ്ണ് പര്യവേഷണ വകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്തങ്ങളിൽ ഒന്നാണ് ആ പ്രവർത്തനം. ഏതാണ്ട്

ഈ ഗവൺമെന്റിന്റെ കാലത്ത് 462344 കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. എല്ലാ കർഷകർക്കും സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഘട്ടംഘട്ടമായി നടപ്പാക്കികൊണ്ടിരിക്കുകയാണ്. 'മണ്ണ് അറിഞ്ഞ് കൃഷി ചെയ്യുക' എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതിനാവശ്യമായ പ്രവൃത്തികളാണ് ഈ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. അത് ഏറ്റവും നന്നായി മുന്നോട്ടുകൊണ്ടുപോകാനുള്ള പ്രവർത്തനമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്.

മി. സ്പീക്കർ: ഓർഡർ..... ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(ഉത്തരത്തിൽ തിരുത്ത്)

p-13-02-2025
KS-FM-1
10.00-10.10
SN

**തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 4491-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ: ഓർഡർ... ഓർഡർ... 15-ാം കേരള നിയമസഭയുടെ 2-ാം സമ്മേളനത്തിൽ 10-08-2021-ലെ നക്ഷത്രചിഹ്നമിടാത്ത 4491-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽവന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പുമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ഉന്നതവിദ്യാഭ്യാസ - സാമൂഹ്യനീതി വകുപ്പുമന്ത്രി (ശ്രീമതി ആർ. ബിന്ദു): സർ, പതിനഞ്ചാം കേരള നിയമസഭയുടെ 2-ാം സമ്മേളനത്തിൽ 10-08-2021-ലെ നക്ഷത്രചിഹ്നമിടാത്ത 4491-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

(മി. സ്പീക്കർ)

p-13-02-2025
KS-FM-1
10.00-10.10

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

SC-ST വിഭാഗങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കൽ

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

മി. സ്പീക്കർ: സംസ്ഥാനത്തെ SC-ST വിഭാഗങ്ങൾക്ക് 2024-25 പദ്ധതി അടങ്കലിന്റെ ഭാഗമായി അനുവദിച്ച പദ്ധതികൾ 2025 ജനുവരി മാസം 22, 25 തീയതികളിൽ പുറപ്പെടുവിച്ച ഉത്തരവുപ്രകാരം വെട്ടിക്കുറച്ചതായും ഇതുമൂലം SC-ST വിഭാഗങ്ങളിൽ ഉളവായായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എ. പി. അനിൽ കുമാർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

(ശ്രീ. ഒ. ആർ. കേളു)

p-13-02-2025
KS-FM-1
10.00-10.10

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, കേരളത്തിലെ ഇടതുപക്ഷ സർക്കാർ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന്റെ പദ്ധതികളെല്ലാം വളരെ കാര്യക്ഷമമായിത്തന്നെയാണ് നടപ്പാക്കിവരുന്നത്. 2024-25 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വിഭാഗത്തിന് 1370 കോടി രൂപയും പട്ടികവർഗ്ഗ

വിഭാഗത്തിന് 657 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്, ഇതുപ്രകാരം ഈ വിഭാഗത്തിൽ പദ്ധതികൾ നടപ്പാക്കിവരുന്നുമുണ്ട്. പദ്ധതികളിൽ പലതും നടപ്പാക്കുന്നത് കേന്ദ്ര സർക്കാരിന്റെ പദ്ധതികളുമായി യോജിപ്പിച്ചുകൊണ്ടാണ്. ലൈഫ് പദ്ധതിയിൽ ഇതുവരെ 106610 വീടുകൾ പൂർത്തീകരിക്കാൻ സാധിച്ചു. ഇതിനായി 1561 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്, ഈ വർഷവും സർക്കാർ പ്രസ്തുത പദ്ധതിക്കാവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആവശ്യാനുസരണം തുക നൽകുന്നതിനായി "ഭവനനിർമ്മാണം" എന്ന ശീർഷകത്തിൽ ഈ ബജറ്റിൽ ആവശ്യമായ തുക വകയിരുത്തിയതായി കാണാം. " സേഫ്" (സെക്യൂർ അക്കോമഡേഷൻ ആന്റ് ഫെസിലിറ്റി എൻഹാൻസ്‌മെന്റ്) പദ്ധതിയിൽ മൂന്ന് വർഷമായി പട്ടികജാതി വിഭാഗത്തിൽ 30117 വീടുകൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കുവേണ്ടിയും ബജറ്റിൽ ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്, ഇതിനായി നീക്കിവച്ചത് 172 കോടി രൂപയാണ്. 2023-24 വർഷംവരെയുള്ള പ്രീമെട്രിക്-പോസ്റ്റ്മെട്രിക് ആനുകൂല്യങ്ങൾ പൂർണ്ണമായും ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. 2024-25 വർഷത്തെ പ്രീമെട്രിക് സ്കോളർഷിപ്പിന് അർഹരായ മുഴുവൻ കുട്ടികളുടെയും ആനുകൂല്യങ്ങൾ നിലവിൽ വിതരണം ചെയ്തുകഴിഞ്ഞു. 2024-25 വർഷത്തെ പോസ്റ്റ്മെട്രിക്

സ്കോളർഷിപ്പിന് കുട്ടികൾ അപേക്ഷകൾ നൽകിത്തുടങ്ങിയിട്ടേയുള്ളൂ. ലഭ്യമാകുന്ന അപേക്ഷകൾ അംഗീകരിച്ചശേഷം സ്കോളർഷിപ്പ് വിതരണം ആരംഭിക്കും. 2024-25 സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പ് സ്കോളർഷിപ്പ് വിതരണത്തിനായി 223 കോടി രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു, ഈ തുക പൂർണ്ണമായി ചെലവഴിച്ചതിനുപുറമെ 110 കോടി രൂപ അധികവിഹിതമായി ധനകാര്യ വകുപ്പ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പൂർണ്ണമായും അംഗീകരിച്ചുകഴിഞ്ഞ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ വിതരണംചെയ്തുവരുന്നുണ്ട്. അധിക വിഹിതമായി അനുവദിച്ച 94.96 കോടി രൂപയും മറ്റ് വിദ്യാഭ്യാസ ധനസഹായ പദ്ധതികൾക്കായി ബജറ്റിൽ അനുവദിച്ചിട്ടുള്ള 166 കോടി രൂപയും ഉൾപ്പെടെ 593.96 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 233 കോടി രൂപ ചെലവഴിക്കേണ്ട സ്ഥാനത്ത് അത് 593 കോടി രൂപയിലേയ്ക്ക് വർദ്ധനയുണ്ടായിട്ടുണ്ട്. പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് ഈ വർഷം 72.3 കോടി രൂപ വിദ്യാഭ്യാസ ആനുകൂല്യങ്ങളായി വിതരണം ചെയ്തിട്ടുണ്ട്. ലൈഫ് പദ്ധതിയിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 43629 വീടുകൾ അനുവദിച്ചുനൽകിയിട്ടുണ്ട്, ഇതിനായി 802 കോടി രൂപ അനുവദിച്ചിരുന്നു. സേഫ് പദ്ധതിയിൽ 53 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ലൈഫ് പദ്ധതിയിൽ വകയിരുത്തിയ

തുകയിൽ മുൻവർഷത്തേക്കാൾ കുറവ് വന്നിട്ടില്ല. സേഫ് പദ്ധതിയിൽ 1287 വീടുകൾ പൂർത്തീകരിക്കാൻ സാധിച്ചു. ആവശ്യമായ സ്പെസിഫിക്കേഷനോടുകൂടിയ ലാപ്ടോപ്പ് വാങ്ങുന്നതിന് പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് ഏകീകൃതമായി 30000 രൂപ ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന നേരിട്ട് അനുവദിച്ചുവരുന്നു. പട്ടികജാതി വകുപ്പിലെ പദ്ധതികൾ ഗവൺമെന്റ് നടപ്പിലാക്കിവരുന്നത് ഇത്തരത്തിലാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബജറ്റ് അവതരിപ്പിച്ചശേഷം അതുസംബന്ധിച്ചുള്ള ചർച്ചകൾ കഴിഞ്ഞ മൂന്ന് ദിവസമായി ഈ സഭയിൽ വലിയ രീതിയിൽ നടക്കുകയുണ്ടായി. ആ അവസരത്തിലൊന്നുംതന്നെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെ സംബന്ധിച്ച് കാര്യമായ ഒരു ചർച്ചയും ബഹുമാനപ്പെട്ട അംഗങ്ങളിൽനിന്നും ഉയർന്നുവന്നതായി എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല, അത്തരമൊരു സാഹചര്യത്തിൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ചയ്ക്കെടുക്കേണ്ടതില്ല.

(ശ്രീ. എ. പി. അനിൽ കുമാർ)

p-13-02-2025
KS-FM-1
10.00-10.10

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, നമ്മുടെ നിയമസഭ റൂൾ 50

അനുസരിച്ച് ഒട്ടനവധി കാര്യങ്ങൾ ചർച്ചചെയ്തിട്ടുണ്ട്. സാമൂഹ്യ-രാഷ്ട്രീയ പ്രാധാന്യമുള്ള വിഷയങ്ങൾ, കാലിക പ്രാധാന്യമുള്ള വിഷയങ്ങൾ എന്നിവയെല്ലാം ചർച്ച ചെയ്യാറുണ്ട്. കഴിഞ്ഞ കാൽ നൂറ്റാണ്ടുകാലത്തെ നിയമസഭയുടെ ചരിത്രം പരിശോധിച്ചാൽ 'പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്കായി അതത് ഗവൺമെന്റുകൾ വിവിധ പദ്ധതികൾക്കായി പാസ്സാക്കുന്ന പണം ചെലവഴിക്കാൻ കഴിഞ്ഞില്ല, അനിയന്ത്രിതമായി തുക വെട്ടിക്കുറച്ചു' എന്നുപറഞ്ഞുകൊണ്ട് ഒരു റൂൾ 50 എൽ.ഡി.എഫ്. ഭരിക്കുമ്പോഴോ, യു.ഡി.എഫ്. ഭരിക്കുമ്പോഴോ കേരളത്തിന്റെ നിയമസഭയിൽ വന്നിട്ടില്ല. എന്തുകൊണ്ടാണ് ഇപ്പോൾ ഇത്തരത്തിൽ ഒന്നുണ്ടായതെന്ന് പരിശോധിക്കേണ്ടതാണ്. ഇത് രാഷ്ട്രീയമായ കാര്യത്തിനുവേണ്ടി ഉന്നയിച്ച വിഷയമല്ല, കഴിഞ്ഞ കാലങ്ങളിൽനിന്നും വ്യത്യസ്തമായി ഈ ഗവൺമെന്റ് സ്വീകരിച്ച സമീപനമാണ് ഇതിനുകാരണം. ഇത്തരത്തിലൊന്ന് മുൻകാല എൽ.ഡി.എഫ്. ഗവൺമെന്റുകളുടെ ഭരണത്തിലും ഉണ്ടായിട്ടില്ലെന്ന് ഞാൻ പറഞ്ഞുവല്ലോ. എല്ലാ ഗവൺമെന്റുകൾക്കും ഒരു മുൻഗണന ഉണ്ടാകേണ്ടതുണ്ട്. മുൻകാല എൽ.ഡി.എഫ്./യു.ഡി.എഫ്. ഗവൺമെന്റുകളെല്ലാം പരിഗണനാ വിഷയങ്ങളിൽ മുൻഗണന

നൽകിയിരുന്നത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കാണ്. പക്ഷേ നിർഭാഗ്യമെന്നുപറയട്ടേ, ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം മുൻഗണനാ ലിസ്റ്റിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ ഇല്ല എന്നതാണ് ഏറ്റവും പ്രയാസകരമായ കാര്യം. അതുകൊണ്ടുതന്നെയാണ് ഇത്തരത്തിൽ ഒരു റൂൾ 50 ഇവിടെ അവതരിപ്പിക്കേണ്ടിവന്നത്.

റൂൾ 50-യ്ക്ക് ആധാരമായ കാര്യങ്ങളെ സംബന്ധിച്ച് ഞാൻ നോട്ടീസിൽ സൂചിപ്പിച്ചിട്ടുണ്ട്. ഈ വർഷം ജനുവരി 22, 25 തീയതികളിൽ പുറപ്പെടുവിച്ച രണ്ട് ഉത്തരവുകളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് അതിൽ പറഞ്ഞിരിക്കുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെ സംബന്ധിച്ച് പൊതുസമൂഹത്തിനുമുമ്പിൽ ഈ ഗവൺമെന്റ് വലിയ രീതിയിലുള്ള പ്രചാരണങ്ങൾ നടത്തുണ്ട്, വലിയ രൂപത്തിൽ പണം നൽകുന്നു, വലിയ കാര്യങ്ങൾ ചെയ്യുന്നു, എന്നിട്ടും അതിനുള്ള റിസൽട്ട് ഇല്ലാത്തത് എന്തുകൊണ്ടാണെന്ന് ചോദിക്കുന്നവരുണ്ട്. നമ്മൾ കൊടുക്കുന്നത് എന്താണ്? കണക്കുകൾ എടുത്തുനോക്കിയാൽ അക്കാര്യം മനസ്സിലാകും. റവന്യൂ റെസീപ്റ്റിന്റെ 10 ശതമാനം വരുന്ന തുകയല്ല, മറിച്ച് ബജറ്റിൽ നമ്മൾ നീക്കിവയ്ക്കുന്ന പദ്ധതി തുകയുടെ 9-10 ശതമാനം മാത്രമാണ് ഈ വിഭാഗങ്ങൾക്കായി നൽകുന്നത്, ഈ തുക ഏകദേശം 2000-3000 കോടി

രൂപ ആയിരിക്കും. കേരളം രൂപീകരിക്കപ്പെട്ട് ഇത്രകാലമായിട്ടും നേരത്തേ മന്ത്രി പറഞ്ഞപോലെ, സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിനും പഞ്ചായത്തിനുമായി നൽകുന്ന വിഹിതം ഏകദേശം 1300 കോടി രൂപയാണ്, അതായത് സംസ്ഥാനം നൽകുന്നത് 3000 കോടി രൂപയിലും കുറവാണ്. ആ ഫണ്ടിൽപ്പോലും വെട്ടിക്കുറവ് ഉണ്ടാകുകയാണ്. അതുകൊണ്ടുതന്നെ ഈ സഭ ഒറ്റക്കെട്ടായി നിന്നുകൊണ്ട് ഈ പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് നൽകേണ്ട ആനുകൂല്യങ്ങൾ നൽകുന്നതിന് തയ്യാറാകണമെന്നാണ് ഈ ഉപക്ഷേപത്തിലൂടെ അഭ്യർത്ഥിക്കുന്നത്. അതുകൊണ്ടുതന്നെ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണം.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടുള്ള എല്ലാ ആദരവും വച്ചുകൊണ്ടുതന്നെ പറയട്ടേ, ഇന്നലെ അങ്ങ് സഭയിൽ പറഞ്ഞ കാര്യം കേട്ടപ്പോൾ എനിക്ക് വലിയ രീതിയിലുള്ള സഹതാപം തോന്നിയിരുന്നു. കിഫ്ബിയിൽനിന്നും 86000 കോടി രൂപ ചെലവഴിച്ചുവെന്ന് അങ്ങ് പറഞ്ഞു, എഴുതികിട്ടിയ മറുപടിയാണ് അങ്ങ് വായിച്ചത്. അതിൽ 162 കോടി രൂപ പട്ടികവിഭാഗങ്ങൾക്ക് കൊടുത്തുവെന്നും അതിൽത്തന്നെ 50 ശതമാനം പദ്ധതികൾ പൂർത്തീകരിച്ചുവെന്നും മറുപടിയിലുണ്ടായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, 86000 കോടി രൂപ പൊതുവായി ചെലവഴിക്കുമ്പോൾ അതിന്റെ

ഒരു ശതമാനം എന്നുപറയുന്നത് 860 കോടി രൂപയാണ്. 0.5 ശതമാനം 430 കോടി രൂപയും 0.25 ശതമാനം എന്നത് 215 കോടി രൂപയുമാണ്. 1/4 ശതമാനത്തിൽ താഴെ പറയേണ്ടത് എന്താണെന്ന് എനിക്ക് അറിയില്ല, ആ തുകപോലും കൊടുക്കാതെ 162 കോടി രൂപ നൽകി എന്നു പറയുമ്പോൾത്തന്നെ ഇത് visible അല്ലേ; നിങ്ങൾ ബഹളം വയ്ക്കുന്നത് എന്തിനാണ്? (ബഹളം..) ഞാൻ പറഞ്ഞത് പൊതുവായ കാര്യമാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം ചെയറിനെ നോക്കി സംസാരിക്കൂ... അങ്ങോട്ട് നോക്കേണ്ട..

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻപറഞ്ഞത് ഇക്കാര്യം മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവരുടെ ശ്രദ്ധയിൽപ്പെടാനാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ വളരെ ലാഘവത്തോടെ മറുപടി വായിച്ചുപോയപ്പോൾ ഇക്കാര്യമൊന്നും അദ്ദേഹം മനസ്സിൽ ചിന്തിച്ചുകാണില്ല. എന്നാൽ തീർച്ചയായും ഇത് ചിന്തിക്കേണ്ട ഒന്നുതന്നെയാണ്. 86000 കോടി രൂപ നാളെ തിരിച്ചടയ്ക്കേണ്ടത് നമ്മുടെ ഗവൺമെന്റ് ഖജനാവിൽനിന്നുതന്നെയാണ്. ജനസംഖ്യയുടെ പത്ത് ശതമാനം വരുന്ന പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗം നൽകുന്ന നികുതിപ്പണംകൂടി എടുത്തിട്ടാണ് തിരിച്ചടവ് നടത്തേണ്ടത്. അവർക്ക് ഇതൊന്നും

അർഹതപ്പെട്ടതല്ല എന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ; 86000 കോടി രൂപ ചെലവഴിക്കപ്പെട്ടുമ്പോൾ അവർക്ക് കൂടുതലായി പദ്ധതികൾ ആവശ്യമില്ലെന്ന് തോന്നുന്നുണ്ടോ? പാലക്കാട് ജില്ലയിൽനിന്നുള്ള അംഗമാണല്ലോ അവിടെനിന്നും എതിർത്തുകൊണ്ട് പറയുന്നത്, പാലക്കാട് ജില്ലയിലെ മെഡിക്കൽ കോളേജിന് എസ്.സി. ഫണ്ടിൽനിന്നാണ് 25 കോടി രൂപ വകയിരുത്തിയത്. അതിനുവേണ്ടി കിഫ്ബി ഫണ്ടിൽനിന്നും തുക നൽകാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണ്; 50-100 കോടി രൂപ പോലും അതിനായി വകയിരുത്താൻ എന്തുകൊണ്ട് സാധിച്ചില്ല? ഒന്നുകിൽ ബോധപൂർവ്വമായ അവഗണനയാണ്, അതല്ലെങ്കിൽ ഈ വിഷയങ്ങളൊന്നും കാണാതെ പോകുന്നു എന്നതാണ് യാഥാർത്ഥ്യം. ഈ രീതിയിൽ മുമ്പോട്ടുപോയ്ക്കഴിഞ്ഞാൽ പ്രസ്തുത ജനവിഭാഗം വീണ്ടും പിറകോട്ടുതന്നെ പോയ്ക്കൊണ്ടിരിക്കും. അതുകൊണ്ടുതന്നെ ഗവൺമെന്റ് ഇക്കാര്യത്തിൽ വളരെ ശക്തമായ രീതിയിൽ ഇടപെടണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

(തുടരും..)

P.13-02-2025
AV-FM

10.10-10.20

(ശ്രീ. എ. പി. അനിൽകുമാർ തുടർച്ച......)

ലൈഫ് മിഷൻ പദ്ധതിയെക്കുറിച്ച് ഇവിടെ പറഞ്ഞു. ഇപ്പോൾ പഴയ കാലത്തെപ്പോലെയല്ല, ആദ്യഘട്ടങ്ങളിലൊക്കെ മന്ത്രിമാർക്ക് പണം അനുവദിച്ചുകഴിഞ്ഞാൽ അവരെല്ലാം പണം ചെലവഴിക്കും. എന്നാൽ ഇന്ന് നമ്മുടെ സിസ്റ്റം വേറെയാണ്. തുക അനുവധിച്ചാലും ധനകാര്യ വകുപ്പിൽനിന്നും വീണ്ടും അംഗീകാരം ലഭിച്ചാൽ മാത്രമേ ഡിപ്പാർട്ടുമെന്റുകൾക്ക് ഫണ്ട് ചെലവഴിക്കാൻ സാധിക്കുകയുള്ളൂ. 2022-2025-ലെ റിപ്പോർട്ട് ഞാൻ വേഗത്തിൽ വായിക്കാം. ഭവന പദ്ധതിക്കുവേണ്ടി 300 കോടി രൂപ നീക്കിവച്ചെങ്കിലും 120 കോടി രൂപ കട്ട് ചെയ്തു. 60 ശതമാനമായാണ് അവിടെ കുറച്ചത്. വീടുകളുടെ മെയിന്റനൻസിന് 222 കോടി രൂപ വകയിരുത്തിയതിൽ 50 കോടി രൂപ അവിടെ കട്ട് ചെയ്ത് 173 കോടി രൂപയാണ് അനുവദിച്ചത്. ഭൂമി വാങ്ങുന്ന പദ്ധതിക്കുവേണ്ടി 170 കോടി രൂപ വകയിരുത്തിയതിൽ 100 കോടിരൂപ കട്ട് ചെയ്ത് 70 കോടി രൂപയാണ് അനുവദിച്ചത്. വിവാഹ ധനസഹായമായി 86 ലക്ഷം രൂപ വകയിരുത്തിയതിൽ 36 ലക്ഷം കട്ട് ചെയ്ത് ബാക്കി 50 ലക്ഷം രൂപയാണ് അനുവദിച്ചത്. 'വാത്സല്യനിധി' എന്ന പദ്ധതി ഡിപ്പാർട്ടുമെന്റ് നടപ്പാക്കി

വരുന്നുണ്ട്. അതിന് യാതൊരു തുകയും അനുവദിച്ചിട്ടില്ല. സർക്കാർ ഇങ്ങനെയാണോ പ്രയോറിറ്റി ഫിക്സ് ചെയ്യേണ്ടത്; ഇതാണോ ഇടതുപക്ഷത്തിന്റെ സമീപനം? ഇടതുപക്ഷ ഗവൺമെന്റ് ദളിത് വിരുദ്ധ/ ആദിവാസി വിരുദ്ധ ഗവൺമെന്റാണ് എന്നതിന് പ്രകടമായ പല തെളിവുകളും കാണിക്കാൻ കഴിയും. ടി വിഭാഗത്തിന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭ്യമാക്കാതെ ഈ രീതിയിൽ സർക്കാർ മുന്നോട്ടുപോയശേഷം എന്തുപ്രസംഗം നടത്തിയിട്ടും കാര്യമില്ല. ബഹു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി അടുത്ത കാലത്ത് ചാർജെടുത്തതാണ്. അതുകൊണ്ട് ഞാൻ കൂടുതൽ പറയുന്നില്ല. യഥാർത്ഥത്തിൽ ഇന്ന് ഇങ്ങനെയൊരു ഡിപ്പാർട്ടുമെന്റ് വേണോയെന്ന് ചിന്തിക്കുന്ന സാഹചര്യമാണുള്ളത്. വിധവകളായ സ്ത്രീകൾക്ക് നൽകി വരുന്ന സാമ്പത്തിക സഹായം നൽകിയത് എപ്പോഴാണെന്ന് അങ്ങ് മറുപടിയിൽ വ്യക്തമാക്കണം. എന്റെ ജില്ലയിൽ 2021-ലാണ് കൊടുത്തത്. 2021 കഴിഞ്ഞ് നാലുവർഷം കഴിഞ്ഞിട്ടും അവർക്ക് പണം ലഭിച്ചിട്ടില്ല. ആ വിഷയത്തിൽ കോടിക്കണക്കിന് രൂപയാണ് നൽകാനുള്ളത്. വിവാഹ ധനസഹായ കുടിശ്ശിക എത്രയാണെന്ന് അങ്ങ് മറുപടിയിൽ വ്യക്തമാക്കണം. ഇതൊക്കെ നൽകേണ്ടത് ആരാണ്? മിശ്രവിവാഹത്തിന് ധനസഹായം

നൽകിയിട്ട് എത്ര കാലമായി? യു.ഡി.എഫ്. ഭരിക്കുമ്പോൾ ചികിത്സാ ധനസഹായമുൾപ്പെടെയുള്ള കാര്യങ്ങളിൽ എത്ര രൂപയാണ് കൊടുത്തിരുന്നതെന്ന് അറിയാമോ? ശ്രീ. കോവൂർ കുഞ്ഞുമോൻ എം.എൽ.എ.യൊക്കെ ആ സമയത്ത് ഇവിടെയുണ്ട്. യാതൊരു വിവേചനവുമില്ലാതെ ആവശ്യമായ തുകകൾ കൊടുത്തിരുന്ന കാലഘട്ടമുണ്ടായിരുന്നു. ഇന്ന് എന്താണ് സ്ഥിതി? പാവപ്പെട്ട പട്ടികജാതി വിഭാഗക്കാരെ സംബന്ധിച്ചിടത്തോളം സാമ്പത്തികമായി ജീവിക്കാൻതന്നെ ബുദ്ധിമുട്ടാണ്. ഒരു അസുഖം കൂടി വന്നാലുള്ള അവരുടെ സ്ഥിതിയെന്താണ്? അവരുടെ ചികിത്സാ ധനസഹായത്തിന്റെ കാര്യത്തിലെങ്കിലും നമ്മൾ പരിഗണന കൊടുക്കേണ്ടേ? ഈ ഗവൺമെന്റ് അത് കൊടുക്കുന്നില്ല. പിന്നാക്കക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ 'ഉന്നതി' എന്ന പേരിലൊരു പദ്ധതി കൊണ്ടുവന്നു. അതിന്റെ പ്രവർത്തനം പൂർണ്ണമായും നിലച്ചു, ഇപ്പോൾ അങ്ങനെയൊരു പദ്ധതിയില്ല. ഈ വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ധാരാളം കാവുകളും കുളങ്ങളുമുണ്ട്. അതൊക്കെ സംരക്ഷിക്കാനുള്ള പദ്ധതി യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്നിരുന്നു. അത് ഈ ഗവൺമെന്റ് നിർത്തലാക്കി. ഇതെല്ലാം നിർത്തലാക്കാൻവേണ്ടി ഒരു മന്ത്രിയും വകുപ്പും വേണോ? പദ്ധതി നിർത്തലാക്കാനാണോ ഒരു വകുപ്പ്?

ഇന്നലെ ബഹു. മന്ത്രിയുടെ മറുപടിയിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കായി 67 കോടി രൂപ നൽകിയെന്ന് സൂചിപ്പിക്കുകയുണ്ടായി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ഒന്നും രണ്ടും വർഷം വൈകി വിതരണം ചെയ്യുമ്പോൾ പട്ടികജാതി വിദ്യാർത്ഥികൾ സ്ഥാപന മേധാവികളുടെയും സഹപാഠികളുടെയും മുന്നിൽ പരിഹാസപാത്രമായി നിൽക്കുന്ന ദയനീയമായ അവസ്ഥ നിലനിൽക്കുന്നു. ഫീസ് യഥാസമയം കൊടുക്കാത്തതുകാരണം പരീക്ഷ എഴുതാൻ അനുവദിക്കാതിരിക്കുക, ടി.സി.-യും സർട്ടിഫിക്കറ്റുകളും തടഞ്ഞുവയ്ക്കുക, ഹൗസ് സർജൻസി തടയുക, ക്ലാസ്സിൽ കയറ്റാതിരിക്കുക തുടങ്ങി വിദ്യാർത്ഥികളുടെ പഠനവും ഭാവിയും അഭിമാനവുംവരെ തകരാറിലാക്കുന്നതായ നിരവധി പരാതികൾ ലഭിക്കുന്നുണ്ട്. ഇത് എന്റെ വാക്കുകളല്ല; ഞാൻ എഴുതിക്കൊണ്ട് വന്നതല്ല. പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ധനകാര്യ വകുപ്പിനെഴുതിയ കത്തിലെ വരികളാണിത്. ഡയറക്ടർക്ക് മനസ്സലിഞ്ഞിട്ടുപോലും ധനകാര്യ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മനസ്സലിഞ്ഞില്ല. 67 കോടി രൂപ കൊടുത്തുവെന്ന് അങ്ങ് പറയുന്നു. എത്രയാണ് കുടിശ്ശികയുള്ളത്? വിദേശസഹായവുമായി ബന്ധപ്പെട്ട് കുടിശ്ശികയുണ്ടെന്ന് മന്ത്രിതന്നെ പറഞ്ഞല്ലോ. എല്ലാം കുടിശ്ശികയാണ്. ഇന്ന് കൊഴിഞ്ഞുപോക്ക് കേരളത്തിൽ

കൂടി വരികയാണ്. അക്കാര്യം അങ്ങ് പരിശോധിക്കണം.

മി. സ്പീക്കർ: അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. എ. പി. അനിൽകുമാർ: സർ, ഞാൻ അവസാനിപ്പിക്കാം. എസ്.സി./എസ്.ടി. വിഭാഗത്തിൽനിന്നുപോലും കൊഴിഞ്ഞുപോക്ക് കൂടുന്നു. പഠിക്കാനുള്ള പിന്തുണയും സപ്പോർട്ടും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായില്ലെങ്കിൽ ഇവർക്ക് എങ്ങനെ മുന്നോട്ടുപോകാൻ സാധിക്കും? പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് എന്നുപറയുന്നത് ഇന്ന് ബോർഡ് മാത്രമായി അവശേഷിക്കുന്നു. ആവശ്യമായ പണം നൽകാത്തതിന്റെ പേരിൽ ഇന്ന് കുട്ടികൾക്ക് പഠിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

'വിദ്യാവാഹിനി' എന്ന പദ്ധതിക്കുവേണ്ടി ഇപ്രാവശ്യം തുക കൊടുത്തോ? എത്ര രൂപയാണ് കുടിശ്ശികയുള്ളത്? ആദിവാസി ഊരുകളിൽനിന്നും കുട്ടികൾക്ക് പഠിക്കാൻ വരേണ്ടത് വാഹനമാർഗമാണ്. എന്നാൽ ആറുമാസമായി വണ്ടിയോടിക്കുന്നില്ല. പിന്നെ എങ്ങനെ നമുക്ക് കുട്ടികളുടെ കൊഴിഞ്ഞുപോക്കില്ലാതിരിക്കും? എസ്.എസ്.എൽ.സി.-ക്കും ഹയർസെക്കന്ററിക്കും എല്ലാ വിഷയങ്ങൾക്കും എ പ്ലസ് കിട്ടുമ്പോഴും മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയിൽ ഉന്നതവിജയം

കൈവരിക്കുമ്പോഴും അവരെ ആദരിക്കുന്ന ചടങ്ങുണ്ടായിരുന്നു. അത് യു.ഡി.എഫ്.-ന്റെ കാലത്ത് തുടങ്ങിയതാണ്. ഇപ്പോൾ അത് നടത്തിയിട്ട് എത്ര കാലമായി? അതുപോലെ ബുക്ക് ബാങ്ക് പദ്ധതി കുട്ടികൾക്ക് സഹായമായിരുന്നു. ഇത്തരം ഒട്ടനവധി പദ്ധതികൾ നിർത്തി വച്ചു. നടപ്പാക്കുന്ന പദ്ധതികൾക്ക് പണം അനുവദിക്കാത്ത വളരെ ഗുരുതരമായ സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. ഏറ്റവും പിന്നോക്കം നിൽക്കുന്ന ഒരു ജനവിഭാഗത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ താൽപര്യം കാണിക്കാത്ത ഈ ഗവൺമെന്റിന്റെ നടപടികൾ അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ഈ ഗൗരവമായ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

(ശ്രീ. ഒ. ആർ. കേളു)

P.13-02-2025
AV-FM
10.10-10.20

<u>എസ്.സി/എസ്.ടി. വിഭാഗങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കൽ</u>

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (<u>ശ്രീ. ഒ. ആർ. കേളു</u>): സർ, ഇവിടെ പട്ടികജാതി- പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ലെന്ന് പറയുന്നത്

അംഗീകരിക്കാൻ സാധിക്കില്ല. ഇവിടെ എൽ.ഡി.എഫ്., യു.ഡി.എഫ്. സർക്കാരുകൾ മാറിമാറി ഭരണം നടത്തിയിട്ടുണ്ട്. ജനസംഖ്യാനുപാതികമായ കണക്കെടുക്കുമ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് ആനുപാതികമായി ഫണ്ട് നീക്കി വയ്ക്കുന്ന ഒരു എൽ.ഡി.എഫ്. ഗവൺമെന്റിനെ നമുക്ക് കാണാൻ സാധിക്കും. ഇത് രേഖാമൂലം പരിശോധിക്കാവുന്ന കാര്യമാണ്. വ്യക്തമായി പരിശോധിച്ചാൽ ജനസംഖ്യാനുപാതത്തെക്കാൾ കൂടുതൽ തുകയാണ് എൽ.ഡി.എഫ്. ഗവൺമെന്റ് നീക്കി വച്ചിരിക്കുന്നതെന്ന് എല്ലാവർക്കും കൃത്യമായി മനസ്സിലാക്കാൻ സാധിക്കും. (.......ബഹളം.......)

മി. സ്പീക്കർ: അദ്ദേഹം സംസാരിക്കട്ടെ. ബഹുമാനപ്പെട്ട മിനിസ്റ്റർ ചെയറിനെ നോക്കി സംസാരിച്ചാൽ മതി.

ശ്രീ. ഒ. ആർ. കേളു: സർ, യു.ഡി.എഫ്.-ഉം കോൺഗ്രസ്സും ഭരിക്കുന്ന സംസ്ഥാനങ്ങൾ ഇന്ത്യയിലുണ്ടല്ലോ. തൊട്ടടുത്ത കർണ്ണാടകപോലുള്ള മറ്റ് സംസ്ഥാനങ്ങളിൽ ഈ രീതി അവലംബിക്കുന്നുണ്ടോ? അവിടെയൊന്നും ഈ രീതി അവലംബിക്കുന്നില്ലെന്ന് മാത്രമല്ല, അത്തരം സംസ്ഥാനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് പ്രത്യേക പരിഗണനപോലും നൽകുന്നില്ലെന്ന് നമുക്ക് കാണാൻ സാധിക്കും. നിങ്ങൾ രേഖ

പരിശോധിച്ചുകൊണ്ട് പറഞ്ഞോളൂ. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പ്രധാനമായും വിദ്യാഭ്യാസ പദ്ധതി പോലുള്ള പല പദ്ധതികളും സംസ്ഥാന-കേന്ദ്ര ഗവൺമെന്റുമായി ചേർന്നാണ് നടപ്പാക്കുന്നത്. കുടുംബവാർഷിക വരുമാനം രണ്ട് ലക്ഷത്തിൽ കൂടുതലുള്ള വിദ്യാർത്ഥികൾക്ക് കേന്ദ്ര ഗവൺമെന്റ് വിദ്യാഭ്യാസ ആനുകൂല്യം നിഷേധിച്ചു. പക്ഷേ ഇക്കാര്യത്തിൽ കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ച നിലപാട് എന്താണ്? പട്ടികജാതി/പട്ടികവർഗ്ഗ കുട്ടികൾക്ക് വരുമാനപരിധി പരിശോധിക്കാതെയാണ് വിദ്യാഭ്യാസ ആനുകൂല്യം നൽകിക്കൊണ്ടിരിക്കുന്നത്. എസ്.സി./.എസ്.ടി വിഭാഗത്തിന്റെ 2023-24 വരെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ പൂർണ്ണമായും കൊടുത്തുകഴിഞ്ഞു. കുട്ടികൾ എൻറോൾ ചെയ്തുവരുന്നതിനാൽ അത് പൂർത്തീകരിക്കുന്ന മുറയ്ക്ക് നടപ്പുസാമ്പത്തിക വർഷത്തെ തുക അവർക്ക് കൊടുക്കാൻ സാധിക്കും.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് ധനകാര്യ വകുപ്പുമന്ത്രി 68 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതും നമുക്ക് കൊടുക്കാൻ സാധിക്കും. 2024-2025-ൽ കേന്ദ്ര പട്ടികവർഗ്ഗ മന്ത്രാലയത്തിന് മൊത്തം വകയിരുത്തിയത് 13000 കോടി രൂപയായിരുന്നത് 2025-2026 -ലെ ബഡ്ജറ്റ് രേഖകളിൽ പുതുക്കി നിശ്ചയിച്ചു. 2800 കോടി രൂപയുടെ,

അതായത് 22 ശതമാനം തുകയാണ് കേന്ദ്രസർക്കാർ കുറവ് വരുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച കാര്യങ്ങൾ പ്രതിപക്ഷാംഗങ്ങൾ പരിശോധിക്കേണ്ടേ?

കേരളത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ ഒരാൾ പോലും കൊഴിഞ്ഞുപോകാതെ എല്ലാവരെയും സ്കൂളിലെത്തിക്കുന്നതിന്റെ ഭാഗമായി 'വിദ്യാവാഹിനി' പദ്ധതി നടപ്പാക്കുന്നുണ്ട്. അതിനുള്ള ഫണ്ടും കൊടുക്കുന്നുണ്ട്. ബില്ല് വരുന്നതിനനുസരിച്ചാണ് ഫണ്ട് കൊടുത്തുകൊണ്ടിരിക്കുന്നത്. തൊള്ളായിരത്തിലധികം പഞ്ചായത്തുകൾ ഇതിൽ വരുന്നുണ്ട്. അവിടെനിന്നും ബിൽ വരുന്നതനുസരിച്ചാണ് ഫണ്ട് നൽകികൊണ്ടിരിക്കുന്നത്. സ്വാഭാവികമായും ഏറ്റക്കുറച്ചിലുകളുണ്ടാകാം. അല്ലാതെ ഫണ്ട് നൽകുന്നില്ലെന്ന് പറയുന്നത് ശരിയല്ല. അത് നൽകിക്കൊണ്ടിരിക്കുകയാണ്.

(തുടരും.......)

P-13-02-2025
VV-FM-I
10.20-10.30

(ശ്രീ. ഒ. ആർ. കേളു തുടർച്ച)

അതുപോലെതന്നെ ഉന്നതി പദ്ധതിയുടെ കാര്യം ഇവിടെ ഉന്നയിച്ചു. ഒരു

കുട്ടിക്ക് 25 ലക്ഷം രൂപയാണ് വിദേശപഠനത്തിന് കൊടുക്കുന്നത്. അത്തരത്തിൽ നിലവിൽ 800 കുട്ടികൾ വിദേശ രാജ്യങ്ങളിൽ പഠിച്ചുകൊണ്ടിരിക്കുന്നുണ്ട്. അതുകൊണ്ട് ഒന്നും നടക്കുന്നില്ലെന്ന് പറയാൻ സാധിക്കുമോ? ആ പദ്ധതിയിലൂടെതന്നെ 56 ഓളം കുട്ടികൾക്ക് ഇന്റേൺഷിപ്പ് കൊടുക്കാനും നമുക്ക് സാധിച്ചു. അതൊരു നേട്ടമല്ലേ? അതിന് പുറമെയാണ് സിവിൽ സർവീസ്, എം.ബി.ബി.എസ്., വിവിധ പാരാമെഡിക്കൽ കോഴ്സുകൾ, നഴ്സിങ് എന്നിവ പഠിപ്പിക്കുന്നത്. 'വിംഗ്സ്' എന്ന പേരിൽ പൈലറ്റ് പരിശീലനം നൽകുന്ന പദ്ധതിയുമുണ്ട്. കഴിഞ്ഞ ദിവസംതന്നെ അതുവഴി തിരുവനന്തപുരം എയർപോർട്ടിലേക്ക് സെലക്ഷൻ കിട്ടിയ ഒരു കുട്ടിക്ക് 12 ലക്ഷം രൂപ അനുവദിച്ചു. ഇങ്ങനെയൊക്കെ നടക്കുമ്പോൾ ഒന്നും നടക്കുന്നില്ലെന്ന് പറയുന്നത് ശരിയല്ല. 2018-ൽ കോവിഡ് സമയത്ത് കുട്ടികൾക്ക് പഠിക്കാൻ കഴിയാത്ത സാഹചര്യം വന്നപ്പോൾ ഏകദേശം 41 കോടി രൂപ മുടക്കി കേരളത്തിലെ എല്ലാ കുട്ടികൾക്കും ലാപ്ടോപ് കൊടുത്തത് നമ്മളെല്ലാവരും കണ്ടതാണല്ലോ. എല്ലാവരുടെയും മണ്ഡലത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇത് എൽ.ഡി.എഫ്. ഭരിച്ചപ്പോഴാണ് നടന്നത്. ഇതാണ് ഈ ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

മറ്റൊരു കാര്യം തൊഴിലുമായി ബന്ധപ്പെട്ടുള്ളതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGA) പ്രകാരം 100 തൊഴിൽദിനങ്ങളാണ് പട്ടികവർഗ വിഭാഗക്കാർക്ക് കൊടുക്കുന്നതെങ്കിൽ 100 തൊഴിൽദിനങ്ങൾക്കുകൂടി ഫണ്ട് വകയിരുത്തിക്കൊണ്ട് ഒരു കുടുംബത്തിന് ഒരു വർഷം 200 തൊഴിൽദിനങ്ങൾ നൽകുന്ന ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ട്. കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ 200 തൊഴിൽദിനങ്ങൾ പൂർത്തീകരിച്ച പഞ്ചായത്തുകളെയും വ്യക്തികളെയും തിരുവനന്തപുരത്ത് വിളിച്ച് ആദരിക്കുകയുണ്ടായി. ഇതൊരു വലിയ നേട്ടമല്ലേ. മികച്ച തൊഴിലവസരങ്ങൾ ഉറപ്പാക്കുന്നതിനായി ഡിജിറ്റൽ യൂണിവേഴ്സിറ്റി വിമാനത്താവള ജോലികൾ പരിശീലിപ്പിക്കുന്നതിനെക്കുറിച്ച് ഞാൻ പറഞ്ഞു. അതുപോലെ TRACE (Training and Research Academy for Career Excellence) പദ്ധതിക്കുകീഴിൽ 500 അക്രഡിറ്റഡ് എഞ്ചിനീയർമാരെ ഇന്റേൺഷിപ്പ് നൽകി കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നിയമിച്ചിട്ടുണ്ട്. ആ രണ്ട് വർഷം ഇന്റേൺഷിപ്പ് കൊടുക്കുമ്പോൾ ആ കുട്ടികൾക്കുള്ള ഓണറേറിയം നിലവിൽ പട്ടികജാതി-പട്ടികവർഗ വികസന വകുപ്പാണ് നൽകിവരുന്നത്. ഇങ്ങനെ നിരവധി കാര്യങ്ങൾ ഗവൺമെന്റിന്റെ

ഭാഗത്തുനിന്നും ഇവിടെ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. മൂന്ന് വർഷംകൊണ്ട് 11358 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്. പട്ടികജാതി- പട്ടികവർഗക്കാർക്ക് ഭൂമി ലഭ്യമാക്കണമെന്നതാണ് സർക്കാരിന്റെ നയം. അവർക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടിയും ഈ സർക്കാർ ചെയ്തുവരുന്നുണ്ട്. എല്ലാ പട്ടികവർഗക്കാർക്കും ഭൂമിയുള്ള ജില്ലയായി തിരുവനന്തപുരം ജില്ലയെ മാറ്റിയെടുക്കാൻ സാധിച്ചു. അതിന്റെ തുടർച്ച ഞാൻ കഴിഞ്ഞ ദിവസത്തെ മറുപടിയിൽ പറഞ്ഞിരുന്നു. എല്ലാവർക്കും കൃത്യമായി ഭൂമി ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതുപോലെ സ്വന്തം വീട്ടിൽ ഇരുന്ന് പഠിക്കാൻ സൗകര്യക്കുറവുള്ള വീടുകളിലെ കുട്ടികൾക്ക് പഠനമുറി പ്രത്യേകമായി നിർമ്മിക്കാൻ 17000-ത്തോളം യൂണിറ്റുകളാണ് ഈ ഗവൺമെന്റ് നടപ്പാക്കിയത്. പാലക്കാട് മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്.-ന് പ്രതിവർഷം 100 സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. അതിൽ 70% സീറ്റുകൾ പട്ടികജാതിക്കാർക്കും 2% സീറ്റുകൾ പട്ടികവർഗക്കാർക്കും 28% സീറ്റുകൾ ഇതര വിഭാഗക്കാർക്കുമാണ് സംവരണം ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട പ്രമേയാവതാരകൻ മന്ത്രിയായിരുന്ന സമയത്താണ് പാലക്കാട് മെഡിക്കൽ കോളേജ് ആരംഭിച്ചതെന്ന് നമുക്കെല്ലാവർക്കുമറിയാം. യു.ഡി.എഫ്.

അധികാരത്തിലിരിക്കുമ്പോൾ 28.68 കോടി രൂപ ചെലവാക്കിക്കൊണ്ടാണ് ടി മെഡിക്കൽ കോളേജ് ആരംഭിച്ചത്. എന്നാൽ ഇപ്പോൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആകെ 476.98 കോടിയോളം രൂപ മുടക്കി അത് full strength-ലേക്ക് കൊണ്ടുവരികയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ അതിൽ പ്ലാൻ, നോൺ പ്ലാൻ സംബന്ധിച്ച് ചില വിഷയങ്ങളുണ്ട്, അതും വകുപ്പ് നിലവിൽ പരിശോധിച്ചുവരികയാണ്. പൊതുകണക്ക് ഇവിടെ പരിശോധിക്കുമ്പോൾ നമുക്കറിയാമല്ലോ, യു.ഡി.എഫ്.-ന്റെ കാലത്ത് പട്ടികജാതി-പട്ടികവർഗത്തിനുവേണ്ടി എത്ര ചെലവഴിച്ചു, എൽ.ഡി.എഫ്.ന്റെ കാലത്ത് എത്ര ചെലവഴിച്ചു എന്നത്. യു.ഡി.എഫ്.-ന്റെ കാലത്ത് (2011-16) ആകെ 1366 കോടി രൂപയാണ് ചെലവഴിച്ചത്. അതേസമയം ഇവിടെ എൽ.ഡി.എഫ്. സർക്കാർ വന്നതിനുശേഷം പട്ടികവർഗത്തിനുവേണ്ടി 2386 കോടി രൂപയാണ് ചെലവഴിച്ചത്. യു.ഡി.എഫ്.-ന്റെ കാലത്ത് എസ്.സി. വിഭാഗത്തിന് 4280 കോടി രൂപമാത്രമാണ് ചെലവഴിച്ചത്. എന്നാൽ എൽ.ഡി.എഫ്. വന്നപ്പോൾ 5600 കോടി രൂപ ആ വിഭാഗത്തിന് ചെലവഴിച്ചു. എല്ലാ കാര്യങ്ങളും ഞാൻ വിശദീകരിക്കുന്നില്ല. ഒരുപാട് കാര്യങ്ങൾ നടക്കുന്നില്ല എന്ന് പറയുന്നത് ശരിയല്ല. പിന്നെ ഇവിടെ ചൂണ്ടിക്കാണിച്ച വിവാഹ/മിശ്രവിവാഹ

ധനസഹായം കൊടുത്തുവരുന്നുണ്ട്. ഓരോ വർഷവും വരുന്ന അപേക്ഷകളിൽ മുൻഗണനാടിസ്ഥാനത്തിലാണ് ഈ ആനുകൂല്യങ്ങൾ കൊടുത്തുകൊണ്ടിരിക്കുന്നത്. ടി അപേക്ഷ നിശ്ചിത സമയത്തിനുള്ളിൽ നൽകണം. ഇപ്പോൾ ശ്രദ്ധയിൽവന്നിട്ടുള്ള കാര്യമെന്തെന്നാൽ പല ആളുകളും മൂന്നും നാലും വർഷം കഴിഞ്ഞാണ് അപേക്ഷയുമായി വരുന്നത്. അത്തരം കാര്യങ്ങൾപോലും വകുപ്പ് പരിശോധിച്ച് അവർക്കനുകൂലമായ നടപടി സ്വീകരിച്ചുവരികയാണ്.

വാത്സല്യനിധിയുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ ഇവിടെ പറഞ്ഞു. എൽ.ഐ.സി.യുമായി ചേർന്നായിരുന്നു ടി പദ്ധതി നേരത്തെ നടത്തിക്കൊണ്ടിരിക്കുന്നത്. എന്നാൽ, എൽ.ഐ.സി. വാത്സല്യനിധിയിൽനിന്നും പിന്മാറിയതുകൊണ്ട് ചില നിയമപ്രശ്നങ്ങൾ ഇപ്പോൾ നിലവിലുണ്ട്. അത് പരിഹരിക്കുന്നതിനുവേണ്ടി ശ്രമിക്കുന്നുണ്ട്. വിദ്യാവാഹിനിയുടെ കാര്യം ഞാനിവിടെ സൂചിപ്പിച്ചു. അതുപോലെ ലൈഫ് ഭവന പദ്ധതിയിൽ ഈ സാമ്പത്തിക വർഷം വകുപ്പിന്റെ അലോക്കേഷൻ പ്രകാരമുള്ള എല്ലാ തുകയും നൽകിക്കഴിഞ്ഞു.

മറ്റൊരു കാര്യം ഇവിടെ ഉന്നയിച്ചത് കിഫ്ബി ഫണ്ടിനെക്കുറിച്ചാണ്. കിഫ്ബി ഫണ്ട് ഉപയോഗിക്കുന്നത് എങ്ങനെയാണ്? കേരളത്തിലെ

പൊതുറോഡുകൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ പട്ടികജാതി പട്ടികവർഗം തുടങ്ങി കേരളത്തിലെ എല്ലാ ജനതയും ഉപയോഗിക്കുന്നുണ്ട്. സ്കൂൾ എന്നത് മറ്റൊരു ഫോക്കസ്സാണ്. സ്കൂളുകളിൽ ജനറൽ വിഭാഗം മാത്രമാണോ പഠിക്കുന്നത്, എല്ലാവരും പഠിക്കുന്നില്ലേ. അപ്പോൾ അതിന്റെ ഗുണം ആ വിഭാഗങ്ങൾക്കും അവിടെ ലഭിക്കുന്നില്ലേ. കിഫ്ബി മുഖേന ആശുപത്രികൾ നന്നാക്കുമ്പോൾ കേരളം പോലുള്ള ഒരു സംസ്ഥാനത്ത് ഒരു വിഭാഗത്തെ മാത്രം പ്രത്യേകം മാറ്റിനിർത്തില്ലല്ലോ. എല്ലാവർക്കും ഉപയോഗിക്കുന്ന രീതിയിൽ പ്രത്യേകമായ ചില പദ്ധതികൾ ഫോക്കസ് ചെയ്തുതന്നെയാണ് കിഫ്ബി പദ്ധതികൾ വിഭാവന ചെയ്തിരിക്കുന്നത്. അങ്ങനെയാണ് അത് നടപ്പാക്കിവരുന്നത്. അതിന്റെ ഗുണങ്ങൾ എല്ലാവർക്കും ലഭിക്കുന്നുണ്ട്, അതിൽ ചേരിതിരിവ് പറഞ്ഞുണ്ടാക്കേണ്ടതില്ല. ഇത്രയും കാര്യങ്ങളാണ് ഇവിടെ ഉന്നയിച്ച കാര്യങ്ങളെ സംബന്ധിച്ച് ഞാൻ പറയുന്നത്. അതുകൊണ്ടുതന്നെ ഇവിടെ ഒന്നും നടക്കുന്നില്ല എന്ന അർത്ഥത്തിൽ പറഞ്ഞുപോകുന്നത് ശരിയല്ല.

ഇവിടെ അവസാനം ചോദിച്ചത് പ്രയോരിറ്റിയെക്കുറിച്ചാണ്. ഒരു പദ്ധതി നടപ്പാക്കുമ്പോൾ ഒരു പ്രയോരിറ്റി നിശ്ചയിച്ചിട്ടുണ്ട്. ചികിത്സാ ധനസഹായം സ്വാഭാവികമായും മുൻഗണന കൊടുക്കേണ്ട കാര്യമാണ്.

അതിന് മുൻഗണന കൊടുത്തിട്ടുണ്ട്. കൂടാതെ കുട്ടികളുടെ ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, സ്കോളർഷിപ്പ്, ലൈഫ് പദ്ധതി തുടങ്ങിയ കാര്യങ്ങൾ നടപ്പാക്കുന്നതിന് മുൻഗണന നൽകണം. ഇത്തരത്തിൽ ഏറ്റവും പ്രധാനപ്പെട്ട പദ്ധതികൾ വേഗംതന്നെ നടപ്പാക്കേണ്ടതുള്ളതിനാൽ ഒരു മുൻഗണനാക്രമം നിശ്ചയിച്ചു എന്നുള്ള കാര്യം ശരിയാണ്. ആ രീതിയിലാണ് ഇവിടെ കാര്യങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അവസാനമായി 'ഉന്നതി'യെ സംബന്ധിച്ചാണ് ഇവിടെ പറയാനുള്ളത്. പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന എല്ലാ പദ്ധതികളെയും കോർഡിനേറ്റ് ചെയ്യുന്നതിനുവേണ്ടി ഒരു സൊസൈറ്റി രൂപീകരിച്ചതാണ് 'ഉന്നതി' എന്നുപറയുന്നത്. അത് ഒരു സൊസൈറ്റിയാണ്, അതിന് ഒരു ബൈലോ ഉണ്ട്. ഉദാഹരണത്തിന് ഉന്നതി സ്കോളർഷിപ്പ്, ഉന്നതി വിംഗ്സ്, അതുപോലെ ഒരു കോളനിയുടെ പേര് മാറ്റി 'ഉന്നതി' എന്നാക്കി. അത്തരത്തിൽ ഒരു ബ്രാൻഡ് നെയിംപോലെ കൊടുത്തുകൊണ്ട് ഒരു സൊസൈറ്റി രൂപീകരിച്ച് രണ്ട് വകുപ്പുകളിലെയും എല്ലാ പദ്ധതികളും കൂട്ടിയോജിപ്പിച്ച് ഏറ്റവും നല്ല രീതിയിൽ നടപ്പാക്കുന്നതിനുവേണ്ടിയാണ് ഉന്നതി ഇവിടെ രൂപീകരിച്ചിട്ടുള്ളത്. അല്ലാതെ ഉന്നതി മരിച്ചുപോയി എന്നുപറയുന്നത് ശരിയല്ല. ഇതാണ് ഉന്നതിയെ സംബന്ധിച്ച് എനിക്ക്

ഇവിടെ സൂചിപ്പിക്കാനുള്ളത്. ഈ വകുപ്പിൽ ഒന്നും നടക്കുന്നില്ല എന്നുപറയുന്നത് ശരിയല്ല. ആയതിനാൽ ഈ വിഷയം സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യേണ്ടതില്ലെന്ന് ഞാൻ അറിയിക്കുന്നു.

(ശ്രീ. കെ. എൻ. ബാലഗോപാൽ).

P. 13-01-2025-RA-SG (1)-LV
10.30-10.40

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി ശ്രീ. ഒ. ആർ. കേളു വകുപ്പുമായി ബന്ധപ്പെട്ട് അനുവദിച്ച തുകയെ സംബന്ധിച്ചും ചെലവാക്കുന്ന തുകയെ സംബന്ധമെല്ലാം വളരെ വിശദമായി സംസാരിച്ചുകഴിഞ്ഞു. യഥാർഥത്തിൽ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം ജനങ്ങൾക്കിടയിൽ കൂടുതൽ തെറ്റിദ്ധാരണയുണ്ടാക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഇവിടെ അവതരിപ്പിച്ചത്. കാരണം, ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ശശി ഒരു സബ്മിഷനിലൂടെ വളരെ വിശദമായി കാര്യങ്ങൾ ഉന്നയിക്കുകയും വളരെ കൃത്യമായ വിശദാംശങ്ങൾ നൽകുകയും ചെയ്തതാണ്. കൂടാതെ, സഭയിൽ മൂന്ന് ദിവസമായി നടന്ന ബജറ്റ് ചർച്ചയിന്മേൽ ഇക്കാര്യങ്ങളെല്ലാം വിശദീകരിക്കുകയും ചെയ്തശേഷവും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക്

യാതൊന്നും കൊടുക്കുന്നില്ലെന്ന കാര്യം ഇപ്പോൾ വീണ്ടും ഉപക്ഷേപമായി അവതരിപ്പിക്കുന്നത് അവതാരകന് കാര്യങ്ങൾ മനസ്സിലാകാത്തതുകൊണ്ടല്ല, കേരളത്തിൽ നടക്കുന്നൊരു ക്യാമ്പയിനിന്റെ ഭാഗമായുള്ള ന്യൂസ് കട്ടിംഗിനുവേണ്ടിയാണ് ഇത് ചെയ്യുന്നത്. എത്രയൊക്കെ മറുപടി പറഞ്ഞാലും കേരളത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്കായി സർക്കാർ പണം ചെലവാക്കുന്നില്ല എന്നതുൾപ്പെടെയുള്ള കാര്യങ്ങളൊക്കെ തന്നെ അവർ വീണ്ടും പറഞ്ഞുകൊണ്ടിരിക്കും; കാരണം, യഥാർഥത്തിൽ ഇതൊക്കെ ഒരു തരം കൗണ്ടർ കട്ട് തന്നെയാണ്. കാരണം, യഥാർത്ഥത്തിൽ ജനങ്ങൾ മനസ്സിലാക്കേണ്ട കാര്യങ്ങളാണിത്. ഇത്തരം കാര്യങ്ങൾ വിശദമായി പറയുന്നതിനുവേണ്ടി ഞാൻ അധികം സമയമൊന്നും എടുക്കുന്നില്ല. പത്ത് മിനിട്ടിനുള്ളിൽ പറഞ്ഞവസാനിപ്പിക്കാം. അദ്ദേഹം പറഞ്ഞ എല്ലാ കാര്യങ്ങൾക്കും ഞാൻ മറുപടി പറയുന്നില്ല. എന്നിരുന്നാലും ടി ഉപക്ഷേപം സംബന്ധിച്ച് ധനകാര്യ വകുപ്പുതന്നെ മറുപടി പറയണമെന്നായിരുന്നു ബഹുമാനപ്പെട്ട ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ആവശ്യം. ഇന്ത്യയിൽ അതിദരിദ്രരായ എസ്.സി./എസ്.ടി./പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരെക്കൂടി ഉൾപ്പെടുത്തിയാണല്ലോ അതിദരിദ്രരുടെ എണ്ണം കണക്കാക്കുന്നത്. മൂന്നരക്കോടിയോളം ജനങ്ങളുള്ള കേരളത്തിൽ

പതിനായിരത്തി ചില്ല്വാനം ആളുകൾകൂടി അതിദരിദ്രരുടെ പട്ടികയിൽനിന്നും മാറ്റപ്പെട്ടാൽ കേരളം അതിദരിദ്രരില്ലാത്തൊരു സംസ്ഥാനമാകും. ഇത് സംസ്ഥാന സർക്കാർ നിയമസഭയിൽ പറയുന്ന കണക്കല്ല; മറിച്ച് നീതി ആയോഗ് ഉൾപ്പെടെയുള്ള ഏജൻസികളുടെ കണക്കാണ്. കാരണം, സംസ്ഥാനത്തെ ദുർബല വിഭാഗങ്ങളിൽ ഏറ്റവും കൂടുതലുള്ളത് എസ്.സി മാത്രമാണെന്നതുകൊണ്ടാണ് പറഞ്ഞത്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും 20-30 ശതമാനത്തോളം അതിദരിദ്രരുള്ളപ്പോൾ കേരളത്തിൽ അതിനൊരു മാറ്റത്തിനുള്ള ശ്രമമാണ് ആദ്യം ആരംഭിച്ചത്. അങ്ങനെയൊരു ശ്രമം ആരംഭിച്ചുകഴിഞ്ഞാൽ പിന്നെ എത്രയോ കാര്യങ്ങൾ പൂർത്തിയാക്കാനുണ്ട്. ദാരിദ്രനിർമ്മാർജ്ജനവും ഒരു ജോലിയും മാത്രമല്ല അവർക്ക് മികച്ച വിദ്യാഭ്യാസവും ആരോഗ്യവും സ്വന്തമായി ജോലി ചെയ്യാൻ സാധിക്കുന്ന സാഹചര്യവും ഒരുക്കിക്കൊടുക്കുകയെന്നാണ് സർക്കാർ തീരുമാനിച്ചത്. അതിനൊരു ഉത്തമ ഉദാഹരണമായി, ഈ ഗവൺമെന്റ് കണ്ണൂർ ജില്ലയിൽ നവകേരളം സദസ്സ് നടത്തിയപ്പോൾ സങ്കീർത്തന ദിനേശ് എന്നൊരു പെൺകുട്ടി പ്രസ്തുത പരിപാടിയിൽ പങ്കെടുത്തിരുന്നു. 'എന്റെ സ്വപ്നങ്ങൾക്ക് ചിറക് മുളയ്ക്കാൻ കഴിയുന്ന ഒരു സമീപനം ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായി. ഞാൻ കുട്ടിയായിരിക്കുമ്പോൾ

ആകാശത്തുകൂടി പോകുന്ന വിമാനങ്ങളെ കണ്ടിട്ടുണ്ട്. ഒരിക്കലും അതിനകത്ത് കയറാനോ, അതിന്റെ പൈലറ്റ് ആകുകയെന്നത് എന്റെ സങ്കല്പത്തിൽപ്പോലുമില്ലായിരുന്നു. പക്ഷെ, ഞാൻ ഇപ്പോൾ ഒരു വിമാനം പറത്തുന്ന പൈലറ്റായി. എന്റെ സ്വപ്നങ്ങൾക്ക് അങ്ങനെയൊരു ചിറക് മുളപ്പിക്കാൻ 35,00,000/- രൂപ ഫീസുൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്തത് ഈ ഗവൺമെന്റാണെന്നാണ് ആ കുട്ടി പറഞ്ഞത്. ഈ സർക്കാർ എങ്ങനെയാണ് കാര്യങ്ങൾ ചെയ്യുന്നതെന്ന് മനസ്സിലാക്കാൻ വേണ്ടിയാണ് ഞാൻ ഇക്കാര്യം പറഞ്ഞത്.................. (ബഹളം)..........

മി. സ്പീക്കർ: അങ്ങ് സംസാരിക്കൂ....

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇതുപോലെയുള്ള ധാരാളം കാര്യങ്ങൾ സംസ്ഥാനത്ത് നടക്കുന്നുണ്ട്. വിങ്സ് പോലെയുള്ള പദ്ധതികളെക്കുറിച്ച് അദ്ദേഹം പറഞ്ഞു. അതിദരിദ്രരായ ആളുകളെ ദാരിദ്ര്യത്തിൽനിന്നും പൂർണ്ണമായി മുക്തമാക്കുക, അവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുക എന്നു തുടങ്ങി ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ നടപ്പിലാക്കുകയെന്നതാണ് സർക്കാർ ഉദ്ദേശിച്ചത്. ഇന്ത്യാ ഗവൺമെന്റ് വിദേശ പഠനത്തിന് ആനുകൂല്യം നൽകുന്ന വിദ്യാർഥികളുടെ എണ്ണത്തിനടുത്തെത്താൻ കേരളത്തിന് സാധിച്ചു.

അതായത്, കേരളത്തിൽനിന്നും 800 വിദ്യാർഥികൾ വിദേശത്ത് പഠിക്കുന്നുണ്ട്. ഇത്തരത്തിൽ കാര്യങ്ങൾ ചെയ്യുന്ന ഒരു സംസ്ഥാനത്ത് ഇങ്ങനെയൊരു നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം കൊണ്ടുവന്ന് തെറ്റിദ്ധാരണയുണ്ടാക്കുന്ന വിധത്തിലേയ്ക്ക് കാര്യങ്ങൾ പറയേണ്ടതില്ല. ഞാൻ ഇവിടെ പറഞ്ഞ കാര്യങ്ങളൊന്നും ആവർത്തിക്കുന്നില്ല. എന്നാലും ചില കാര്യങ്ങൾ പറയാം. ഇന്ത്യാ ഗവൺമെന്റ് എസ്.സി./എസ്.ടി വിഭാഗത്തിന് സ്കോളർഷിപ്പ് നൽകുന്നതിന് മാനദണ്ഡമായി രണ്ടരലക്ഷം രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ, സംസ്ഥാന സർക്കാർ അങ്ങനെയൊരു മാനദണ്ഡം നോക്കുന്നില്ല. പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് ബജറ്റിലൂടെ വകയിരുത്തുന്ന തുകയിൽ വെട്ടിക്കുറവ് വരുത്തുന്നുവെന്ന് പലതവണ ഇവിടെ പറയുകയുണ്ടായി. അതുസംബന്ധിച്ച് കണക്കുകൾ ഞാൻ ഇന്നലെ അവതരിപ്പിച്ചതാണ്. ലോക്കൽ സെൽഫ് ഗവൺമെന്റുകളുടെ പ്ലാൻ എക്സ്പെൻഡിച്ചറും പൊതുവായുള്ള എക്സ്പെൻഡിച്ചറും 50 ശതമാനത്തിലധികമുള്ള കണക്കുകളും ഇവിടെ അവതരിപ്പിച്ചു. ഒരു കാരണവശാലും സ്കോളർഷിപ്പിലും ഫീസിലും ശമ്പളത്തിലും കൂലിയിലും ഇടപെടുന്ന പ്രശ്നമേയില്ല. അതുകൊണ്ടുതന്നെ പ്ലാൻ എക്സ്പെൻഡിച്ചറിൽ വലിയ കുറവ് വരില്ല. പക്ഷേ, റീസ്ട്രക്ചറിംഗ് നടത്തിയിട്ടുണ്ടെങ്കിൽ.......

അതുസംബന്ധിച്ച കാര്യമൊക്കെ പറഞ്ഞതാണ്. എന്നിട്ടും ആവർത്തിച്ച് ഇതേ കാര്യങ്ങൾ തന്നെ പറയുന്നത് സംസ്ഥാന സർക്കാർ ചെയ്യുന്ന കാര്യങ്ങൾ സാധാരണക്കാരെ സഹായിക്കുന്നില്ലെന്ന് വരുത്തുന്നതിനുവേണ്ടിയാണ്. സാധാരണഗതിയിൽ ബജറ്റിൽ പണം വകയിരുത്താറുണ്ട്. ടി തുക കൊടുക്കുന്നതിൽ കുറവ് വരുന്നതോ കൂടുതൽ വരുന്നതോ, എസ്.സി/എസ്.ടി. മേഖലകളിൽ അങ്ങനെ കുറവ് വന്നിട്ടില്ലെന്നുമാത്രമല്ല, പട്ടികജാതി വിഭാഗക്കാരായ കുട്ടികൾക്ക് കേന്ദ്ര പദ്ധതിപ്രകാരമുള്ള പോസ്റ്റ് മെട്രിക് ആനുകൂല്യം അനുവദിക്കുന്നതിനുള്ള ആനുപാതിക സംസ്ഥാന വിഹിതമായി നടപ്പുവർഷം 73 കോടി രൂപ വകയിരുത്തിയിരുന്നു. ഈ തുക പൂർണ്ണമായും ചെലവഴിച്ചതിനെത്തുടർന്ന് 43.77 കോടി രൂപ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തിയിട്ടുണ്ട്. ഇന്ന് സഭ മുമ്പാകെ ചർച്ച ചെയ്യാൻ പോകുന്നത് ഇത്തരം കാര്യങ്ങളെക്കുറിച്ച് തന്നെയാണ്. കൂടുതൽ പണം അനുവദിക്കേണ്ട കാര്യങ്ങൾക്ക് അധികമായി തുക അനുവദിക്കും. കാരണം, പലമേഖലയിലും ബജറ്റിൽ വകയിരുത്തിയ തുക മാത്രമല്ല കൊടുക്കുന്നത്. അതുപോലെ, വരുമാനപരിധി കണക്കാക്കാതെ സംസ്ഥാന സർക്കാർ അധികതുക വകയിരുത്തി ധനസഹായം ചെയ്യുന്ന ചില കാര്യങ്ങൾ കഴിഞ്ഞദിവസം

പറഞ്ഞിരുന്നു. നടപ്പുവർഷത്തെ ബജറ്റ് വിഹിതമായ 150 കോടി രൂപയും അധികധനാനുമതി വഴി അനുവദിച്ച 110 കോടി രൂപയും ഉപധനാഭ്യർത്ഥന വഴി അനുവദിച്ച 25.19 കോടി രൂപയും ചേർത്ത് 285.19 കോടി രൂപയാണ് ഈ വർഷം പ്രത്യേക ഹെഡിൽ വകയിരുത്തിയിരിക്കുന്നത്. 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള മേഖലയിൽ കൊടുത്തതിന്റെ കണക്കുണ്ട്. ഈ പറഞ്ഞ കാര്യങ്ങളൊക്കെ മനസ്സിലായിട്ടില്ല, കേട്ടിട്ടില്ല എന്നതരത്തിൽ പറഞ്ഞതുകൊണ്ടാണ് കഴിഞ്ഞ ദിവസം പറഞ്ഞത് ഞാൻ ആവർത്തിക്കുന്നത്. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന് ആനുപാതിക വിഹിതമായ 8 കോടി രൂപയും സംസ്ഥാന പദ്ധതികൾക്ക് 166 കോടി രൂപയും നോൺ പ്ലാൻ ശീർഷകത്തിൽ 18 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി വിഭാഗക്കാരുടെ സ്കോളർഷിപ് ആനുകൂല്യം നൽകുന്നതിനായി നടപ്പുവർഷം 594.15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2021-2022, 2022-23, 2023-24 എന്നിങ്ങനെ ഓരോ വർഷവും ടി തുക വർദ്ധിച്ചുവരുന്നതായി കാണാം. 2023-24-ൽ 505.75 കോടി രൂപ കൊടുത്തിട്ടുണ്ട്. ഇത് ഓരോ മേഖയിലുമുള്ള തുകയെപ്പറ്റി അറിയാത്തതുകൊണ്ടല്ല മനഃപൂർവം സംശയമുണ്ടാക്കാൻവേണ്ടി പറയുന്ന ഒരു കാര്യങ്ങളാണ്. കിഫ്ബി പദ്ധതി വന്നതിനെക്കുറിച്ചാണ് ഇപ്പോൾ ഇവിടെ

എല്ലാവരും പറയുന്നത്. കിഫ്ബി പദ്ധതിയിലൂടെ പ്ലാനിൽ ചെലവഴിച്ച തുകയെപ്പറ്റി ഇവിടെ ഒരു  കണക്ക് അവതരിപ്പിച്ചിരുന്നു. കിഫ്ബിയുടെ പൊതുവായ 86,000 കോടി രൂപയിൽ വളരെ ചെറിയ പണം മാത്രമേ എസ്.സി./എസ്.ടി മേഖലയ്ക്ക് അനുവദിച്ചുള്ളൂവെന്നാണ് ഇവിടെ പറഞ്ഞത്. കേരളത്തിൽ റോഡുകൾ, സ്കൂളുകൾ, ആശുപത്രികൾ എന്നിവയുണ്ടാകുന്നുവെന്ന് ആർക്കാണ് അറിയാൻ സാധിക്കാത്തത്? അതെല്ലാം പൊതുവായ ഇൻഫ്രാസ്ട്രക്ചറിന്റെ ഭാഗമാണ്. അത് എല്ലാവരും ഉപയോഗിക്കുന്നതല്ലേ? കെ-ഫോൺ പോലുള്ള പദ്ധതി അതിന്റെ ഭാഗമായുണ്ട്. സൗജന്യമായിട്ടുള്ള ഫോൺ കണക്ഷൻ വളരെ ചുരുങ്ങിയ ചെലവിൽ കൊടുക്കുന്നത് ഇത്തരം മേഖലകളിലാണ്. ഏറ്റവും സാധാരണക്കാർക്ക്  കെ-ഫോൺ സൗകര്യം കിട്ടുന്നില്ലേ? ആരോഗ്യ രംഗത്ത് കിഫ്ബിയിലൂടെ വലിയ നിക്ഷേപമാണ് വന്നിട്ടുള്ളത്. ആരോഗ്യ രംഗത്ത് വലിയ നിക്ഷേപം വരുമ്പോൾ ആർക്കാണ് അതിന്റെ ഗുണഫലം ലഭിക്കുന്നത്? കിഫ്ബി കേരളത്തിൽ സാമ്പത്തികമായി തകർന്നുപോയെന്ന് വരുത്തിതീർക്കുകയെന്ന ഉദ്ദേശത്തോടെയുള്ള കണക്കുകളാണ് നിങ്ങൾ അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്. ആ കണക്കുകളൊന്നും  കേരളത്തിലെ പൊതുജനങ്ങൾക്കിടയിൽ വിലപ്പോകില്ലെന്ന് മാത്രമല്ല,  ഓരോ കാലത്തും

മുൻകാലത്തെ കുടിശ്ശിക വരും. പാലക്കാട് കോളേജ് തുടങ്ങി; 27-30 കോടി രൂപ വകയിരുത്തി; ഇപ്പോൾ 500 കോടിയോളം രൂപ ചെലവാക്കിയെന്നൊക്കെയുള്ള കാര്യം പറഞ്ഞല്ലോ; എല്ലാ മേഖലയിലും ഇത്തരത്തിൽ അധികം തുക ചെലവഴിച്ചാണ് ഒരോ പ്രവൃത്തിയും പൂർത്തീകരിക്കുന്നത്.

കൂടാതെ, സംസ്ഥാനത്ത് 42 ലക്ഷം പേർക്ക് കാരുണ്യ പദ്ധതിയിലൂടെ ചികിത്സ നൽകുന്നുണ്ട്. ഇതിനായി ബജറ്റിൽ വകയിരുത്തിയ തുക 700 കോടി രൂപയാണെങ്കിലും ചെലവാക്കുന്നത് 1,300 കോടി രൂപയാണ്. ടി പദ്ധതിയുടെ ഗുണഭോക്താക്കളിൽ മഹാഭൂരിപക്ഷം ആളുകൾ ആരാണ്? ഈ നാട്ടിലെ സാധാരണക്കാരുടെ സാമൂഹിക സുരക്ഷാ ഉറപ്പാക്കുന്നതിനുവേണ്ടിയല്ലേ ടി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 62 ലക്ഷം പേർക്ക് പെൻഷൻ നൽകുന്നുണ്ട്. മിക്കവാറും എസ്.സി./എസ്.ടി. മേഖലയിൽ വളരെ അപൂർവ്വം ആളുകൾ മാത്രമേ വരുമാന പരിധിക്കുള്ളിൽ വരുന്നുള്ളൂ. എസ്.സി./എസ്.ടി. വിഭാഗക്കാരുൾപ്പെടെ 62 ലക്ഷത്തോളം പേർക്ക് ഈ സർക്കാർ പെൻഷൻ നൽകുന്നുണ്ടെന്ന് മാത്രമല്ല, ഈയിനത്തിൽ ഒരു വർഷം 11,000 കോടി രൂപയാണ് ചെലവഴിക്കുന്നത്. അതൊന്നും ഈ കണക്കിൽ വരാത്തത് എന്തുകൊണ്ടാണ്? ഇങ്ങനെ ഓരോ

കാര്യങ്ങളും പ്രതിപക്ഷാംഗങ്ങൾ ചോദിച്ചത് വളരെ നന്നായി; കാരണം, ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിന് ശ്രമം നടത്തുന്ന ഒരു ഗവൺമെന്റാണിത്. നേരത്തെ ഇവിടെ ലാപ്ടോപ്പിന്റെ കാര്യം പറഞ്ഞല്ലോ; കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിൽ എല്ലാവരും ഓൺലൈനിൽ പഠിക്കാൻ തീരുമാനച്ചപ്പോൾ ഏകദേശം 45,000-ഓളം ലാപ്ടോപ്പ് വിതരണം ചെയ്തുവെന്നാണ് എന്റെ ഓർമ്മ. കാരണം, പ്രത്യേകിച്ച് എസ്.സി./എസ്.ടി. മേഖലയിലുള്ള പാവപ്പെട്ട കുട്ടികൾക്ക് അങ്ങനെ പഠിക്കാൻ സാധ്യമായിരുന്നില്ല. അതുകൊണ്ടാണ് പ്രത്യേകം പദ്ധതിയനുസരിച്ച് മുഴുവൻ കുട്ടികൾക്കും ലാപ്ടോപ്പും മറ്റ് എക്യുപ്മെന്റ്സും എത്തിച്ചുകൊടുക്കാൻ തീരുമാനിച്ചത്. ഇങ്ങനെ ഓരോ മേഖലയിലും വൈവിധ്യങ്ങളായ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇവിടെ പറഞ്ഞ എല്ലാകാര്യങ്ങളും ഞാനിവിടെ ആവർത്തിക്കുന്നില്ല. പക്ഷേ, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റുവഴി എസ്.ടി. മേഖലയിൽനിന്നും 500 ഗാർഡുമാരെയാണ് നിയമിച്ചത്. എല്ലാ മേഖലകളിലും അങ്ങനെ ചെയ്യുകയാണ്, ഇനിയും ചെയ്യുന്നതാണ്. ആദ്യം പറഞ്ഞതിന് മറുപടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ഈ നാട്ടിൽ പരമദരിദ്രൻപോലും

ഇല്ലാത്തതരത്തിലേയ്ക്ക് കേരളത്തെ മാറ്റിതീർക്കാൻ ശ്രമിക്കുന്ന ഒരു സർക്കാരാണിത്. ഈ മേഖലകൾക്ക് കൊടുക്കാനുള്ള സർക്കാർ വിഹിതമൊന്നും കൊടുക്കാതിരിക്കില്ലെന്ന് ഈ സഭയിൽ ആവർത്തിച്ച് പറയാൻ ആഗ്രഹിക്കുകയാണ്. അങ്ങനെ ബജറ്റ് വിഹിതമൊന്നും കട്ട് ചെയ്യുന്നില്ല. അക്കാര്യത്തിൽ ഞങ്ങൾ പുറകോട്ടുപോവുകയല്ല. കേരള ചരിത്രത്തിലാദ്യമായി ഈ വർഷം രണ്ട് ലക്ഷം കോടി രൂപയുടെ ബജറ്റ് ചെലവ് കടന്നുവരുന്നുവെന്നത് ചെറിയ കാര്യമല്ല. തൊട്ടുമുമ്പത്തെ ഗവൺമെന്റിന്റെ അവസാന വർഷത്തിൽനിന്ന് എടുക്കുമ്പോൾ എപ്പോഴും വരുന്ന...... അങ്ങനെ പണം കൊടുക്കുകയാണ്; എന്നിട്ടും തെറ്റിദ്ധാരണാജനകമായി വീണ്ടും കാര്യങ്ങൾ പറയുന്നത് ശരിയല്ല. അതുകൊണ്ട് ഇങ്ങനെയൊരു നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം കൊണ്ടുവന്നത് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിനുപോലും സഹായിക്കുകയില്ല. കാരണം, ജനങ്ങൾ ഇതൊക്കെ മനസ്സിലാക്കുന്നതാണ്. ഈ കണക്കെല്ലാം അവർക്ക് ലഭിക്കുന്നതാണ്. അതുകൊണ്ട് ഇങ്ങനെ സഭവിട്ട് ഇറങ്ങിപ്പോകാതെ നമുക്കൊരുമിച്ചിരുന്ന് ഇത്തരം കാര്യങ്ങളിൽ സഹകരിച്ച് മുന്നോട്ടുപോകുന്നതായിരിക്കും ഉചിതമെന്നാണ് എന്റെ അഭിപ്രായം.

(മി. സ്പീക്കർ)

P.13-02-2025-RL-SG-1
10.40-10.50

മി. സ്പീക്കർ: ബഹുമാനപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രിയുടെയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിൽ അനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ശ്രീ. വി. ഡി. സതീശൻ)

P.13-02-2025-RL-SG-1
10.40-10.50

(നടപടികള നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം തുടർച്ച...)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പ്രസ്തുത വിഷയം പ്രതിപക്ഷം ഇവിടെ കൊണ്ടുവന്നപ്പോൾ നോട്ടീസിൽ പറഞ്ഞതുപോലെ സംസ്ഥാനത്തെ എസ്.സി/എസ്.ടി. വിഭാഗങ്ങൾക്കായി ബഡ്ജറ്റിൽ പ്ലാൻ അലോക്കേഷനുണ്ട്. എസ്.സി. വിഭാഗത്തിന് 10 ശതമാനവും എസ്.റ്റി. വിഭാഗത്തിന് 2 ശതമാനവും അലോക്കേഷൻ കൊടുക്കാമെന്നുള്ളത് ഭരണഘടനാപരമായ ബാധ്യതയാണ്. ഇങ്ങനെ പ്ലാനിൽ നൽകിയ

അലോക്കേഷൻ ഈ സർക്കാർ ഗണ്യമായി വെട്ടിച്ചുരുക്കിയതിലൂടെ കുട്ടികളുടെ വിദ്യാഭ്യാസം, പാർപ്പിട പദ്ധതി എന്നിവ അടക്കമുള്ള ക്ഷേമപദ്ധതികളെ ഗുരുതരമായി ബാധിച്ചുവെന്നതാണ് പ്രതിപക്ഷത്തിന്റെ ആക്ഷേപം. ശ്രീ. എ. പി. അനിൽ കുമാർ ഈ വിഷയം ഉന്നയിച്ചുകൊണ്ട് നടത്തിയ പ്രധാനപ്പെട്ടൊരു ഒരു പോയിന്റുണ്ട്. അതായത്, എസ്.സി.-ക്ക് 10 ശതമാനം എന്നത് പ്ലാൻ അലോക്കേഷനാണ്. എന്നാൽ, കഴിഞ്ഞ മൂന്നുനാലുവർഷങ്ങളായി ടി പ്ലാൻ അലോക്കേഷന് എന്തുപറ്റി; 27,000, 30,000, 30,000, 30,000, 30,000 എന്നിങ്ങനെ പ്ലാൻ അലോക്കേഷൻ സ്റ്റക്കാണ്. പ്ലാൻ അലോക്കേഷനിൽ ഗ്രോത്തില്ല. പല സംസ്ഥാനങ്ങളിലും അത് 20 ശതമാനം, 25 ശതമാനം, 30 ശതമാനം എന്നിങ്ങനെയാണ് വർധനയാണുണ്ടാകാറുള്ളത്. ഇക്കാര്യം പറയുമ്പോഴൊക്കെ ഈ സർക്കാർ എപ്പോഴും 2011-16-ലെ കണക്കെടുക്കും. 2011-16-ലെ കണക്ക് എടുത്തുനോക്കിയാൽ എല്ലാവർഷവും പ്ലാൻ അലോക്കേഷനിൽ ഗ്രോത്തുണ്ടാകും. എന്നാൽ ഇപ്പോഴോ ഇവിടെ പ്ലാൻ നിശ്ചമായി നിൽക്കുകയാണ്. അങ്ങനെ നിൽക്കുമ്പോൾ എസ്.സി./എസ്.ടി വിഭാഗക്കാർക്ക് ലഭിക്കേണ്ട തുകയുടെ പ്രൊപ്പോഷൻ വർധിക്കുന്നില്ല. അത് stagnant ആയി നിൽക്കുകയാണ്. വേറെ ആരെയും ചിലപ്പോൾ ഇത്

ബാധിക്കില്ല. വേറെ പലർക്കും ജനറലായിട്ടുള്ള പ്രോജക്ടുകൾ, ബാക്കിയുള്ള പ്രോജക്ടുകളെയൊക്കെ കുറെ ബാധിക്കും എങ്കിലും ഇത്രമാത്രം പ്ലാൻ stagnant ആയിനിൽക്കുന്നത് ബാധിക്കുന്ന വേറൊരു വിഭാഗമില്ല. ആ യാഥാർഥ്യം സർക്കാർ മനസ്സിലാക്കണം. മൂന്നുനാലുവർഷമായി അവർക്കുകിട്ടുന്ന തുക അതുപോലെതന്നെ തുടരുകയാണ്. യാതൊരു വർധനവും അക്കാര്യത്തിൽ ഉണ്ടാകുന്നില്ല. എന്നുമാത്രമല്ല, നിലവിലുള്ള പ്ലാൻ ഫണ്ടുപോലും കട്ട് ചെയ്യുന്ന രീതി സ്വീകരിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇക്കാര്യത്തിൽ യാതൊരു കട്ടിംഗുമില്ലെന്ന് ആവർത്തിച്ച് പറയുകയാണ്. 2025 ജനുവരി 22-ന് സർക്കാർ ഉത്തരവിലൂടെ എസ്.സി./എസ്.ടി. വിഭാഗക്കാരുടെ ഓരോ പ്രോജക്ടും അതിനായി അനുവദിച്ചിട്ടുള്ള തുകയും prioritise ചെയ്തിരിക്കുകയാണ്. ഫണ്ട് വെട്ടിക്കുറച്ചിട്ട് Prioritisation എന്നാണ് പറഞ്ഞിരിക്കുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. 240 ലക്ഷം രൂപ വകയിരുത്തിയിരുന്ന പദ്ധതിക്ക് 200 ലക്ഷം രൂപയാക്കി വെട്ടിക്കുറച്ചു. 25 കോടി രൂപയുടെ പദ്ധതി 20 കോടി രൂപയാക്കി. 50 കോടി രൂപയുടെ പദ്ധതി വേണ്ടെന്നുവച്ചു. 42 കോടി രൂപയുടേത് 22 കോടി രൂപയാക്കി. മറ്റ് ചില പദ്ധതികൾ പൂർണ്ണമായി വേണ്ടെന്ന് വച്ചു. ഇങ്ങനെ പദ്ധതികൾ

കംപ്ലീറ്റ് വെട്ടിക്കുറയ്ക്കുകയും ഇല്ലാതാക്കുകയും ചെയ്തിരിക്കുകയാണ്. ഒരു സർക്കാർ ഉത്തരവിലൂടെയാണ് ഇങ്ങനെ ചെയ്തിരിക്കുന്നത്. എന്നിട്ട് അതേ സർക്കാർ ഉത്തരവിന് വിരുദ്ധമായിട്ടാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇവിടെ സംസാരിക്കുന്നത്. അതായത്, ടി ഉത്തരവുപ്രകാരം 502 കോടി രൂപയുടെ എസ്.ടി. പദ്ധതികൾ 390 കോടി രൂപയായി വെട്ടിച്ചുരുക്കിയിരിക്കുകയാണ്. 111 കോടി 76 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പുസാമ്പത്തിക വർഷാവസാനം ഈ സർക്കാർ വെട്ടിച്ചുരുക്കി. 502 കോടി രൂപയുടെ പദ്ധതി വിഹിതം 390 കോടി രൂപയാക്കി വെട്ടിച്ചുരുക്കി. അതായത്, 111 കോടിയോളം രൂപ വെട്ടിച്ചുരുക്കിയിട്ടാണ് ഞാനൊന്നും വെട്ടിയില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. ഗവൺമെന്റ് ഓർഡറാണ് ഞാൻ വായിക്കുന്നത്. നിങ്ങൾ ഈ ഗവൺമെന്റ് ഓർഡറിനെതിരായി പറയുമോ; 25-ാം തീയതി മൂന്നുദിവസം കഴിഞ്ഞപ്പോൾ വീണ്ടും എസ്.സി. ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് ഒരു ഉത്തരവിറക്കി. വീണ്ടും അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. പ്രസ്തുത ഉത്തരവിലൂടെ 45 കോടി രൂപയുടെ പദ്ധതി വിഹിതം 25 കോടി രൂപയായും 50 കോടി രൂപയുടെ പദ്ധതി 30 കോടി രൂപയായും വെട്ടിക്കുറച്ചിട്ടുണ്ട്. അങ്ങനെ ഏകദേശം ഇരുപതോളം പദ്ധതികളുടെ വിഹിതമാണ്

വെട്ടിക്കുറച്ചിരിക്കുന്നത്. ആകെ 1370 കോടി രൂപയുടെ പദ്ധതികൾക്കുള്ള വിഹിതം 920 കോടി രൂപയാക്കി വെട്ടിക്കുറച്ചു. 449.89 കോടി രൂപ അതായത്, 450 കോടിയോളം രൂപ വെട്ടിച്ചുരുക്കി. അതേ സർക്കാർ ഉത്തരവുകൾ നിലനിൽക്കുമ്പോഴാണ് അതിന് വിരുദ്ധമായി സർക്കാർ സഭയിൽ മറുപടി പറയുന്നത്. പദ്ധതി വിഹിതം കട്ട് ചെയ്തിട്ട് റീസ്ട്രക്ച്ചർ, പ്രയോററ്റൈസേഷൻ എന്നൊക്കെയാണ് പറയുന്നത്. ഇത്തരം കാര്യങ്ങൾ ഞങ്ങൾ ഈ സഭയിൽ കൊണ്ടുവരണ്ടേ; കഴിഞ്ഞ മൂന്നുനാലുവർഷമായി ലഭിക്കുന്ന 10 ശതമാനവും 2 ശതമാനവുമായി നിശ്ചമായി നിൽക്കുകയാണ്. അവർക്കുള്ള പദ്ധതികളിൽ യാതൊരു വളർച്ചയുമില്ല. ആ കുറവുള്ള പദ്ധതികളിലാണ് ഇത്രയും ഭീമമായ വെട്ടിക്കുറവ് സർക്കാർ നടത്തിയിരിക്കുന്നത്. ഇതിനെത്തുടർന്ന് ഈ സർക്കാർ നടത്തിയ ചില ന്യായീകരണങ്ങൾ കേട്ടാൽ ഞെട്ടിപ്പോകും. കിഫ്ബിയെക്കുറിച്ച് പ്രസ്തുത വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും അങ്ങനെ പറയാൻ പാടില്ലായിരുന്നു. റോഡ് ഉണ്ടാക്കുന്നില്ലേ; റോഡിൽ എല്ലാവരും പോകുന്നില്ലേ; പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും പോകുന്നില്ലേ; ആശുപത്രി ഉണ്ടാക്കുന്നില്ലേ; ആശുപത്രിയിൽ പട്ടികജാതി വിഭാഗക്കാർ പോകുന്നില്ലേ; സ്കൂൾ ഉണ്ടാക്കുന്നുണ്ട്; സ്കൂളിൽ പട്ടികജാതി വിഭാഗക്കാർ

പോകുന്നില്ലേ; ഈ ലോജിക്കാണെങ്കിൽ എസ്.സി.പി. പദ്ധതിയും ടി.എസ്.പി. പദ്ധതിയും സംസ്ഥാനത്തുണ്ടാകാൻ പാടില്ല. " You have to provide 10% allocation for the SC community and 2 % for the ST community." ഇത് Constitutional obligation ആണ്. You have to do that. എന്നാൽപ്പിന്നെ ഈ പദ്ധതിയൊന്നും വേണ്ടല്ലോ; ജനറലായി നടക്കുന്ന എല്ലായിടത്തും എസ്.സി./എസ്.റ്റി.-ക്കാർ പോകുന്നുണ്ടല്ലോ; അവർക്കുവേണ്ടി പ്രത്യേകമായി ഇയർ മാർക്ക് ചെയ്ത പ്രത്യേകം പ്രോജക്ടാണ് വേണ്ടത്. അല്ലെങ്കിൽപിന്നെ ഇങ്ങനെയൊരു വകുപ്പിന്റെ ആവശ്യമില്ലല്ലോ; ഞാൻ ഇനി ഒറ്റക്കാര്യം പറയാം. പട്ടികജാതി വിഭാക്കാർക്കുവേണ്ടി നടപ്പിലാക്കിയ പദ്ധതികളെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ ഇന്നലെ സഭയിൽ സംസാരിച്ചു. കിഫ്ബിയുടെ ഓരോ വിഭാഗത്തിലുമുള്ള ചെലവുകളെ സംബന്ധിച്ച് 15-10-2024-ൽ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. എം. വിജിൻ എം.എൽ.എ. യ്ക്ക് കൊടുത്ത ഉത്തരവാണ്. നാളിതുവരെ കിഫ്ബിയിലൂടെ ആകെ 29,774 കോടി രൂപ സർക്കാർ ചെലവാക്കി. ഏകദേശം 30,000 കോടി രൂപ. എന്നാൽ, ടി തുകയിൽ എസ്.സി./എസ്.ടി. വിഭാഗക്കാർക്കുവേണ്ടി ചെലവാക്കിയത് ആകെ 81 കോടി രൂപയാണ്. ഇത് ഏത് പണമാണ്? എന്റെ ചോദ്യം അതാണ്; ഇത്

കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് കിഫ്ബിയിലേയ്ക്ക് ഷിഫ്റ്റ് ചെയ്ത പണമാണ്. കിഫ്ബിയില്ലായിരുന്നെങ്കിൽ കൺസോളിഡേറ്റഡ് ഫണ്ടിൽ ആ തുക കിടക്കുമായിരുന്നു. 30,000 കോടി രൂപയുടെ 10 ശതമാനം 3,000 കോടി രൂപ എസ്.സി. വിഭാഗത്തിന് ഉറപ്പായും കിട്ടുമായിരുന്നില്ലേ; ഉറപ്പായി കിട്ടുമായിരുന്നു. എന്നാൽ ടി തുക കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും കിഫ്ബിയിലേയ്ക്ക് മാറ്റി. കാരണം, കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് 20,000/- കോടി രൂപയാണ് നളിതുവരെ സർക്കാർ മാറ്റിയത്. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് 81 കോടി രൂപ അനുവദിച്ചു. 30000 കോടി രൂപയുടെ 10 ശതമാനം എന്നുപറയുമ്പോൾ 3000 കോടി രൂപ വരും. എന്നാൽ ഇരുകൂട്ടർക്കുമായി 12 ശതമാനം തുകയാണ് വകയിരുത്തേണ്ടത്. എന്നിട്ട് പറയുകയാണ്, പൊതുവായി പണിത ആശുപത്രിയിൽ അവർ പൊയ്ക്കൊട്ടെ, പുതുതായി പണിത സ്കൂളിൽ അവർ കയറിക്കോട്ടെ; എന്നുപറയുന്നതിലുള്ള ന്യായമെന്താണ്? പ്ലാൻ എക്സ്പെൻഡീച്ചർ; പ്ലാൻ ഔട്ട് ലേ ഉണ്ടല്ലോ; എന്റെ ഓഫീസിൽനിന്ന് ഞാൻ ഇപ്പോൾ എടുപ്പിച്ചതാണ്. ഇത് എല്ലാ അംഗങ്ങൾക്കും ലഭിക്കുന്നതാണ്. 100 ശതമാനം സംസ്ഥാന പദ്ധതിയായ Housing scheme for the homeless ST's under Life Mission-നുവേണ്ടി 140 കോടി

രൂപയാണ് വകയിരുത്തിയിക്കുന്നത്. ഇന്ന് ഫെബ്രുവരി 13-ാം തീയതിയാണ്. ഇനി ഒന്നര മാസമേയുള്ളൂ. 140 കോടി രൂപയുടെ എക്സ്പെൻഡീച്ചർ എത്രയാണെന്ന് അറിയാമോ വട്ടപ്പൂജ്യം. ഒരു രൂപപോലും ചെലവാക്കിയിട്ടില്ല. എസ്.ടി.-യുടെ ഹൗസിംഗ് സ്കീമിനായി 140 കോടി രൂപ വകയിരുത്തിയിട്ട് ഇനി ഒന്നരമാസം മാത്രം ബാക്കിയുള്ളപ്പോൾ ഒരു പൈസപോലും ചെലവാക്കിയിട്ടില്ല. ഇത് സർക്കാർ രേഖയാണ്. ഇതൊക്കെ നിലനിൽക്കുമ്പോഴാണ് പ്രതിപക്ഷം ഇക്കാര്യങ്ങളൊന്നും സഭയിൽ കൊണ്ടുവരാൻ പാടില്ലെന്നും ഇതിനെക്കുറിച്ചൊന്നും പറയാൻ പാടില്ലെന്നുമൊക്കെ പറയുന്നത്. ഈ മന്ത്രിസഭയിൽ ഒരു എസ്.ടി. മന്ത്രി മാത്രമല്ലേയുള്ളൂ; എസ്.സി. വിഭാഗത്തിൽ നിന്നൊരു മന്ത്രിപോലുമില്ലാത്ത ആദ്യത്തെ മന്ത്രിസഭയാണ്. കർണ്ണാടകയെക്കുറിച്ച് പറയാം, അവിടത്തെ ആഭ്യന്തര വകുപ്പുമന്ത്രി ഡോ. ജി. പരമേശ്വർ പട്ടികജാതി വിഭാഗക്കാരനാണ്. പി.ഡബ്ല്യൂ.ഡി. വകുപ്പുമന്ത്രി പട്ടികവർഗ്ഗക്കാരനായ സതീഷ് ജാർഗൊളി. സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി എസ്. കെ. എം. മുനിയപ്പ. പട്ടികജാതി വകുപ്പിന് വേറൊരു മന്ത്രികൂടിയുണ്ട് ശ്രീ. എച്ച്. സി. മഹാദേവപ്പ. മൊത്തം നാല് മന്ത്രിമാർ. അവിടെയൊക്കെ പ്രോജക്ടും കാര്യങ്ങളുമൊക്കെ നടക്കുന്നുണ്ട്. അവിടെ അങ്ങനെയാണ്. ഇവിടെ

ഇങ്ങനെയാണ്. മനസ്സിലായില്ലേ; ഇതൊക്കെ പറയുമ്പോൾ ഒന്ന് ശ്രദ്ധിക്കണം. നിങ്ങൾ പറഞ്ഞതുകൊണ്ടു മാത്രം പറഞ്ഞതാണ്. ഭവനരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് ലൈഫ് മിഷൻ പദ്ധതിവഴി നടപ്പാക്കുന്ന പദ്ധതി 300 കോടി രൂപയിൽ 120 കോടി രൂപയാക്കി ഏകദേശം 60 ശതമാനം വെട്ടിക്കുറവ് വരുത്തി. ഓരോ പ്രോജക്ടിനെക്കുറിച്ചും സൂചിപ്പിക്കാനുള്ള സമയക്കുറവുമൂലം ഞാൻ വായിക്കുന്നില്ല. പട്ടികജാതി വിഭാഗത്തിപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസം, കഴിവുകൾ, സാമൂഹ്യനിലവാരം എന്നിവ മെച്ചപ്പെടുത്താനുള്ള ഇൻഷ്വറൻസ് പദ്ധതിയായ 'വാത്സല്യ നിധി' ക്ക് 10 കോടി രൂപയായിരുന്നു ബജറ്റ് വിഹിതം. ഈ പദ്ധതിക്ക് ഒരു രൂപപോലും കൊടുക്കണ്ടെന്നാണ് സർക്കാരിന്റെ പുതിയ തീരുമാനം. വാത്സല്യനിധിയോട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കാണിച്ച വാത്സല്യമാണിത്. 10 കോടി രൂപയുടെ പദ്ധതി ദയാരഹിതമായി ഒരു വാത്സല്യവുമില്ലാതെ മുഴുവൻ തുകയും വെട്ടിക്കുറച്ചു.

മി. സ്പീക്കർ: ഒമ്പത് മിനിറ്റു കഴിഞ്ഞു...പ്ലീസ്....പ്ലീസ്

ശ്രീ. വി. ഡി. സതീശൻ: സർ, യു.ഡി.എഫ്. സർക്കാരിന്റെ കാലത്തും കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തുമൊക്കെ കുട്ടികൾക്ക്

വിദേശത്ത് പഠിക്കാൻ സ്കോളർഷിപ്പ് കൊടുക്കുമായിരുന്നു. പൈലറ്റ് സ്കീമിനൊക്കെ ധാരാളം സ്കീമുകളുണ്ട്. ആകാശത്തേയ്ക്കുനോക്കി ഏവിയേഷൻ പദ്ധതിയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തന്നെ അക്കാര്യം ഇവിടെ സൂചിപ്പിച്ചത് നന്നായി; കാരണം, 'വിങ്സ്' പദ്ധതിക്കായി വകയിരുത്തിയിരുന്ന രണ്ടുകോടി രൂപ ഒരു കോടി രൂപയാക്കി വെട്ടിക്കുറച്ച ആളാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി. എന്റെ മിനിസ്റ്ററെ,... ഇങ്ങനെയൊന്നും പറയല്ലേ; ഇനിയും ഞങ്ങൾ പറഞ്ഞു തരാം. (തുടരും..)

പി. 13.02.2025-പി.എസ്./എസ്.ജി.(1)
10:50 - 11:00

(ശ്രീ. വി. ഡി. സതീശൻ....തുടർച്ച)

ഇതുമായി ബന്ധപ്പെട്ട് വെട്ടിക്കുറവ് വരുത്തിയ ഓരോ പ്രോജക്ടുകളെയും കുറിച്ചുള്ള പ്രധാനപ്പെട്ട കാര്യങ്ങൾ പറഞ്ഞുതരാം.

മി. സ്പീക്കർ: ഏതാണ്ട് എല്ലാം പറഞ്ഞു.

ശ്രീ. വി. ഡി. സതീശൻ: സർ, വിവിധ പദ്ധതികളിലെ പ്ലാൻ പ്രോഗ്രസ്സ്. ഫെബ്രുവരി 13-ാം തീയതിയായല്ലോ; House to homeless completion of partially constructed house improvement of dilapidated households and expenditure -14%, Financial Assistance for Marriage

of SC Girls- 39%, Assistance for Education for SC students-67%, Training employment-56%, Valsalayanidhi-0, Working women's hostel for Scheduled Caste-0, Ambedkar Village Development-39%, Healthcare-42%, Empowerment societies for SC youth-0%, Housing scheme for homeless SC's under life mission-30% അങ്ങനെ പ്ലാൻ ഫണ്ട് പൂർണ്ണമായി വെട്ടിക്കുറിച്ചു.

മി. സ്പീക്കർ: പ്ലീസ്.. പ്ലീസ്...

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് എന്റെ പ്രസംഗം നിയന്ത്രിക്കുകയാണ്. ഞാൻ കൺക്ലൂഡ് ചെയ്യാം.

മി. സ്പീക്കർ: യെസ്... കൺക്ലൂഡ് ചെയ്താൽ മതി.

ശ്രീ. വി. ഡി. സതീശൻ: സർ, അത് ശരിയല്ല. വെറുതെ അങ്ങയുമായി വഴക്കിടാനുള്ള അവസരമുണ്ടാക്കരുത്. എനിക്കിത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. രണ്ട് മന്ത്രിമാർ ഇവിടെ മറുപടി പറഞ്ഞത് പ്രധാനപ്പെട്ട കാര്യങ്ങളാണ്.

മി. സ്പീക്കർ: യഥാർത്ഥത്തിൽ രണ്ടാമത്തെ മന്ത്രി ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുകൊണ്ട് പറഞ്ഞതാണ്. അല്ലാതെ അദ്ദേഹം മറുപടി പറയാൻ തയ്യാറായതല്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇവിടെ C&AG (Comptroller and Auditor General of India) റിപ്പോർട്ടിൽ എന്താണ് പറഞ്ഞിരിക്കുന്നത്. ഇപ്പോൾ കുട്ടികളുടെ സ്ഥിതിയെന്താണ്? നിങ്ങൾ ഇതൊക്കെ പറഞ്ഞല്ലോ. C&AG റിപ്പോർട്ട് എന്താണ്; സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലെ പട്ടിജാതി വിഭാഗത്തിലുള്ള എല്ലാ പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് 2018-2022 അധ്യയന വർഷങ്ങളിലെ വിവരം ശേഖരിച്ചു. 19,379 വിദ്യാർത്ഥികൾക്ക് 2018-2021 വരെയുള്ള അധ്യയന വർഷങ്ങളിൽ സ്കോളർഷിപ്പ് ലഭിച്ചിട്ടില്ലെന്ന് കണ്ടെത്തി. വയനാട് ജില്ലയിലടക്കം എത്ര വിദ്യാർത്ഥികളുടെ ഡ്രോപ് ഔട്ട്സ് ഉണ്ടാകുന്നുണ്ടെന്ന് ശ്രദ്ധിച്ചിട്ടുണ്ടോ? എല്ലാമാസവും കൊടുത്തിരുന്ന ഹോസ്റ്റൽ ഫീസ്, ഇ-ഗ്രാന്റ്സ് എന്നിവ ഒരു വർഷത്തിലാക്കി. ആ ഒരു വർഷത്തിൽ നിങ്ങൾക്ക് കൊടുക്കാൻ കഴിഞ്ഞില്ല. ഒരുമിച്ച് കൊടുക്കാമെന്ന് പറഞ്ഞു. എത്രപേർ പഠനം നിർത്തി പോകുന്നുവെന്ന് അറിയാമോ; ഇതുസംബന്ധിച്ചൊരു പഠനം നടത്തിയിട്ടുണ്ടോ? എത്രപേർ പ്രൊഫഷണൽ കോളേജുകളിൽ/ഹോസ്റ്റലുകളിൽ ഫീസ് കൊടുക്കാത്തതിന്റെ പേരിൽ അപമാനിക്കപ്പെടുന്നുവെന്ന് അന്വേഷിച്ചിട്ടുണ്ടോ; എന്താണ് നിങ്ങളുടെ

പ്രയോരിറ്റി? പട്ടിജാതി-പട്ടികവർഗ്ഗ വിദ്യാർഥികളുടെ വിദ്യാഭ്യാസമല്ലേ, അവർ വളർന്നുവന്നിട്ടല്ലേ ഇതിന്റെയൊരു പിന്നാക്കാവസ്ഥ മാറാൻ, അതിനുവേണ്ടിയിട്ടല്ലേ; നമ്മൾ അവർക്ക് കൊടുക്കുന്ന ഔദാര്യമാണോ? കോൺസ്റ്റിറ്റ്യൂഷണലായി റിസർവേഷന്റെ ഭാഗമായി അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടി നമ്മൾ നൽകുന്ന സഹായമാണ് ഈ പദ്ധതികളെല്ലാം. ഞാൻ വിവരിക്കുന്നില്ല. C&AG റിപ്പോർട്ട് കണ്ടാൽ എത്രയോ സ്ഥലങ്ങളിൽ 2018-ൽ കൊടുത്തിരിക്കുന്ന അപേക്ഷ 2022-വരെ ഓഫീസുകളിൽ പെൻഡിംഗായിരിക്കുന്നതിന്റെ വിശദവിവരങ്ങൾ....

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ പ്ലീസ് കൺക്ലൂഡ്.....

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് എന്റെ പ്രസംഗം എന്താണ് ഇങ്ങനെ കൺട്രോൾ ചെയ്യുന്നത്.

മി. സ്പീക്കർ: അങ്ങ് പറയുന്നതിൽ നിന്നും പിറകോട്ട് പോയതുകൊണ്ടാണ്. അങ്ങുതന്നെ ഫ്ലോറിൽ നിരവധി തവണ പറഞ്ഞു ഏറ്റവും കുറവ് വാക്കൗട്ട് സ്പീച്ച് നടത്തുന്ന ആളാണെന്ന്. പ്ലീസ്... അതുകൊണ്ട് കൺക്ലൂഡ് ചെയ്യണമെന്നേയുള്ളൂ. 13 മിനിട്ടായി. (...ബഹളം...) അവിടെ ഇരിക്കൂ. അദ്ദേഹം കൺക്ലൂഡ് ചെയ്യട്ടെ. (...ബഹളം...) യെസ്...

യെസ്...കൺക്ലൂഡ് ചെയ്യൂ. (...ബഹളം...) അവിടെ ഇരിക്കൂ. കൺക്ലൂഡ് ചെയ്യട്ടെ. (...ബഹളം...)

ശ്രീ. വി. ഡി. സതീശൻ: സർ, ഒരു കാരണവശാലും ഇത് അനുവദിക്കില്ല. (...ബഹളം...). സഭ നടത്തിക്കൊണ്ട് പോകണമോ വേണ്ടയോ എന്ന് അങ്ങ് തീരുമാനിക്കണം. എന്നെ തടസ്സപ്പെടുത്തി അങ്ങ് സഭ നടത്തിക്കൊണ്ട് പോകരുത്. (...ബഹളം...).... അത് നല്ലതല്ല.

മി. സ്പീക്കർ: ഞാൻ തടസ്സപ്പെടുത്തിയിട്ടില്ല. ഒൻപതാമത്തെ മിനിട്ടിൽ മാത്രമേ ഇടപെട്ടിട്ടുള്ളൂ... (...ബഹളം...) അവിടെ ഇരിക്കൂ... അദ്ദേഹം സംസാരിക്കട്ടെ കൺക്ലൂഡ് ചെയ്യട്ടെ. Let him conclude please... please...അവിടെ ഇരിക്കൂ... യെസ്... യെസ്... (...ബഹളം...) കൺക്ലൂഡ് ചെയ്യട്ടെ. വെറുതെ സമയം കളയരുത്. (...ബഹളം...) യെസ്... യെസ്...

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങാണ് എന്റെ പ്രസംഗം തടസ്സപ്പെടുത്തിയത്.

മി. സ്പീക്കർ: ഞാൻ പറഞ്ഞല്ലോ ...... without interruption you spoke 9 minutes without any intervention.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങയുടെ ഔദാര്യമല്ല.

മി. സ്പീക്കർ: നോ... നോ... ഔദാര്യത്തിന്റെ പ്രശ്നമല്ല. Without any

interruption from chair you spoke 9 minutes.

Mr. V.D. Satheeshan: Sir, It is my right to speak here. I am on my legs. You cannot intervene.

മി. സ്പീക്കർ: അദ്ദേഹം കൺക്ലൂഡ് ചെയ്യും. ശ്രീ. എം. വിൻസെന്റ്, ശ്രീ. ടി. സിദ്ദിഖ് ചെയറിൽപോയി ഇരിക്കൂ. (...ബഹളം...) അവിടെ പോയി ഇരിക്കാൻ പറയൂ. ശ്രീ. ടി. സിദ്ദിഖ് അവിടെ പോയി ഇരിക്കൂ... (...ബഹളം...)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സഭയെ കൺട്രോൾ ചെയ്യുന്നതിന്റെ പേരിൽ ആദ്യമായാണ് സഭ ഇങ്ങനെ തടസ്സപ്പെടുത്തുന്നത്.

മി. സ്പീക്കർ: യെസ്... യെസ്... ടീമിനെ തിരിച്ച് വിളിക്കൂ ..... (ബഹളം).... അവിടെ പോയി ഇരിക്കൂ.

(പ്രതിപക്ഷ നേതാവിന്റെ പ്രസംഗം ഉപസംഹരിക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ ആവർത്തിച്ച് ആവശ്യപ്പെട്ടതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിനുസമീപം വന്ന് ബാനറും പ്ലക്കാർഡുകളുമായി മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിയതിനാൽ ബഹു. സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത

നടപടിക്രമങ്ങളിലേയ്ക്ക് കടന്നു.)

(തുടരും)

P-13-2-2025
UV-AY(1)
11.00-11.10 (SV)

**ശ്രദ്ധക്ഷണിക്കൽ**

മി. സ്പീക്കർ: ഓർഡർ.. ഓർഡർ (.....ബഹളം......) അംഗങ്ങൾ സീറ്റിൽ പോയി ഇരിക്കു......(.....ബഹളം......) സഭ ഓർഡറാകണം.... എല്ലാവരും മൈക്രോ ഫോൺ വയ്ക്കുക... പ്ലീസ്..... പ്ലീസ്.....(.....ബഹളം......)

**മലബാർ മേഖലയിലെ വിനോദ സഞ്ചാര പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കൽ**

ഡോ. കെ. ടി. ജലീൽ: സർ, (.....ബഹളം......) നമ്മുടെ സംസ്ഥാനത്ത് ടൂറിസം വികസന പാതയിലൂടെയാണ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. ഏതാണ്ട് രണ്ടേകാൽ കോടി ജനങ്ങളാണ് കഴിഞ്ഞ വർഷം നമ്മുടെ സംസ്ഥാനത്ത് ടൂറിസ്റ്റുകളായി എത്തിയത്. കോവിഡ് കാലത്തിനുശേഷം ഏതാണ്ട് 30 ശതമാനം വർധനവാണ് കേരളത്തിലേയ്ക്കുള്ള വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള ടൂറിസ്റ്റുകളുടെയും വിദേശത്തുനിന്നുള്ള ടൂറിസ്റ്റുകളുടെയും എണ്ണത്തിൽ വന്നിരിക്കുന്നത്. എന്നാൽ നമ്മുടെ സംസ്ഥാനത്ത് എത്തുന്ന ടൂറിസ്റ്റുകളിൽ കേവലം 10 ശതമാനത്തിൽ താഴെ

ടൂറിസ്റ്റുകളാണ് മലബാറിൽ എത്തിയിരുന്നത്. കഴിഞ്ഞ കുറച്ച് വർഷമായി ആ ദുഃസ്ഥിതിക്ക് പരിഹാരമുണ്ടായിട്ടുണ്ട്. മലബാറിലേക്കുള്ള ടൂറിസ്റ്റുകളുടെ ഒഴുക്കിൽ ഈ കഴിഞ്ഞ നാലഞ്ചുവർഷത്തിനിടയിൽ വലിയ വർധനവാണ് സംഭവിച്ചിരിക്കുന്നത്. ഇതിനുകാരണം മറ്റൊന്നുമല്ല; മലബാറിലെ ടൂറിസം ഡെസ്റ്റിനേഷനുകളുടെ കാര്യത്തിൽ രണ്ടാം പിണറായി സർക്കാർ പ്രത്യേക താൽപര്യമെടുത്തു എന്നതാണ്. ഒന്നാം പിണറായി സർക്കാരും നല്ല ബാക്ക് ഗ്രൗണ്ട് അതിനായി സൃഷ്ടിച്ചിരുന്നു. അക്കാര്യത്തിൽ ബഹുമാന്യനായ ടൂറിസം വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കാൻ ഞാൻ ഈ വിലപ്പെട്ട സമയം ഉപയോഗപ്പെടുത്തുകയാണ്.

കാസർഗോഡ് ജില്ലയിലെ ബേക്കൽ ബീച്ച് ടൂറിസത്തിന്റെ ഭാഗമായി രണ്ട് 7 സ്റ്റാർ ഹോട്ടലുകളാണ് സമീപകാലത്ത് തുടങ്ങിയത്. അതിലൊന്ന് നിർമ്മാണഘട്ടത്തിലാണ്. കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാടിൽ നാല് കിലോമീറ്റർ ദൂരംവരുന്ന ഡ്രൈവ്-ഇൻ ബീച്ച് വികസനം, പയ്യാമ്പലം ബീച്ച്, അറക്കൽ കൊട്ടാരം എന്നീ ഡെസ്റ്റിനേഷനുകളൊക്കെ ടൂറിസ്റ്റുകളുടെ പ്രവാഹത്തിൽ വിജൃംഭിതമാകുകയാണ്. വയനാട് ജില്ലയിലെ ഇടക്കൽ ഗുഹ, പൂക്കോട് തടാകം, ബാണാസുര സാഗർ ഡാം, കുറുവാ ദ്വീപ്, കോഴിക്കോട് ജില്ലയിലെ കാപ്പാട് - ബേപ്പൂർ ബീച്ച് ടൂറിസം, പാലക്കാട്

ജില്ലയിലെ നെല്ലിയാമ്പതി, മലമ്പുഴ, പറമ്പിക്കുളം, സൈലന്റ് വാലി, വെള്ളിയാംകല്ല് എന്നീ ടൂറിസം പദ്ധതികൾ, മലപ്പുറം ജില്ലയിലെ നിലമ്പൂർ തേക്ക് മ്യൂസിയം, പുറത്തൂർ പടിഞ്ഞാറേക്കര ബീച്ച് ടൂറിസം, പൊന്നാനി ബീച്ച് ടൂറിസവും നിള ടൂറിസവും, ചമ്രവട്ടം നിളയോര സ്നേഹപാത, കുറ്റിപ്പുറം നിളാതീര ടൂറിസം, ബിയ്യം കായൽ ടൂറിസം, തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി, പീച്ചി, വാഴാനി, ചാവക്കാട് ബീച്ച്, നാട്ടിക-സ്നേഹതീരം ബീച്ച്, കലശമല, അഴീക്കോട് ബീച്ച് എന്നിവയൊക്കെ വികസനത്തിന്റെ പാതയിലാണ്. മലബാറിലെ ഈ ടൂറിസം ഡെസ്റ്റിനേഷനുകളിൽ ഇനിയും കൂടുതൽ വികസനങ്ങൾ വരുത്തേണ്ടതുണ്ട്. (.....ബഹളം......)

ലിറ്ററി ടൂറിസം ലോകരാജ്യങ്ങളിൽ വ്യാപകമായി വളർന്നുകൊണ്ടിരിക്കുകയാണ്. അതിന് ഏറെ സാധ്യതയുള്ള സംസ്ഥാനം കേരളമാണ്. മലബാറും ഒട്ടും പിന്നിലല്ല. ലിറ്ററി ടൂറിസത്തിന്റെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തി സംസ്ഥാനത്തെയും മലബാറിനെയും ആ മേഖലയിൽ ഉയർത്തിക്കൊണ്ടുവരാനുള്ള ഇടപെടൽ ഉണ്ടാകണമെന്ന് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. (.....ബഹളം......)

(ശ്രീ. പി. എ. മുഹമ്മദ് റിയാസ്)

P-13-2-2025
UV-AY(1)
11.00-11.10 (SV)

## മലബാർ മേഖലയിലെ വിനോദ സഞ്ചാര പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കൽ

പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, (.....ബഹളം......) വിനോദസഞ്ചാര മേഖലയിൽ ലോക ഭൂപടത്തിൽ ചിരപ്രതിഷ്ഠ നേടാനുള്ള വൈവിധ്യങ്ങളായ പ്രവർത്തനങ്ങളാണ് കഴിഞ്ഞ എട്ടരവർഷമായി സംസ്ഥാനത്തെ ഇടതുമുന്നണി സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. അതിൽ വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്, കേരളത്തിലേക്ക് വരുന്ന സഞ്ചാരികളിൽ ചെറിയൊരു ശതമാനം മാത്രമാണ് മലബാറിലെ ടൂറിസം കേന്ദ്രങ്ങളിലേക്ക് വരുന്നത് എന്നത്. തൃശ്ശൂർ ജില്ല മുതൽ കാസർഗോഡ് ജില്ല വരെയുള്ള ഏഴ് ജില്ലകളിൽ വെറും ആറ് ശതമാനം സഞ്ചാരികൾ മാത്രമാണ് വരുന്നതെന്നതാണ് അതിലെ ഏറ്റവും പ്രയാസകരമായ കാര്യം. അതിന് പല കാരണങ്ങളുണ്ട്; അവയെല്ലാം പരിഹരിക്കാൻ സർക്കാർ എല്ലാ നിലയിലും ഇടപെട്ടിട്ടുണ്ട്. ആ ഇടപെടലിന് ഫലം കണ്ടുകൊണ്ടിരിക്കുന്നു. മലബാറിലെ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമായ വയനാട് ജില്ല രൂപംകൊണ്ടതിനുശേഷമുള്ള ചരിത്ര റെക്കാർഡ് സൃഷ്ടിച്ചുകൊണ്ടാണ് ഈ വർഷം ടൂറിസ്റ്റുകൾ

ഇവിടെയെത്തുന്നതെന്ന സന്തോഷവിവരം ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെ നിരവധി ടൂറിസം പദ്ധതികളാണ് മലബാർ കേന്ദ്രീകരിച്ച് നടത്തുന്നത്. മലബാറിലെ ടൂറിസം വികസിച്ചാൽ അതിന്റെ ഗുണഭോക്താവായി മാറാൻ പോകുന്നത് കേരളത്തിന്റെ ടൂറിസം മേഖലയാണ്. അത് മുൻനിർത്തിയുള്ള നിരവധി പദ്ധതികൾ ഈ മേഖലയിൽ നടപ്പാക്കിവരുന്നുണ്ട്. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി മലബാർ ടൂറിസത്തിനുവേണ്ടി ഒരു സംസ്ഥാന സർക്കാർ ബി2ബി മീറ്റ് സംഘടിപ്പിച്ചത് ഈ വർഷമാണെന്നുള്ളത് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മലബാർ ടൂറിസത്തിന്റെ വികസനത്തിനുവേണ്ടി ഒരു നോഡൽ ഓഫീസറെ നിശ്ചയിച്ചതും ഈ ഗവൺമെന്റിന്റെ ഭരണ കാലത്താണ്. വേട്ടക്കാർതന്നെ ഇരകൾക്കുവേണ്ടി വാദിക്കുന്ന ഒരു കാലഘട്ടമാണിതെന്ന് നമുക്കറിയാം. (.....ബഹളം......) അങ്ങനെയുള്ള ഒരു കാലത്ത് വളരെ കൃത്യമായി മലബാറിലെ ടൂറിസത്തെ വികസിപ്പിച്ച് മുന്നോട്ടുകൊണ്ടുപോകുന്നതിന് എല്ലാവരെയും യോജിപ്പിച്ചുകൊണ്ടുള്ള എല്ലാ ശ്രമങ്ങളും സർക്കാർ നടത്തും. (.....ബഹളം......) മുൻമന്ത്രിയായിരുന്ന ഡോ. കെ. ടി. ജലീൽ ഉന്നയിച്ച പ്രസക്തമായ ശ്രദ്ധക്ഷണിക്കലിനെ അതേയർത്ഥത്തിൽ മനസ്സിലാക്കിക്കൊണ്ട് സർക്കാർ

മുന്നോട്ടുപോകുമെന്നുള്ളത് പ്രത്യേകം അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

ഡോ. കെ. ടി. ജലീൽ: സർ, ലോകത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള നാലാമത്തെ രാജ്യമാണ് ഇന്തോനേഷ്യ. (.....ബഹളം......) ഒരുപക്ഷേ, പ്രകൃതി ഭംഗി ഇത്രയധികം ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളാക്കി മാറ്റി അനന്തമായ ടൂറിസം സാധ്യതയെ പ്രയോജനപ്പെടുത്തുന്ന വേറെയൊരു രാജ്യമുണ്ടോയെന്നുള്ളത് സംശയമാണ്. ഇന്തോനേഷ്യയിലെ എല്ലാ ദ്വീപുകളിലും ഇത്തരത്തിലുള്ള നിരവധി ടൂറിസം ഡെസ്റ്റിനേഷൻ കേന്ദ്രങ്ങൾ കാണാൻ സാധിക്കും. സമാനമായ രൂപത്തിൽ കേരളത്തിന്റെ പ്രകൃതി ഭംഗിയും നമ്മുടെ പരമ്പരാഗതമായ തനത് കലാശൈലികളും പ്രയോജനപ്പെടുത്തി അത്തരത്തിലുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങൾ വ്യാപകമായി നമ്മുടെ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനും അതിലൂടെ ടൂറിസ്റ്റുകളെ നമ്മുടെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനും പ്രത്യേകമായ ഇടപെടൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, (.....ബഹളം......) തീർച്ചയായും അത്തരം പദ്ധതികൾ കഴിഞ്ഞ സർക്കാരും ഈ സർക്കാരും നടപ്പാക്കിവരുന്നുണ്ട്. ഇപ്പോൾ നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട് പരിശോധിച്ചാൽ, ഗോത്രവർഗ സംസ്കാരം

സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിന് വയനാട് ജില്ലയിൽ ആരംഭിച്ച 'എൻ ഊര്' പദ്ധതി എൽ.ഡി.എഫ്. സർക്കാരിന്റെ സംഭാവനയാണെന്ന് ചൂണ്ടിക്കാട്ടാൻ ഞാൻ ആഗ്രഹിക്കുകയാണ്. മുൻമന്ത്രി ശ്രീ. എ. കെ. ബാലനെയും ശ്രീ. കെ. രാധാകൃഷ്ണനെയും ഈ ഘട്ടത്തിൽ ഞാൻ ഓർത്തുപോകുന്നു. ഈ കാലഘട്ടത്തിൽ കളരിപ്പയറ്റ് വളരെ പ്രസക്തമാണെന്ന് എല്ലാവർക്കും അറിയുന്നതാണ്. അതുപോലെ ഇവിടെ ചൂണ്ടിക്കാട്ടിയ തെയ്യം, തിറ, മറ്റ് നാടൻ കലാരൂപങ്ങൾ, മലബാറിന്റേതായ തനതുരുചികൾ എന്നിവ സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കാനുള്ള പ്രവർത്തനങ്ങളും എൽ.ഡി.എഫ്. സർക്കാരിന്റെ നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്. തുടർന്നും അവയെ ശക്തമായി മുന്നോട്ടുകൊണ്ടുപോകാനുള്ള എല്ലാ ശ്രമങ്ങളും സർക്കാർ നടത്തുമെന്നുള്ളത് ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. (.....ബഹളം......)

**മറുപടിയുടെ ബാക്കിഭാഗം ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+**

(മി. സ്പീക്കർ)

P-13-2-2025
UV-AY(1) (SV)
11.00-11.10

<u>മി. സ്പീക്കർ</u>: ശ്രീ. സജീവ് ജോസഫ് സീറ്റിലില്ലാത്തതിനാൽ

\+ അനുബന്ധമായി ചേർക്കുന്നു.

രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിമാർ സബ്മിഷനുകളുടെ മറുപടി മേശപ്പുറത്തുവച്ചാൽ മതിയാകും. സർവ്വശ്രീ വി. ഡി. സതീശൻ, പി. സി. വിഷ്ണുനാഥ്, മോൻസ് ജോസഫ്, അൻവർ സാദത്ത്, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ അവരുടെ സബ്മിഷനുകൾ അവതരിക്കപ്പിക്കുന്നില്ല. സബ്മിഷന്റെ പോയിന്റ് മാത്രം ചോദിക്കുക.

(ശ്രീ. എം. എസ്. അരുൺ കുമാർ)

P-13-2-2025
UV-AY(1)
11.00-11.10 (SV)

**സബ്മിഷൻ**

**കല്ലട-പമ്പ ജലസേചന പദ്ധതികളുടെ കനാലുകളുടെ ശുചീകരണം**

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, (....ബഹളം......) മാവേലിക്കര കല്ലട-പമ്പ ജലസേചന പദ്ധതികളുടെ കനാലുകൾ വൃത്തിയാക്കുന്നതിനാവശ്യമായ നടപടികൾ അതത് വർഷം സ്വീകരിക്കാനാകാത്ത സാഹചര്യമാണുള്ളത്. ആയതിനാൽ പ്രസ്തുത പ്രവൃത്തി പഞ്ചായത്തുകളെ ഏൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സാധിക്കുമോ; കെ.ഐ.പി. കനാലിനായി വർഷങ്ങളായി ഭൂമി

ഏറ്റെടുത്തെങ്കിലും അതിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. അത് പൂർത്തീകരിച്ചാൽ താമരക്കുളം, ചുനക്കര, കായംകുളം എന്നീ നിയോജകമണ്ഡലങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിയുന്ന സാഹചര്യമാണുള്ളത്. (....ബഹളം......) അതിനാൽ അത് പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർഥിക്കുന്നത്. (....ബഹളം......)

മി. സ്പീക്കർ: (....ബഹളം......) മറുപടി മേശപ്പുറത്തുവച്ചാൽ മതി.

(ശ്രീ. റോഷി അഗസ്റ്റിൻ)

P-13-2-2025
UV-AY(1)
11.00-11.10 (SV)

കല്ലട-പമ്പ ജലസേചന പദ്ധതികളുടെ കനാലുകളുടെ ശുചീകരണം

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഇത് പ്രധാനപ്പെട്ട വിഷയമായതിനാൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും. സബ്മിഷന്റെ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

(ശ്രീ. ആന്റണി ജോൺ)

+ അനുബന്ധമായി ചേർക്കുന്നു.

P. 13.02.2025
LJ/ AY -(1) (SV)
11.10-11.20

**കുളങ്ങാട്ടുകുഴി പ്രദേശത്ത് കണ്ട കടുവയെ പിടികൂടുന്നത് സംബന്ധിച്ച്**

ശ്രീ. ആന്റണി ജോൺ: സർ, എന്റെ മണ്ഡലമായ കുളങ്ങാട്ടുകുഴി പ്രദേശത്തും സമീപത്തും കഴിഞ്ഞ ഒരാഴ്ചക്കാലത്തിലേറെയായി കടുവയുടെ സാന്നിധ്യത്തെത്തുടർന്ന് ആ പ്രദേശത്തെ ജനങ്ങൾ വലിയ ഭീതിയിലും ഭയപ്പാടിലുമാണ് ഇന്ന് ജീവിക്കുന്നത്.

മി. സ്പീക്കർ: പോയിന്റ് മാത്രം പറഞ്ഞാൽ മതി.

ശ്രീ. ആന്റണി ജോൺ: സർ, പ്രധാനപ്പെട്ട വിഷയമാണിത്. കുളങ്ങാട്ടുകുഴിയിലിറങ്ങിയ കടുവയേക്കാൾ ഭീകരമാണ് പ്രതിപക്ഷം ഇന്ന് സഭയിൽ ഇപ്പോൾ കാണിച്ചുകൊണ്ടിരിക്കുന്നത്. ഓരാഴ്ചക്കാലത്തിലേറെയായി ആ നാട്ടിൽ ലോക്ക്ഡൗണിന് സമാനമായ സാഹചര്യമാണ് നിലനിൽക്കുന്നത്. ജനങ്ങൾ രാത്രി-പകൽ വ്യത്യാസമില്ലാതെ പുറത്തിറങ്ങാൻ കഴിയാത്ത സാഹചര്യത്തിൽ മുന്നോട്ടുപോകുകയാണ്. അതിനാൽ അവിടെയിറങ്ങിയ കടുവയെ അടിയന്തരമായി കൂടുവച്ച് പിടിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

(ശ്രീ. എ. കെ. ശശീന്ദ്രൻ)

P. 13.02.2025
LJ/ AY -(1) (SV)
11.10-11.20

**കുളങ്ങാട്ടുകുഴി പ്രദേശത്ത് കണ്ട കടുവയെ പിടികൂടുന്നത് സംബന്ധിച്ച്**

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, പ്രസ്തുത സബ്മിഷനുള്ള മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

(ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി)

P. 13.02.2025
LJ/ AY -(1) (SV)
11.10-11.20

**അകമല ഫോറസ്റ്റ് സ്റ്റേഷൻ ഫെൻസിംഗും പുനഃസ്ഥാപിക്കലും**

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, കുതിരാൻ തുരങ്കപാത യാഥാർഥ്യമായതോടെ വടക്കാഞ്ചേരി മണ്ഡലത്തിലെ മച്ചാട് വനമേഖലകളിൽ ആനകളുടെ സാന്നിധ്യം കുറച്ചുകാലമായി നിലനിൽക്കുകയാണ്. തെക്കുംകര പഞ്ചായത്തിലെയും വടക്കാഞ്ചേരി മുനിസിപ്പൽ അതിർത്തിയിലെയും വിവിധ ഭാഗങ്ങളിൽ ആന നിരന്തരമായി ജനവാസമേഖലകളിലേക്ക് ഇറങ്ങുകയും കൃഷി നശിപ്പിക്കുകയും ചെയ്യുകയാണ്. കാട്ടാനകൾ ഉത്രാളിക്കാവ് അമ്പലത്തിലും ശാസ്താവ് ക്ഷേത്രത്തിനുമടുത്ത് റെയിൽവെ ലൈൻവരെ എത്തിയിരിക്കുന്നത് വലിയ

+ അനുബന്ധമായി ചേർക്കുന്നു.

അപകടമുണ്ടാക്കുന്ന സാഹചര്യമാണ്. അതുകൊണ്ട് റെയിൽവെയുടെ പ്രത്യേക പദ്ധതി നടപ്പാക്കണം. ഈ മേഖലയിലുണ്ടായിരുന്ന അകമല ഫോറസ്റ്റ് സ്റ്റേഷൻ നിർത്തലാക്കിയിരിക്കുന്നതിനാൽ അത് പുനഃസ്ഥാപിക്കുന്നതോടൊപ്പം ആർ.ആർ.ടി. പ്രവർത്തനവും സ്ഥാപിക്കണം.

(ശ്രീ. എ. കെ. ശശീന്ദ്രൻ)

P. 13.02.2025
LJ/ AY -(1) (SV)
11.10-11.20

**അകമല ഫോറസ്റ്റ് സ്റ്റേഷൻ ഫെൻസിംഗും പുനസ്ഥാപിക്കലും**

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, പ്രസ്തുത സബ്മിഷനുള്ള മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

(ശ്രീ. എച്ച്. സലാം)

P. 13.02.2025
LJ/ AY -(1) (SV)
11.10-11.20

**കുട്ടനാട് മേഖലയിലെ കൃഷിനാശം**

ശ്രീ. എച്ച്. സലാം: സർ, ആലപ്പുഴ ജില്ലയിലെ നെൽകൃഷി മേഖല ഓരുവെള്ള ഭീഷണിയിലാണ്. ഏതാണ്ട് 60 ശതമാനത്തോളം നെൽകൃഷി നഷ്ടമായിപ്പോകുന്ന സാഹചര്യമാണുള്ളത്. കഴിഞ്ഞവർഷം 122828 ടൺ

+ അനുബന്ധമായി ചേർക്കുന്നു.

നെല്ല് സംഭരിച്ചുവെങ്കിൽ ഇപ്രാവശ്യം പകുതിയിലധികവും നഷ്ടപ്പെട്ടുപോകുന്ന സാഹചര്യമാണുണ്ടാകുന്നത്. കുട്ടനാടിനെ സംബന്ധിച്ചിടത്തോളം വെള്ളത്തിന്റെ വാട്ടർ മാനേജ്മെന്റ് വളരെ പ്രധാനപ്പെട്ടതാണ്. അത് തോട്ടപ്പിള്ളി സ്പിൽവേയും തണ്ണീർമുക്കം ബണ്ടുമാണ്. തോട്ടപ്പിള്ളി സ്പിൽവേയിൽ അവിടെയുള്ള ഷട്ടർ ഓവർഫ്ലോ ചെയ്ത് ഉപ്പുവെള്ളം കയറുന്ന സാഹചര്യം ഇടയ്ക്കിടയ്ക്ക് ഉണ്ടാകുന്നതിനാൽ അടിയന്തരമായി ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. മണിയാർ ഡാമിൽ ഉപ്പുവെള്ളം കയറുന്നതിൽ ശമനമുണ്ടാക്കാനും നല്ല വെള്ളം കയറ്റാനുമാവശ്യമായ നിലപാട് സ്വീകരിക്കണം.

(ശ്രീ. പി. പ്രസാദ്)

P. 13.02.2025
LJ/ AY -(1) (SV)
11.10-11.20

## കുട്ടനാട് മേഖലയിലെ കൃഷിനാശം

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കേരളത്തിലെ ഏറ്റവും സുപ്രധാനമായ ഒരു പ്രശ്നം നമ്മുടെ പാടശേഖരങ്ങളിലും.........

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി മറുപടി മേശപ്പുറത്ത് വയ്ക്കു....

ശ്രീ. പി. പ്രസാദ്: സർ, വളരെ ഗൗരവതരമായ പ്രശ്നത്തെ സംബന്ധിച്ച്

സഭയിൽ സംസാരിക്കുമ്പോൾ പ്രതിപക്ഷം വളരെ നേരത്തെതന്നെ തയ്യാറാക്കിക്കൊണ്ടുവന്ന ഒരു അജണ്ടയുടെ ഭാഗമായാണ് ഈ പ്രതിഷേധം നടത്തുന്നതെന്നത് ഉറപ്പാണ്. ഈ പ്ലക്കാർഡുകളെല്ലാം ഇന്നലെത്തന്നെ തയ്യാറാക്കിയെന്നുള്ളത് നേരത്തെ തയ്യാറാക്കിക്കൊണ്ടുവന്ന അജണ്ടയുടെ തെളിവാണ്. ഈ സഭയിൽ കേരളത്തിന്റെ ഗൗരവമായ അടിസ്ഥാന പ്രശ്നങ്ങൾ ഉന്നയിക്കുന്നതിൽനിന്നും തടസ്സപ്പെടുത്തുന്ന രീതി അങ്ങേയറ്റം പ്രതിഷേധാർഹമാണെന്നുകൂടി പറയുന്നു. കുട്ടനാടിനെ സംരക്ഷിക്കാനുള്ള നിലപാട് സ്വീകരിച്ചിട്ടുണ്ട്. അതിനായി ബഹുമാനപ്പെട്ട മന്ത്രിമാർ പ്രത്യേകം യോഗം ചേർന്നിട്ടുണ്ട്. ഓരുവെള്ളക്കയറ്റത്തിന്റെ ഭീഷണി തടയുന്നതിന് ഡാമിൽനിന്നും വെള്ളം എത്തിക്കുന്നതിനുള്ള സംവിധാനംകൂടി ഏർപ്പാടാക്കിയിട്ടുണ്ട്.

(ശ്രീ. ഇ. ചന്ദ്രശേഖരൻ)

P. 13.02.2025
LJ/ AY -(1) (SV)
11.10-11.20

**രജിസ്ട്രേഷനും ലൈസൻസും ആവശ്യമില്ലാത്ത വൈദ്യുത സ്കൂട്ടറുകൾ**

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബാറ്ററി ഓപ്പറേറ്റഡ് വെഹിക്കിളെന്ന പുതിയ വാഹനം റോഡിലിറങ്ങിയതിനെത്തുടർന്നുള്ള ചില വിഷയങ്ങളാണ്

ശ്രദ്ധയിൽപ്പെടുത്തുന്നത്. ചെറിയ കുട്ടികൾക്ക് ടി വാഹനം ഓടിക്കുന്നതിന് ലൈസൻസ് ആവശ്യമില്ല. 250 വാട്ട്സിനുതാഴെ ശേഷിയുള്ള 25 km/h താഴെയുള്ള ഇലക്ട്രിക്കൽ സ്കൂട്ടറാണിത്. ഇതിൽ കുട്ടികൾ യഥേഷ്ടം സഞ്ചരിക്കുന്നു. അവർക്ക് ലൈസൻസോ പെർമിറ്റോ ആവശ്യമില്ല. ഇതിന് ഇൻഷ്വറൻസ് ഇല്ല. അത്തരമൊരു സാഹചര്യത്തിൽ കൂടുതൽ അപകടങ്ങളുണ്ടാകുന്നു. ഈ അപകടങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

(ശ്രീ. കെ. ബി. ഗണേഷ് കുമാർ)

P. 13.02.2025
LJ/ AY -(1) (SV)
11.10-11.20

**രജിസ്ട്രേഷനും ലൈസൻസും ആവശ്യമില്ലാത്ത വൈദ്യുത സ്കൂട്ടറുകൾ**

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് അദ്ദേഹം പറഞ്ഞത്. കേന്ദ്ര ഗവൺമെന്റാണ് ഈ നിയമത്തിൽ ഭേദഗതി വരുത്തേണ്ടത്. മറ്റ് രാജ്യങ്ങളിൽ നടപ്പാതയിലോടിക്കുന്ന വാഹനമാണിത്. ഇവ മെയിൻ റോഡിൽ ഓടിക്കാൻ അനുവാദം കൊടുക്കുന്നത് തെറ്റാണ്. ഈ വിഷയം കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ ശ്രദ്ധയിൽക്കൊണ്ടുവരും.

(ശ്രീ. ജോബ് മൈക്കിൾ)

P. 13.02.2025
LJ/ AY -(1) (SV)
11.10-11.20

**ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ബസ് സർവീസുകൾ പുനരാരംഭിക്കൽ**

ശ്രീ. ജോബ് മൈക്കിൾ: സർ, ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് സർവീസ് നടത്തിയിരുന്ന നിരവധി ബസുകൾ പല കാരണങ്ങളാൽ സർവീസ് നിർത്തിയിരിക്കുകയാണ്. 25 വർഷത്തിലേറെയായി സർവീസ് നടത്തിയിരുന്ന ചങ്ങനാശ്ശേരി-വേളാങ്കണ്ണി സർവീസ് ഇന്ന് റദ്ദായിരിക്കുകയാണ്. ഇതുകാരണം പ്രതിദിനം അമ്പതിനായിരത്തിലധികം രൂപയുടെ സർവീസ് നഷ്ടത്തിലായിരിക്കുകയാണ്.

(ശ്രീ. കെ. ബി. ഗണേഷ് കുമാർ)

P. 13.02.2025
LJ/ AY -(1) (SV)
11.10-11.20

**ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ബസ് സർവീസുകൾ പുനരാരംഭിക്കൽ**

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, വേളാങ്കണ്ണി ബസിനെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. പ്രസ്തുത ബസ്

സർവീസ് നിർത്തിയിട്ടില്ല. പക്ഷേ നഷ്ടമുള്ള ദിവസങ്ങളിൽ സർവീസ് നടത്തുന്നില്ല. റിസർവേഷൻപോലും കിട്ടാത്ത ദിവസങ്ങളിലാണ് സർവീസ് നടത്താത്തത്. അതൊരു സൂപ്പർ ഡീലക്സ് ബസ്സാക്കി മാറ്റിയാണ് ഇപ്പോൾ ഓടിക്കുന്നത്. ചങ്ങനാശ്ശേരിയിൽനിന്നുള്ള വാഹനങ്ങളൊന്നും വെട്ടിക്കുറച്ചിട്ടില്ല. കോവിഡിനുമുമ്പും അതിനുശേഷവും വന്ന നഷ്ടം കൊണ്ട് സർവീസുകൾ വെട്ടിക്കുറച്ചതല്ലാതെ പുതുതായി ഒന്നും വെട്ടിക്കുറച്ചിട്ടില്ല. പുതിയ സർവീസുകൾ ആരംഭിക്കാൻ കഴിയുമോ എന്നത് പരിശോധന നടത്തിയതിനുശേഷം തീരുമാനിക്കാവുന്നതാണ്. ബാക്കി ഭാഗം മേശപ്പുറത്തുവയ്ക്കുന്നു.+

(ശ്രീമതി യു. പ്രതിഭ)

P. 13.02.2025
LJ/ AY -(1) (SV)
11.10-11.20

## കൃഷ്ണപുരം മാമ്പ്രകുന്നേൽ പാലം നിർമ്മാണം

ശ്രീമതി യു. പ്രതിഭ: സർ, 2017-ൽ കിഫ്ബിപ്രകാരം അനുവാദം കിട്ടിയ എന്റെ മണ്ഡലത്തിലെ മാമ്പ്രകുന്നേൽ ഓവർ ബ്രിഡ്ജ് നിരവധിയായ പ്രോസസിംഗിനുശേഷമാണ് 2024 ആയപ്പോൾ ടെൻഡർ ചെയ്തത്. അതിനുമുമ്പ് ധാരാളം പ്രോസസിംഗ് നടത്തേണ്ടിവന്നു. എന്നാൽ ടെൻഡർ

+ അനുബന്ധമായി ചേർക്കുന്നു.

ചെയ്തപ്പോൾ ഒരു ബിഡർ മാത്രമാണ് പ്രസ്തുത ടെൻഡറിൽ പങ്കെടുത്തത്. അതുകൊണ്ടുതന്നെ ടെൻഡർ കമ്മിറ്റി ടെക്നിക്കൽ ബിഡ് അംഗീകരിച്ചു. വളരെയധികം ഗൗരവമുള്ള വിഷയമാണിത്.

(ശ്രീ. പി. എ. മുഹമ്മദ് റിയാസ്)

മി. സ്പീക്കർ: ബാക്കിഭാഗം മേശപ്പുറത്തുവച്ചാൽ മതി.

P. 13.02.2025
LJ/ AY -(1) (SV)
11.10-11.20

**കൃഷ്ണപുരം മാമ്പ്രകുന്നേൽ പാലം നിർമ്മാണം**

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ലെവൽക്രോസില്ലാത്ത കേരളം പദ്ധതിയിലുൾപ്പെടുത്തി കായംകുളത്തെ കൃഷ്ണപുരം-മാമ്പ്രകുന്നേൽ റെയിൽവെ മേൽപ്പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകിയിരുന്നു. കിഫ്ബി പദ്ധതിയിലുൾപ്പെട്ട ഈ ലെവൽക്രോസ് നിർമ്മാണത്തിന് കിഫ്ബി 31.211 കോടിരൂപ അനുവദിച്ചിട്ടുണ്ട്. ആർ.ഒ.ബി. നിർമ്മാണത്തിന് സ്വകാര്യവ്യക്തികളിൽനിന്നും ആവശ്യമായ ഭൂമിയും ഏറ്റെടുത്തുകഴിഞ്ഞു.

06-02-2025-ൽ കൂടിയ കമ്മിറ്റിയുടെ ശിപാർശപ്രകാരം ടെൻഡറിന് അംഗീകാരം ലഭിക്കുന്ന നടപടികൾ ആർ.ബി.ഡി.സി.കെ.

സ്വീകരിച്ചുവരുന്നുണ്ട്. അതിൽ എല്ലാ നിലയിലും സർക്കാർ ഇടപെടുന്നതാണ്. ബാക്കി മറുപടി മേശപ്പുറത്തുവയ്ക്കുന്നു+

(മേശപ്പുറത്ത് വച്ച കടലാസുകൾ)

P. 13.02.2025
LJ/ AY -(1)
11.10-11.20 (SV)

**മേശപ്പുറത്തുവച്ച കടലാസുകൾ**

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നം. | എസ്.ആർ.ഒ. നമ്പർ | എസ്.ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 921/2021 | എസ്.ആർ.ഒ 619/2020 -ന്റെ ഭേദഗതി വിജ്ഞാപനം | സ.ഉ.(അച്ചടി)നം.78/2021/ആഭ്യന്തരം | 10-12-2021 | അതെ |
| 2 | 456/2024 | സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(ആർ.ടി.)നം.1413/2024/ഹോം | 20-05-2024 | അതെ |
| 3 | 826/2024 | കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസസ് (അമെൻഡ്മെന്റ്) റൂൾസ്, 2024 | ജി.ഒ. (പി)നം.3/2024/പി&എ.ആർ.ഡി. | 21-08-2024 | അല്ല |
| 4 | 841/2024 | കൊല്ലങ്കോട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 4/2017- ൽ എസ്.പി.പി.-യുടെ നിയമനം | ജി. ഒ. (ആർ.ടി) നം. 2780/2024/ഹോം | 24-09-2024 | അല്ല |
| 5 | 875/2024 | കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസസ് (2-ാം ഭേദഗതി) റൂൾസ്, 2024 | ജി.ഒ. (പി)നം.6/2024/പി&എ.ആർ.ഡി. | 23-09-2024 | അല്ല |
| 6 | 935/2024 | ആറ്റിങ്ങലിലും നെയ്യാറ്റിൻകരയിലും സ്ഥാപിച്ചിട്ടുള്ള ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതിയിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(ആർടി.)നം.2979/2024/ഹോം | 16-10-2024 | അല്ല |
| 7 | 976/2024 | കോലഞ്ചേരി, പെരുമ്പാവൂർ മുൻസിഫ് കോടതികളുടെ സിവിൽ | ജി.ഒ.(എംഎസ്)നം.224/2024/ഹോം | 16-10-2024 | അല്ല |

+ അനുബന്ധമായി ചേർക്കുന്നു.

| | | | | | |
|---|---|---|---|---|---|
| | | അധികാരപരിധി പുനർനിർണയിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം | | | |
| 8 | 977/2024 | 1985-ലെ നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്റ്റ് പ്രകാരമുള്ള കേസുകളുടെ വിചാരണയ്ക്കായി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിച്ചുകൊണ്ടുള്ള വിജ്ഞാപനം. | ജി.ഒ.(ആർ.ടി) നം. 3113/2024/ഹോം. | 26-10-2024 | അല്ല |
| 9 | 1015/2024 | ഫ്ലൈയിംഗ് സ്ക്വാഡുകളുടെയും സ്റ്റാറ്റിക് സർവൈലൻസ് ടീമിന്റെയും ടീം ലീഡർമാരെ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരായി നിയമിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(എം.എസ്.)നം.239/2024/ഹോം. | 06-11-2024 | അല്ല |
| 10 | 1016/2024 | മകരവിളക്ക് ഉത്സവങ്ങളിൽ താൽക്കാലിക പോലീസ് സ്റ്റേഷനുകൾ തുറക്കുന്നത് സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(പി)നം.78/2024/ഹോം | 06-11-2024 | അല്ല |
| 11 | 1024/2024 | ജസ്റ്റിസ് (റിട്ട.) വി. കെ. മോഹനൻ അന്വേഷണ കമ്മീഷന്റെ കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള വിജ്ഞാപനം | ആഭ്യന്തരം-എസ്.എസ്.എ 2/67/2021-ആഭ്യന്തരം | 08-11-2024 | അല്ല |
| 12 | 1025/2024 | എസ്.ആർ.ഒ.നം.578/2023-ന്മേലുള്ള ഭേദഗതി വിജ്ഞാപനം | ആഭ്യന്തരം-എസ്.എസ്.എ 2/58/2023-ആഭ്യന്തരം | 08-11-2024 | അല്ല |
| 13 | 1029/2024 | ഉപതെരഞ്ഞെടുപ്പിനായി സ്പെഷ്യൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ നിയമനം സംബന്ധിച്ച വിജ്ഞാപനം | ജി.ഒ(ആർ.ടി)നം. 3331/2024/ഹോം | 12-11-2024 | അല്ല |
| 14 | 1035/2024 | കോഴിക്കോട് അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് കോടതിയിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ കാലാവധി സംബന്ധിച്ച് പുറപ്പെടുവിച്ച വിജ്ഞാപനം | ജി.ഒ.(ആർ.ടി.)നം.3343/2024/ഹോം | 13-11-2024 | അല്ല |
| 15 | 1036/2024 | കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസസ് (3-ാം ഭേദഗതി) റൂൾസ്, 2024 | ജി.ഒ.(പി)നം.8/2024/പി&എ.ആർ.ഡി. | 06-11-2024 | അല്ല |
| 16 | 1037/2024 | ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതിയിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(ആർ.ടി.)നം.3350/2024/ഹോം | 14-11-2024 | അല്ല |
| 17 | 1047/2024 | കൊല്ലം ഡിജിറ്റൽ കോടതിയിലെ സ്പെഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റിന്റെ നിയമനം സംബന്ധിച്ച വിജ്ഞാപനം | ജി.ഒ (എം.എസ്.)നം.241/2024/ഹോം | 17-11-2024 | അല്ല |
| 18 | 1060/2024 | എസ്.ആർ.ഒ.301/2021- ന്മേലുള്ള തിരുത്തൽ പത്രിക | ജി.ഒ. (എം.എസ്.)നം.242/2024/ഹോം | 17-11-2024 | അല്ല |
| 19 | 1094/2024 | കോഴിക്കോട് സൈബർ പാർക്ക് എസ്റ്റേറ്റ് ഓഫീസറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം | ജി.ഒ(പി)നം.8/2024/ഐ.ടി.ഡി. | 26-11-2024 | അല്ല |
| 20 | 1098/2024 | മുനമ്പം നിവാസികളും വഖഫ് ബോർഡുമായി നിലനിൽക്കുന്ന ഭൂമിതർക്കം പരിഹരിക്കുന്നതിനായി ജുഡീഷ്യൽ അന്വേഷണ കമ്മീഷനെ | ആഭ്യന്തരം-എസ്.എസ്.എ 2/249/2024-ആഭ്യന്തരം. | 27-11-2024 | അല്ല |

| | | | | | |
|---|---|---|---|---|---|
| | | നിയമിക്കുന്നത് സംബന്ധിച്ച് | | | |
| 21 | 1106/2024 | മലപ്പുറം ജില്ലയിലെ മങ്കടയിലുള്ള കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ലിമിറ്റഡിന്റെ 110 കെ.വി. സബ് സ്റ്റേഷൻ നിരോധിത സ്ഥലമായി പ്രഖ്യാപിച്ചുകൊണ്ടുള്ള വിജ്ഞാപനം | ജി.ഒ.(എം.എസ്). നം.256/2024/ഹോം | 28-11-2024 | അല്ല |
| 22 | 1107/2024 | M/s. ശ്രീ വത്സ ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡിനെതിരെ അന്വേഷണം നടത്തുന്നതിന് ഡൽഹി പോലീസ് സ്പെഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് സെക്ഷൻ 6 പ്രകാരം അനുമതി നൽകുന്നത് സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(എം.എസ്.) നം.258/2024/ഹോം | 28-11-2024 | അല്ല |
| 23 | 1108/2024 | പറവൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നം.711/2016- നായി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(ആർ.ടി)നം.3560/2024/ഹോം | 28-11-2024 | അല്ല |
| 24 | 1109/2024 | വരാപ്പുഴ പോലീസ് സ്റ്റേഷനിൽ ക്രൈം നം.321/2018-നായി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം | ജി.ഒ(ആർ.ടി) നം.3562/2024/ഹോം | 28-11-2024 | അല്ല |
| 25 | 1111/2024 | നോർത്ത് പറവൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 346/2011 കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(ആർ.ടി.)നം.3563/2024/ഹോം | 28-11-2024 | അല്ല |
| 26 | 1112/2024 | ഇടുക്കി പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 37/2022 കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(ആർ.ടി) നം.3564/2024/ഹോം | 28-11-2024 | അല്ല |
| 27 | 1113/2024 | സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി ശ്രീ ടി. ഷാജിത്തിനെ നിയമിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(ആർ.ടി.)നം.3565/2024/ഹോം | 28-11-2024 | അല്ല |
| 28 | 1114/2024 | അടൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നം.122/2015-നായി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(ആർ.ടി)നം.3568/2024/ഹോം | 28-11-2024 | അല്ല |
| 29 | 1125/2024 | ആലത്തൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നം.395/2019-നായി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം | ജി.ഒ(ആർ.ടി)നം.3593/2024/ഹോം | 01-12-2024 | അല്ല |
| 30 | 1131/2024 | ചാലക്കുടി പോലീസ് സ്റ്റേഷനിൽ ക്രൈം നം.284/2009-നായി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം | ജി.ഒ(ആർ.ടി)നം. 3632/2024/ഹോം | 05-12-2024 | അല്ല |
| 31 | 1132/2024 | എസ്.ആർ.ഒ. 20/2016-ന്മേലുള്ള ഭേദഗതി വിജ്ഞാപനം | ജി.ഒ.(പി)നം. 82/2024/ഹോം | 05-12-2024 | അല്ല |
| 32 | 1135/2024 | പുറ്റിങ്ങൽ ദേവി ക്ഷേത്രത്തിലെ വെടിക്കെട്ട് ദുരന്തത്തിന്റെ | ജി.ഒ.(എംഎസ്)നം. 267/2024/ഹോം. | 09-12-2024 | അല്ല |

| | | | | | |
|---|---|---|---|---|---|
| | | വിചാരണയ്ക്കായി അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് കോടതിയുടെ അധികാരപരിധി നിശ്ചയിക്കുന്നത് സംബന്ധിച്ച്. | | | |
| 33 | 1142/2024 | സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(ആർ.ടി)നം.3723/2024/ഹോം | 10-12-2024 | അല്ല |
| 34 | 1159/2024 | ലോംഗ് റിച്ച് ട്രേഡിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനെതിരെ അന്വേഷണത്തിനുള്ള അനുമതി നൽകിക്കൊണ്ടുള്ള വിജ്ഞാപനം | ജി.ഒ(പി)നം.83/2024/ഹോം | 12-12-2024 | അല്ല |
| 35 | 1162/2024 | ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റ്, 1946 സെക്ഷൻ 6 പ്രകാരമുള്ള വിജ്ഞാപനം | ജി.ഒ.(എം.എസ്.)നം. 270/2024/ഹോം. | 13-12-2024 | അല്ല |
| 36 | 1163/2024 | സ്പെഷ്യൽ റൂൾസ് ഫോർ ദി പേഴ്സണൽ സ്റ്റാഫ് ഓഫ് മിനിസ്റ്റേഴ്സ്, ദി ലീഡർ ഓഫ് ഒപ്പോസിഷൻ ആന്റ് ദി ഗവൺമെന്റ് ചീഫ് വിപ്പ് (അമെന്റ്മെന്റ് റൂൾസ്), 2024 | ജി.ഒ.(പി)നം.42/2024/ജി.എ.ഡി. | 17-12-2024 | അല്ല |
| 37 | 1166/2024 | കൊയിലാണ്ടി പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 186/2024 കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(ആർ.ടി) നം.3793/2024/ഹോം | 17-12-2024 | അല്ല |
| 38 | 1179/2024 | കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസസ് റൂൾസ് (4-ാം ഭേദഗതി) ചട്ടങ്ങൾ, 2024 | ജി.ഒ.(പി) നം.12/2024/പി&എആർഡി | 09-12-2024 | അല്ല |
| 39 | 1185/2024 | ബദിയടുക്ക പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 550/2023 കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(ആർ.ടി) നം.3869/2024/ഹോം. | 26-12-2024 | അല്ല |
| 40 | 15/2025 | എസ്.ആർ.ഒ നമ്പർ 388/2010-ന്മേലുള്ള ഭേദഗതി വിജ്ഞാപനം സംബന്ധിച്ച് | ജി.ഒ.(പി)നം. 2/2025/ഹോം. | 04-01-2025 | അല്ല |
| 41 | 17/2025 | കാസർഗോഡ് സൈബർ ക്രൈം പോലീസ് സ്റ്റേഷൻ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള വിജ്ഞാപനം | ജി.ഒ.(പി) നം.3/2025/ഹോം. | 05-01-2025 | അല്ല |
| 42 | 25/2025 | മലപ്പുറം ജില്ലയിലെ സൈബർ പോലീസ് സ്റ്റേഷൻ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള വിജ്ഞാപനം | ജി.ഒ.(പി) നം. 4/2025/ഹോം. | 06-01-2025 | അല്ല |
| 43 | 32/2025 | വാഴക്കാട് പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 196/2024 കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(ആർ.ടി) നം.96/2025/ഹോം | 08-01-2025 | അല്ല |
| 44 | 33/2025 | തിരുവനന്തപുരം ജില്ലയിലെ പാറ്റൂരിലെ കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ലിമിറ്റഡിന്റെ 33 കെ.വി. കണ്ടെയ്നർ സബ്സ്റ്റേഷൻ നിരോധിത മേഖലയായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(എം.എസ്.)നം.4/2025/ഹോം | 08-01-2025 | അല്ല |

| | | | | | |
|---|---|---|---|---|---|
| 45 | 37/2025 | ട്രാഫിക് പോലീസ് സ്റ്റേഷനെ പുനഃനാമകരണം ചെയ്തുകൊണ്ടുള്ള വിജ്ഞാപനം | ജി.ഒ.(പി)നം.5/2025/ഹോം. | 07-01-2025 | അല്ല |
| 46 | 62/2025 | വിരമിച്ച ജില്ലാ ജഡ്ജിമാരെ കുടുംബ കോടതി ജഡ്ജിമാരായി നിയമിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(എം.എസ്.)നം.6/2025/ഹോം | 09-01-2025 | അല്ല |
| 47 | 64/2025 | കുറ്റ്യാടി പോലീസ് സ്റ്റേഷനിലെ ക്രൈം നം.540/2023 കേസ്സിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(ആർ.ടി.)നം219/2025/ഹോം | 22-01-2025 | അല്ല |
| 48 | 65/2025 | സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(ആർ.ടി.)നം.223/2025/ഹോം | 22-01-2025 | അല്ല |
| 49 | 102/2025 | കാസർഗോഡ് അഡീഷണൽ ജില്ലാ & സെഷൻസ് (പോക്സോ) കോടതിയിലെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(ആർ.ടി.)നം.320/2025/ഹോം | 30-01-2025 | അല്ല |
| 50 | 103/2025 | കാസർഗോഡ് അഡീഷണൽ ജില്ലാ & സെഷൻസ് (പോക്സോ) കോടതിയിലെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം | ജി.ഒ.(ആർ.ടി.)നം.319/2025/ഹോം | 30-01-2025 | അല്ല |

II. ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

| ക്രമ നം. | എസ്. ആർ.ഒ. നമ്പർ | എസ്.ആർ.ഒ. നെയിം | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|---|
| | | | നമ്പർ | തീയതി | |
| 1 | 726/2020 | 2020-ലെ കേരള ട്രഷറി (ഒന്നാമത് ഭേദഗതി) ചട്ടങ്ങൾ | സ.ഉ.(അച്ചടി)നം.89/2020/ധനം | 01-07-2020 | അതെ |
| 2 | 127/2022 | ട്രഷറി സേവിംഗ്സ് ബാങ്ക്, പെൻഷൻ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം എന്നിവയിൽ ഉപഭോക്താക്കളെയും പെൻഷൻകാരെയും തിരിച്ചറിയുന്നതിനായി ആധാർ പ്രാമാണീകരണം ഉപയോഗിക്കുന്നതിന് ട്രഷറി വകുപ്പിന് അനുമതി നൽകികൊണ്ടുള്ള വിജ്ഞാപനം | എസ്.എൽ3/23/2020-ഫിൻ3 | 12-01-2022 | അതെ |
| 3 | 652/2022 | എസ്.ആർ.ഒ.നം. 942/2019-മേലുള്ള തിരുത്തൽ പത്രിക | സ.ഉ.(അച്ചടി)നം.72/2022/ധന. | 24-06-2022 | അതെ |

| | | | | | |
|---|---|---|---|---|---|
| 4 | 724/2022 | എസ്.ആർ.ഒ.നം.506/2021-ന്മേലുള്ള തിരുത്തൽ പത്രിക | ജി.ഒ.(പി)നം.84/2022/ഫിൻ | 11-07-2022 | അതെ |
| 5 | 740/2022 | 2022-ലെ കേരള ട്രഷറി (ഒന്നാം ഭേദഗതി) ചട്ടങ്ങൾ | സ.ഉ.(അച്ചടി)നം.67/2022/ധന. | 21-06-2022 | അതെ |
| 6 | 469/2024 | മൺസൂൺ ബമ്പർ ലോട്ടറി 2024 | ജി.ഒ.(പി)നം.73/2024/ടാക്സസ് | 27-05-2024 | അതെ |
| 7 | 470/2024 | മൺസൂൺ ബമ്പർ ലോട്ടറി- സമ്മാന ഘടന | ജി.ഒ.(പി)നം.74/2024/ടാക്സസ് | 27-05-2024 | അതെ |
| 8 | 907/2024 | എസ്.ആർ.ഒ.നം.360/2017-ന്റെ ഭേദഗതി വിജ്ഞാപനം | ജി.ഒ.(പി)നം.135/2024/ടി.ഡി. | 09-10-2024 | അല്ല |
| 9 | 994/2024 | ദ കേരള ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് (3-ാം അമെൻഡ്മെന്റ്) റൂൾസ്, 2024 | ജി.ഒ.(പി)നം.151/2024/ടി.ഡി. | 30-10-2024 | അല്ല |
| 10 | 995/2024 | കേരള സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് ആക്റ്റ്, 2017-ന്മേലുള്ള വിജ്ഞാപനം | ജി.ഒ.(പി)നം.152/2024/ടി.ഡി. | 30-10-2024 | അല്ല |
| 11 | 996/2024 | കേരള സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് ആക്റ്റ് ,2017-ന്മേലുള്ള വിജ്ഞാപനം | ജി.ഒ.(പി)നം.153/2024/ടി.ഡി. | 30-10-2024 | അല്ല |
| 12 | 997/2024 | എസ്.ആർ.ഒ നം.666/2021-ന്മേലുള്ള ഭേദഗതി വിജ്ഞാപനം | ജി.ഒ.(പി) നം.154/2024/ടി.ഡി. | 30-10-2024 | അല്ല |
പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

40,05,74,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 18,06,38,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

20,14,40,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 70,16,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 62,92,44,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,76,58,63,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 7,24,76,37,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,97,24,39,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,01,93,52,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 53,98,31,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,00,00,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,28,40,86,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ

2,19,44,23,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 98,43,38,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 20,00,01,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 27,80,10,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,11,61,05,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,56,89,57,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,67,80,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 17,72,33,63,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 22,52,89,00,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ചർച്ച കൂടാതെ പാസ്സാക്കുന്ന ഉപധനാഭ്യർത്ഥനകൾ**

മി. സ്പീക്കർ: സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,90,29,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തിരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 304,56,05,000/- രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3020,11,63,000/- രൂപയുടെ ഉപധനാഭ്യർത്ഥന

അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

P 13.02.2025
TB - AM(I)
11.30 - 11.40

**നിയമനിർമ്മാണ കാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപവും

(i) 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ട് ചട്ടം 75(1) പ്രകാരമുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ചർച്ചയില്ല)

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(പ്രതിപക്ഷാംഗങ്ങൾ ബാനറും പ്ലക്കാർഡുകളും പിടിച്ച് ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബഹളംവച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

<u>മി. സ്പീക്കർ</u>: 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ സമൂഹ്യസേവനം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്റ്റ് കമ്മിറ്റി XIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(ii) <u>2024-ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ബിൽ</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ,

2024-ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2024-ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

(ചർച്ചയില്ല)

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ ഈ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2024-ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

<u>മി. സ്പീക്കർ</u>: ഓർഡർ....... ഓർഡർ....... സഭ ഇപ്പോൾ പിരിയുന്നതും മാർച്ച് മാസം 3-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 മാർച്ച് മാസം 3-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 11.37-ന് പിരിഞ്ഞു.)

**********

**അനുബന്ധം**

P.13-02-2025 GS/SO(1)
9.30-9.40

**<u>അനുബന്ധം-1</u>**

<u>13-02-2025-ലെ ചോദ്യം നം.*123-ന്റെ ഉത്തരത്തിലെ അനുബന്ധം</u>

സംസ്ഥാനത്ത് പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമവകുപ്പ് നടപ്പിലാക്കിവരുന്ന പച്ചക്കറി വികസന പദ്ധതിയുടെ ഘടകങ്ങൾ തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

<u>വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹനം</u>

2024-25 സാമ്പത്തിക വർഷത്തിൽ സുരക്ഷിത പച്ചക്കറികൾ വീട്ടുവളപ്പുകളിൽനിന്നുതന്നെ ഉൽപാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് സങ്കരയിനം പച്ചക്കറി വിത്തുകളുടെ വിവിധ ഇനങ്ങളടങ്ങിയ 100 രൂപ വിലവരുന്ന ഒരു ലക്ഷം വിത്തുപായ്ക്കറ്റുകളും 3 രൂപ വിലവരുന്ന 50 ലക്ഷം സങ്കരയിനം പച്ചക്കറി തൈകളും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, വിവിധയിനം പച്ചക്കറി വിത്തുകളുടെ 10 രൂപ വിലയുള്ള 25 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 2.5 രൂപ വിലയുള്ള 40 ലക്ഷം പച്ചക്കറി തൈകളും കർഷകർക്ക് പൂർണ്ണമായും സൗജന്യമായി വിതരണം ചെയ്തു. വിവിധ മാധ്യമങ്ങൾ മുഖേന 5 രൂപ വിലയുള്ള 2 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളുടെ വിതരണവും നടത്തിയിട്ടുണ്ട്.

ദീർഘകാല പച്ചക്കറി വിളകളുടെ പ്രോത്സാഹനത്തിനായി ദീർഘകാല വിളകളായ മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയ ഇനങ്ങളുടെ 15 രൂപ വിലവരുന്ന 1 ലക്ഷം തൈകൾ സൗജന്യമായി കർഷകർക്ക് വിതരണം നടത്തി.

നഗരപ്രദേശങ്ങളിൽ സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്തവരെ ലക്ഷ്യമിട്ട് ചെടിച്ചട്ടികളിലുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ചുവരുന്നു. ഒരു കർഷകന് 25 പച്ചക്കറി തൈകൾ, മൺചട്ടി/HDPE ചട്ടികളിലാക്കിയ ഒരു യൂണിറ്റിന് 75 ശതമാനം സബ്സിഡി നിരക്കിൽ, ആകെ 8000 യൂണിറ്റുകൾ വിതരണം ചെയ്യുന്നുണ്ട്. (ഒരു യൂണിറ്റിന്റെ വില 5,000 രൂപ)

<u>പോഷകത്തോട്ടം നിർമ്മിക്കുന്നതിന് പ്രോത്സാഹനം</u>

പോഷക സമൃദ്ധി മിഷന്റെ ഭാഗമായി 2024-25 സാമ്പത്തിക വർഷം മുതൽ പോഷകത്തോട്ടം നിർമ്മിക്കുന്നതിന് ധനസഹായം നൽകി സുരക്ഷിത പച്ചക്കറി വീട്ടിൽനിന്നുതന്നെ ലഭ്യമാക്കുന്നതിന് വിഭാവനം ചെയ്ത് പോഷകത്തോട്ടങ്ങൾ രൂപീകരിച്ച് നടപ്പിലാക്കിവരുന്നു. പോഷക സമൃദ്ധി മിഷനിലുൾപ്പെടുത്തി വീട്ടുവളപ്പിൽ 1 ലക്ഷം പോഷകത്തോട്ടം നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിന്റെഭാഗമായി സങ്കരയിനം പച്ചക്കറി തൈകൾ, ദീർഘകാല പച്ചക്കറി തൈകൾ - മുരിങ്ങ, കറിവേപ്പ്, അഗത്തി, ശീമചക്ക, ഡോളോമൈറ്റ്, സമ്പൂർണ്ണ പച്ചക്കറി മിശ്രിതം,

സ്യൂഡോമോണാസ്, ട്രൈക്കോഡെർമ്മ, ഫിഷ് അമിനോ ആസിഡ്, മണ്ണിര കമ്പോസ്റ്റ്, ജൈവ കീടനാശിനി എന്നിവ 500 രൂപ സബ്സിഡി നിരക്കിൽ കർഷകന് നൽകിവരുന്നു. കൂടാതെ, പോഷകത്തോട്ടം നിർമ്മിക്കുന്നതിനുള്ള മാതൃക, കൃഷിചെയ്യുന്നതിനുള്ള മാർഗനിർദേശങ്ങൾ എന്നിവയും നൽകിയിട്ടുണ്ട്. ഇതിലൂടെ സുരക്ഷിത പച്ചക്കറികൾ വീട്ടുവളപ്പിൽനിന്നുതന്നെ ലഭ്യമാക്കുന്നതിനും ജീവിതശൈലീരോഗങ്ങളെ അകറ്റി നിർത്തുന്നതിനും സഹായിക്കുന്നു. കൂടാതെ, പോഷക പ്രാധാന്യമുള്ള ഭക്ഷണത്തിന്റെ ആവശ്യകതയെ സംബന്ധിച്ചുള്ള ബോധവൽക്കരണ പരിപാടികളും കാർഷിക പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നു.

<u>തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി</u>

2024-25 സാമ്പത്തിക വർഷത്തിൽ പച്ചക്കറി വികസന പദ്ധതിയിൻകീഴിൽ ഒരു മുഖ്യഘടകമായി ഉൾപ്പെടുത്തി തുറസ്സായ സ്ഥലത്തെ കൃത്യതാകൃഷി എന്ന ഘടകം നടപ്പിലാക്കിവരുന്നു. തുറസ്സായ സ്ഥലത്തെ കൃത്യതാകൃഷി നടപ്പിലാക്കുന്നതിനായി ഒരു ഹെക്ടറിന് 1 ലക്ഷം രൂപ ധനസഹായം നൽകിവരുന്നു. സസ്യവളർച്ചയ്ക്കാവശ്യമായ ജലം,

പോഷകമൂല്യങ്ങൾ എന്നിവ കൃത്യമായ സമയത്ത് കൃത്യമായ അളവിൽ കൃത്യമായ രീതിയിൽ സസ്യങ്ങൾക്ക് നൽകുന്ന കൃഷി സമ്പ്രദായമാണ് തുറസ്സായ സ്ഥലത്തെ കൃത്യതാകൃഷി. ജലസേചനത്തിനായി ഡ്രിപ്പും അതിനോടൊപ്പം രാസവളങ്ങളും നൽകുന്ന ഫെർട്ടിഗേഷൻ സംവിധാനവും ഉപയോഗിക്കുന്ന ഈ കൃഷി രീതി പോളിഹൗസുകളിലും തുറസ്സായ സ്ഥലത്തും നടത്താവുന്നതാണ്. പ്രസ്തുത പദ്ധതി ഘടകത്തിലൂടെ പച്ചക്കറി ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനും പരമ്പരാഗത കൃഷി രീതികളെ പ്രോത്സാഹിപ്പിക്കുന്നതിനും സാധ്യമാകുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ 203 ഹെക്ടർ സ്ഥലത്ത് തുറസ്സായ സ്ഥലത്തെ കൃത്യതാകൃഷി നടപ്പിലാക്കുന്നതിന് പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

<u>സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി</u>

സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ/സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷിക്ക് ധനസഹായം നൽകിവരുന്നു.

<u>വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി</u>

വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി 10 കർഷകർ അടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് 3 മുതൽ 5 വരെ ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്ന ക്ലസ്റ്റർ ഒന്നിന് പരമാവധി 1-1.25 ലക്ഷം രൂപ വരെ ധനസഹായം നൽകിക്കൊണ്ടുള്ള പദ്ധതി ഘടകമാണിത്. ക്ലസ്റ്ററുകളിലുൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടർ ഒന്നിന് പന്തൽ ആവശ്യമുള്ളതിന് 25,000/-രൂപയും പന്തൽ ആവശ്യമില്ലാത്തതിന് 20,000/-രൂപയും വരെ ധനസഹായം നൽകുന്നു. ശീതകാല പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 30,000/-രൂപ ധനസഹായം നൽകുന്നു. പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ പ്രോത്സാഹനത്തിനായി ഹെക്ടർ ഒന്നിന് 25,000/-രൂപ ധനസഹായം നൽകി പദ്ധതി നടപ്പിലാക്കിവരുന്നു. കർഷകർക്ക് കൃഷി സംബന്ധമായി പരിശീലനപരിപാടികളും ടി പദ്ധതി ഘടകത്തിലൂടെ നൽകിവരുന്നുണ്ട്.

<u>പച്ചക്കറി കൃഷിക്ക് അടിസ്ഥാന സൗകര്യ വികസനം</u>

<u>മഴമറയിലെ പച്ചക്കറി കൃഷി</u>

വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷി ചെയ്യുന്നതിനായി മഴമറയിലെ കൃഷി കർഷകർക്കും ഏറെ സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി ചെയ്യുന്നതിനും ഉൽപാദനം വർധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്ററുള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000/-രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ 30,000 സ്ക്വയർ മീറ്ററിൽ 150 ലക്ഷം രൂപ വകയിരുത്തി മഴമറ കൃഷി നടപ്പിലാക്കുന്നതിന് ലക്ഷ്യമിട്ട് പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

<u>13-02-2025-ലെ ചോദ്യം നം.*123-ന്റെ ഉത്തരത്തിലെ അനുബന്ധം</u>

ഈ സർക്കാർ വന്നതിനുശേഷം പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ വി.എഫ്.പി.സി.കെ. നടപ്പിലാക്കിവരുന്നു.

<u>ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപാദനവും വിതരണവും</u>

ജനിതക ശുദ്ധിയും ഉൽപാദനക്ഷമതയുമുള്ള പച്ചക്കറി വിത്തുകൾ ഉൽപാദിപ്പിക്കുന്നതിനും സംഭരിക്കുന്നതിനും അവ സംസ്കരിച്ച് വിതരണം നടത്തുന്നതിനുമായി പാലക്കാട് ജില്ലയിലെ ആലത്തൂരിലെ സീഡ് പ്രോസസ്സിംഗ് പ്ലാന്റ് ശ്രദ്ധേയമായ പ്രവർത്തനമാണ് നടത്തിവരുന്നത്. ആലത്തൂർ വിത്ത് സംസ്കരണശാലയോടനുബന്ധിച്ച് 100 ടൺ സംഭരണശേഷിയുള്ള വിത്ത് സംഭരണകേന്ദ്രം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ ധനസഹായത്തോടെ 166 വിത്തുൽപാദക കർഷകരെകൊണ്ട് അത്യുൽപാദനശേഷിയുള്ള പച്ചക്കറി വിത്തുൽപാദനം നടപ്പിലാക്കുന്നു. 2021-22 സാമ്പത്തിക വർഷം ഒരു കോടി ഫലവൃക്ഷ തൈ പദ്ധതിയിൽ കൃഷി വകുപ്പുമായി ചേർന്ന് 25 ലക്ഷം ഫലവൃക്ഷ തൈകളും കൃഷി വകുപ്പിന്റെ ഓണത്തിന് 'ഒരു മുറം പച്ചക്കറി' , 'ഞങ്ങളും കൃഷിയിലേയ്ക്ക്' തുടങ്ങിയ വിവിധ പദ്ധതികളിലൂടെ 1.3 കോടിയോളം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 50 ലക്ഷം പച്ചക്കറി തൈകളും ലഭ്യമാക്കി. 2022-23 സാമ്പത്തിക വർഷം സർക്കാരിന്റെ വിവിധ പദ്ധതികൾക്കാവശ്യമായ 44.84 ലക്ഷം വിത്ത് പായ്ക്കറ്റുകളും 55 ലക്ഷം പച്ചക്കറി തൈകളും 23.18 ലക്ഷം ഫലവൃക്ഷ തൈകളും കൗൺസിൽ

ലഭ്യമാക്കിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം സർക്കാരിന്റെ വിവിധ പദ്ധതികൾക്കാവശ്യമായ 61.28 ലക്ഷം വിത്ത് പായ്ക്കറ്റുകളും 81.35 ലക്ഷം പച്ചക്കറി തൈകളും 5 ലക്ഷം ഫലവൃക്ഷ തൈകളും കൗൺസിൽ ലഭ്യമാക്കിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം സർക്കാരിന്റെ വിവിധ പദ്ധതികൾക്കാവശ്യമായ 23.01 ലക്ഷം വിത്ത് പായ്ക്കറ്റുകളും 43.51 ലക്ഷം പച്ചക്കറി തൈകളും 2.38 ലക്ഷം ഫലവൃക്ഷ തൈകളും കൗൺസിൽ ലഭ്യമാക്കിയിട്ടുണ്ട്.

<u>ഹൈബ്രിഡ് പച്ചക്കറി വിത്തുൽപാദനം</u>

കേരള കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്ത ശോണിത തണ്ണിമത്തൻ IIHR ബാംഗ്ലൂർ വികസിപ്പിച്ച അർക്കാ നിഖിത (വെണ്ട) എന്നീ വിളകളുടെ മാതൃ-പിതൃ വിത്തുകൾ ആദ്യഘട്ടത്തിൽ വി.എഫ്.പി.സി.കെ. വാങ്ങുകയും ഇവ പോളിഹൗസിൽ കൃഷി ചെയ്ത് വിത്തുകൾ വർധിപ്പിക്കുന്ന നടപടികൾ പൂർത്തിയാക്കി വരികയും ചെയ്യുന്നു. പ്രസ്തുത നടപടികളുടെ ഭാഗമായി സങ്കരയിനം വിത്തുകൾ ഉൽപാദിപ്പിക്കുന്നതിനുള്ള പ്രക്രിയ പരീക്ഷണാടിസ്ഥാനത്തിൽ പ്രത്യേകം തിരഞ്ഞെടുത്തത് പരിശീലനം കൊടുത്ത 15 കർഷകർ മുഖേന നടപ്പിലാക്കി 2024-25 സാമ്പത്തിക വർഷം ഹൈബ്രിഡ് വിത്ത് ലഭ്യമാക്കുന്നതാണ്. കൂടാതെ കേരളാ കാർഷിക

സർവകലാശാല വികസിപ്പിച്ച നീലിമ (വഴുതന), IIHR ബാംഗ്ലൂർ വികസിപ്പിച്ച അർക്കാ രക്ഷക് (തക്കാളി), അർക്കാ ഹരിത (പച്ചമുളക്) എന്നീ ഹൈബ്രിഡ് ഇനങ്ങളുടെ സ്വീകാര്യത മനസ്സിലാക്കുന്നതിനായി പരീക്ഷണതോട്ടങ്ങളും സംഘടിപ്പിക്കുന്നതാണ്. ഇതുവഴി പച്ചക്കറി ഉൽപാദനം വർധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു.

<u>കൃഷി ബിസിനസ്സ് കേന്ദ്ര (കെ.ബി.കെ)</u>

കർഷകർക്ക് ഗുണമേന്മയുള്ള കാർഷികോൽപാദനോപാധികൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി കൗൺസിലിനുകീഴിൽ കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ എറണാകുളത്തും തിരുവനന്തപുരത്തും കാസർഗോഡും പ്രവർത്തിച്ചുവരുന്നു. പത്തനംതിട്ട, കോഴിക്കോട് എന്നീ ജില്ലകളിൽ RKVY പദ്ധതി സഹായത്തോടെ പുതിയ രണ്ട് കൃഷി ബിസിനസ് കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ഈ കേന്ദ്രങ്ങളിൽ ഗുണമേന്മയുള്ള പച്ചക്കറികളുടെ തൈകളും വിത്തും വില്പനയ്ക്കായി ഒരുക്കിയിട്ടുണ്ട്. ജൈവ വളങ്ങൾ, ജൈവ കീടനാശിനികൾ, കാർഷികോപകരണങ്ങൾ, ചെടിചട്ടികൾ എന്നിവയും ഇവിടെനിന്ന് ലഭ്യമാണ്. 63 തളിർ ഗ്രീൻ ഇക്കോഷോപ്പുകൾ ഔട്ട്ലെറ്റുകൾ സംസ്ഥാനത്തുടനീളം ആരംഭിച്ചു. ഇതുവഴി ഗുണമേന്മയുള്ള പഴം-പച്ചക്കറി

ഉൽപന്നങ്ങൾ ഉപഭോക്താകൾക്ക് ലഭ്യമാക്കുന്നതിന് ഗുണമേന്മയുള്ള നടീൽ വസ്തുക്കളും ഉൽപാദനോപാധികളും ലഭ്യമാക്കുന്നതിനും സാധിച്ചു.

പച്ചക്കറി കൃഷി പ്രോത്സാഹനം

2021-22 സാമ്പത്തിക വർഷം കയറ്റുമതിക്കനുയോജ്യമായ പച്ചക്കറി കൃഷി 500 ഹെക്ടർ സ്ഥലത്ത് വ്യാപിപ്പിച്ചു. പന്തൽ പച്ചക്കറി കൃഷിക്ക് 25000 ഹെക്ടർ, പന്തൽ ഇതരപച്ചക്കറി വിളകൾക്ക് 20000 ഹെക്ടർ, ശീതകാല പച്ചക്കറി കൃഷിക്ക് 30000 ഹെക്ടർ എന്ന തോതിൽ ധനസഹായം ലഭ്യമാക്കി. 25 ഹെക്ടറിൽ കൃത്യതാ കൃഷി പ്രോത്സാഹിപ്പിച്ചു. 80 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിക്കാവശ്യമായ പെർമനന്റ് പന്തൽ സെമി-പെർമനന്റ് പന്തൽ എന്നിവ നിർമ്മിക്കുന്നതിന് സഹായം ലഭ്യമാക്കി.

2022-23 സാമ്പത്തിക വർഷം പച്ചക്കറി ഉൽപാദനം വർധിപ്പിക്കുന്നതിന് അഗ്രി ഇക്കോളജിക്കൽ യൂണിറ്റ് അടിസ്ഥാനമാക്കി 1000 ഹെക്ടറിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ചു. 50 ഹെക്ടറിൽ കയറ്റുമതി മൂല്യമുള്ള പച്ചക്കറി ഉൽപാദനവും പ്രോത്സാഹിപ്പിച്ചു. 1000 ഹെക്ടർ സ്ഥലത്തേയ്ക്ക് ആവശ്യമായ ദ്വിതീയ മൂലകങ്ങൾ, സൂക്ഷ്മ മൂലകങ്ങൾ, ഡോളോമൈറ്റ് എന്നിവ ലഭ്യമാക്കി. ഹൈബ്രിഡ് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 5 ഇനം ഹൈബ്രിഡ് വിത്തിനങ്ങൾ അടങ്ങിയ

20000 വിത്ത് കിറ്റുകൾ ലഭ്യമാക്കി. പന്തൽ വിളകൾക്ക് പടർന്ന് കയറുന്നതിനാവശ്യമായ താങ്ങ് നൽകുന്നതിന് പെർമനന്റ്/സെമി പെർമനന്റ് പന്തൽ നിർമ്മിക്കുന്നതിനും കൃത്യതാ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സോളാർ വേലി സ്ഥാപിക്കുന്നതിനും പദ്ധതി സഹായം ലഭ്യമാക്കി. നാടൻ പച്ചക്കറി കൃഷി 140 ഹെക്ടറിൽ പ്രോത്സാഹിപ്പിച്ചു.

2023-24 സാമ്പത്തിക വർഷം കാലാവസ്ഥ അനുയോജ്യ കൃഷിമുറകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 107.5 ഹെക്ടറിൽ ഹൈഡ്രോജെൽ ഉപയോഗം പ്രോത്സാഹിപ്പിക്കുകയും 208 പടുതാകുളങ്ങൾ നിർമ്മിക്കുകയും 181896 എണ്ണം ഗ്രാഫ്റ്റഡ് പച്ചക്കറി തൈകൾ ലഭ്യമാക്കുകയും ചെറുധാന്യ ഇടവിള കൃഷി 26.24 ഹെക്ടറിൽ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. പച്ചക്കറി ഉൽപാദനം വർധിപ്പിക്കുന്നതിന് അഗ്രി ഇക്കോളജിക്കൽ യൂണിറ്റ് അടിസ്ഥാനമാക്കി 1000 ഹെക്ടർ സ്ഥലത്തേയ്ക്ക് വാണിജ്യ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ ദ്വിതീയ മൂലകങ്ങൾ, സൂക്ഷ്മ മൂലകങ്ങൾ, ജീവാണുവളങ്ങൾ, കെണികൾ, ഡോളോമൈറ്റ് എന്നിവ ലഭ്യമാക്കി. 267 ഹെക്ടറിൽ നാടൻ പച്ചക്കറി കൃഷി വ്യാപിപ്പിച്ചു. പന്തൽ വിളകൾ പടർന്നുകയറുന്നതിനാവശ്യമായ താങ്ങ് നൽകുന്നതിന് 23.82 ഹെക്ടർ സ്ഥലത്ത് പെർമനന്റ്/സെമി പെർമനന്റ് പന്തൽ സ്ഥാപിക്കുന്നതിന്

75298.4 മീറ്റർ സൗരോർജ്ജ വേലി നിർമ്മിക്കുന്നതിനും സഹായം ലഭ്യമാക്കി.

വി.എഫ്.പി.സി.കെ. മുഖേന പച്ചക്കറി വികസനം, ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപാദനവും വിതരണവും എന്ന സർക്കാർ പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് മേൽ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നത്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ സാമ്പത്തിക സഹായത്തോടെ പച്ചക്കറി ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് 9 ജില്ലകളിൽ 265.81 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിക്കുവേണ്ടി മൾച്ചിംഗ് അടക്കമുള്ള കൃത്യതാ കൃഷി നടപ്പിലാക്കി.

**അനുബന്ധം-2**

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4491-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം</u>

## ബി. ടെക് ബിരുദധാരികൾകൾക്ക് ഗണിതശാസ്ത്രത്തിൽ ബി.എഡ്. പ്രവേശനം

(4491) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലിക്കറ്റ് സർവ്വകലാശാലയിൽ ബി.ടെക് ബിരുദധാരികൾക്ക് ഗണിതശാസ്ത്രത്തിൽ ബി.എഡ് പ്രവേശനത്തിന് അർഹതയുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ആയതിന് പി.എസ്.സി.-യുടെ അംഗീകാരമുണ്ടോ?

23-11-2-22 ലെ സ.ഉ.(കൈ)നം.215/2022/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ബി.എഡ്. കോഴ്സിനുള്ള പ്രവേശനത്തിന് യോഗ്യതാ മാനദണ്ഡമായി നിശ്ചയിച്ചിട്ടുള്ള കേരളത്തിലെ സർവ്വകലാശാലകൾ നൽകുന്നതോ അംഗീകരിച്ചതോ ആയ B.Tech, BCA ഉൾപ്പെടെയുള്ള എല്ലാ ബിരുദങ്ങളും കൂടി UPST തസ്തികയുടെ നിയമനത്തിനുള്ള അക്കാഡമിക് യോഗ്യതയായി അംഗീകരിച്ചിട്ടുണ്ട്.

(സി) ഇല്ലെങ്കിൽ അംഗീകാരത്തിനുള്ള നടപടി സ്വീകരിക്കുമോ

ബാധകമല്ല.

**അനുബന്ധം-3**

P-13-2-2025
UV-AY(1)
11.00-11.10

<u>മലബാർ മേഖലയിലെ വിനോദസഞ്ചാര പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കൽ സംബന്ധിച്ച് ശ്രീ. കെ. ടി. ജലീൽ എം.എൽ.എ. സമർപ്പിച്ച ശ്രദ്ധക്ഷണിക്കലിന് ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി പി. എ. മുഹമ്മദ് റിയാസ് നൽകുന്ന മറുപടി</u>

വിനോദസഞ്ചാര മേഖലയിൽ ലോക ഭൂപടത്തിൽ ചിരപ്രതിഷ്ഠ നേടാനുള്ള വൈവിധ്യങ്ങളായ പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാരും

ടൂറിസം വകുപ്പും ടൂറിസം മേഖലയും നടത്തുന്നത്. ഇതിനായി വൈവിധ്യങ്ങളായ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യുന്നുണ്ട്. കേരളമാകെ ഒരു ടൂറിസം കേന്ദ്രം എന്ന കാഴ്ചപ്പാടോടുകൂടിയാണ് ടൂറിസം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത്. എങ്കിലും കേരളത്തിലെത്തുന്ന സഞ്ചാരികളുടെ, പ്രത്യേകിച്ച് വിദേശസഞ്ചാരികളുടെ വിതരണം എല്ലാ മേഖലയിലും ഒരു പോലെയല്ലെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കേരളത്തിലെത്തുന്ന വിദേശസഞ്ചാരികളുടെ ആറ് ശതമാനത്തിൽ താഴെ മാത്രമാണ് മലബാറിലെ ടൂറിസം കേന്ദ്രങ്ങളിലേയ്ക്ക് എത്തുന്നതെന്നാണ് ഔദ്യോഗിക കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ സാഹചര്യത്തിലാണ് മലബാറിലെ ടൂറിസം വികസനം സാധ്യമാക്കുമെന്ന് എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽ വാഗ്ദാനം നൽകിയത്. മലബാറിനെക്കൂടി ലോകടൂറിസം ഭൂപടത്തിൽ എത്തിക്കുന്നതിന് പ്രത്യേകമായ പദ്ധതികൾ ടൂറിസം വകുപ്പ് രൂപം നൽകി നടപ്പാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി മലബാറിലെ ടൂറിസം പ്രവർത്തനങ്ങൾ ഒരു നോഡൽ ഓഫീസറെ നിയോഗിച്ച് ഏകോപിപ്പിച്ചുവരികയാണ്. KTIL മാനേജിങ് ഡയറക്ടറെയാണ് നോഡൽ ഓഫീസറായി നിയമിച്ചത്. മലബാറിന്റെ ടൂറിസം വികസനത്തിന്റെ

ഭാഗമായി ടൂറിസം വകുപ്പ് ആദ്യമായി മലബാർ ബി2 ബി മീറ്റ് സംഘടിപ്പിച്ചു. രാജ്യത്തിന്റെ വിവിധ മേഖലകളിൽനിന്നുള്ള ബയേഴ്സിനെ സംഘടിപ്പിച്ച് കോഴിക്കോട് സംഘടിപ്പിച്ച ബി2 ബി-യിൽ മലബാറിലെ ടൂറിസം കേന്ദ്രങ്ങളെ പരിചയപ്പെടുത്തി. വരുംവർഷങ്ങളിലും പ്രത്യേക ബി2 ബി മീറ്റ് സംഘടിപ്പിക്കുന്നതിന് ടൂറിസം വകുപ്പ് തീരുമാനിച്ചിട്ടുണ്ട്.

മലബാറിന്റെ സവിശേഷതകൾക്കനുസരിച്ച് ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുകയും പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയുമാണ് ചെയ്യുന്നത്. മലബാറിന്റെ ടൂറിസം വികസനത്തിൽ ഏറ്റവും പ്രധാന പങ്ക് വഹിക്കുന്ന ഡെസ്റ്റിനേഷൻ വയനാടാണ്. കോവിഡ് തീർത്ത പ്രതിസന്ധി മറികടക്കുന്നതിന് ഈ സർക്കാർ ടൂറിസം മേഖലയിൽ ആവിഷ്കരിച്ച വാക്സിനേറ്റഡ് ടൂറിസം കേന്ദ്രങ്ങൾ എന്ന പദ്ധതിക്ക് തുടക്കമിട്ടത് വയനാട്ടിലായിരുന്നു. വയനാടിനെ കേന്ദ്രീകരിച്ച് ബാംഗ്ലൂർ പോലുള്ള സ്ഥലങ്ങളിൽ പ്രത്യേക ക്യാമ്പയിനും നടന്നു. ഇതിന്റെ ഭാഗമായി ഏറ്റവും കൂടുതൽ സഞ്ചാരികൾ എത്തുന്നയിടമായി വയനാട് മാറി. ചൂരൽമല ദുരന്തം മലബാറിലെ ടൂറിസത്തെ പ്രതികൂലമായി ബാധിച്ചിട്ടും തൊട്ടടുത്ത മാസങ്ങളിൽ അതിനെ അതിജീവിക്കാൻ വയനാട് ടൂറിസത്തിന് കഴിഞ്ഞു. 2024-ലെ കണക്കനുസരിച്ച് കോവിഡിന് മുമ്പുള്ളതിനേക്കാളും

സഞ്ചാരികൾ വയനാട്ടിൽ എത്തിയെന്നത് അതിജീവനത്തിന്റെ സൂചനയാണ്.

'എന്റെ കേരളം എന്നും സുന്ദരം' എന്ന ക്യാമ്പയിന്റെ ഭാഗമായി വയനാട് കേന്ദ്രീകരിച്ച് പ്രത്യേക പ്രചരണ പരിപാടികൾതന്നെ സംഘടിപ്പിച്ചു. മലബാറിലെ വിവിധ ടൂറിസം കേന്ദ്രങ്ങളിലേക്ക് രാജ്യാന്തര പ്രശസ്തരായ വിവിധ ടൂറിസം വ്ലോഗർമാരെക്കൊണ്ടുവരികയും സോഷ്യൽ മീഡിയവഴി ടൂറിസം കേന്ദ്രങ്ങളെ പരിചയപ്പെടുത്തുകയും ചെയ്യുന്നു.

മലബാറിലെ ബീച്ചുകളെ അന്താരാഷ്ട്ര നിലവാരത്തിലുയർത്താനുള്ള വിവിധ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. കോഴിക്കോട് കാപ്പാട് ബീച്ച്, കണ്ണൂർ അഴീക്കോട് ചാൽ ബീച്ച് എന്നിവയ്ക്ക് ബ്ലൂ ഫ്ലാഗ് ബഹുമതി ലഭിച്ചത് സമീപദിവസങ്ങളിലാണ്. അന്തർദേശീയതലത്തിൽത്തന്നെ ഇത് പ്രധാനമാണ്. മുഴപ്പിലങ്ങാട്, ബേപ്പൂർ-ചാലിയം ബീച്ചുകൾ എന്നിവ മികച്ച നിലവാരത്തിലേക്ക് ഉയർന്നുകഴിഞ്ഞു. ബേക്കൽ ബീച്ചും സമീപപ്രദേശങ്ങളും മികച്ച ഡെസ്റ്റിനേഷൻ വെഡിംഗ് കേന്ദ്രമായും മാറി. പുതിയ ബീച്ച് വികസന പദ്ധതികൾ ടൂറിസം വകുപ്പിന്റെ പരിഗണനയിലുണ്ട്.

മലബാറിലെ ടൂറിസം വികസനത്തിന് കുതിച്ചുചാട്ടം ഉണ്ടാക്കാൻ പോകുന്ന പദ്ധതിയാണ് മലബാർ ലിറ്ററി സർക്യൂട്ട്. കോഴിക്കോട്-മലപ്പുറം-

പാലക്കാട് ജില്ലകളിലെ സാംസ്കാരിക കേന്ദ്രങ്ങളിലൂടെ ടൂറിസം സർക്യൂട്ട് വികസിപ്പിക്കുന്ന പദ്ധതിയാണിത്. വൈക്കം മുഹമ്മദ് ബഷീർ സ്മാരകത്തിന്റെ നിർമ്മാണം അന്തിമഘട്ടത്തിൽ എത്തിക്കഴിഞ്ഞു. രണ്ടാം ഘട്ടത്തിന്റെ പദ്ധതിരേഖയ്ക്ക് അന്തിമരൂപം നൽകുകയാണ്. ഈ ബജറ്റിൽ പ്രഖ്യാപിച്ച തിരൂരിലെ എം. ടി. സ്മാരകം ഉൾപ്പെടെ ഭാവിയിൽ ലിറ്ററി സർക്യൂട്ടിന്റെ ഭാഗമാകും.

പൈതൃക ടൂറിസം പദ്ധതികൾ ഉപയോഗപ്പെടുത്തി മലബാറിലെ ടൂറിസം സാധ്യതകളെ കൂടുതൽ വിപുലീകരിക്കുകയാണ്. ഇതിന്റെ ഭാഗമായി പൊന്നാനിയിൽ നിള പൈതൃക മ്യൂസിയം സജ്ജമാക്കുന്നുണ്ട്. മാമാങ്കം പോലുള്ള ചരിത്രസംഭവങ്ങളെ കോർത്തിണക്കുന്ന ടൂറിസം പദ്ധതികളും ആവിഷ്കരിച്ചുവരുന്നു. കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലെ പൈതൃക കേന്ദ്രങ്ങളെ വികസിപ്പിക്കുന്നതിനുള്ള തലശ്ശേരി ഹെറിറ്റേജ് പദ്ധതിയും മികച്ച നിലയിൽ പുരോഗമിക്കുന്നുണ്ട്. കോഴിക്കോട് നഗരത്തിലെ പൈതൃക കെട്ടിടങ്ങളെ ഇല്യൂമിനേറ്റ് ചെയ്ത് സഞ്ചാരികളെ ആകർഷിക്കുന്ന പദ്ധതിയും നടപ്പാക്കിവരുന്നു.

ജലടൂറിസത്തിന്റെ സാധ്യതകളെയും മലബാറിൽ ഫലപ്രദമായി ഉപയോഗപ്പെടുത്തുകയാണ്. ചാമ്പ്യൻസ് ബോട്ട് ലീഗ് മലബാറിലേക്ക്

വ്യാപിപ്പിച്ച് ഈ സാധ്യതകളെ ഉപയോഗപ്പെടുത്താനാണ് ശ്രമിച്ചത്. വിവിധ ഇടങ്ങളിൽ നടക്കുന്ന വള്ളംകളികളെയും ടൂറിസം വകുപ്പ് പ്രോത്സാഹിപ്പിച്ചുവരുന്നു. ജലടൂറിസം സാധ്യതകളെ ഉപയോഗപ്പെടുത്തി സംഘടിപ്പിക്കുന്ന ബേപ്പൂർ വാട്ടർ ഫെസ്റ്റ് വൻതോതിൽ സഞ്ചാരികളെ ആകർഷിക്കുന്ന ഒന്നായി മാറി.

കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ജലാശയങ്ങൾ കേന്ദ്രീകരിച്ച് നടപ്പാക്കിയ മലനാട്-മലബാർ റിവർ ക്രൂയിസ് പദ്ധതി പുരോഗമിക്കുകയാണ്. പദ്ധതിയുടെ അടുത്തഘട്ടമായി വിവിധ ടൂറിസം സർക്യൂട്ടുകൾ രൂപപ്പെടുത്തേണ്ടതുണ്ട്. സ്വകാര്യമേഖലയുടെകൂടി സഹായത്തോടെ അത്തരം പദ്ധതികൾ നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

ഉത്തരവാദിത്ത ടൂറിസത്തിന്റെ സാധ്യതകളും ടൂറിസം വകുപ്പ് പരമാവധി ഉപയോഗപ്പെടുത്തുന്നുണ്ട്. ബേപ്പൂർ സമഗ്ര ഉത്തരവാദിത്ത ടൂറിസം പദ്ധതി ദേശീയ അംഗീകാരം നേടി. മികച്ച ടൂറിസം വില്ലേജായി കടലുണ്ടി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. വലിയപറമ്പ, പിണറായി, അഞ്ചരക്കണ്ടി എന്നീ പഞ്ചായത്തുകളിൽ സ്ട്രീറ്റ് പദ്ധതി പുരോഗമിച്ചുവരുന്നു. കൂടരഞ്ഞി പഞ്ചായത്തിൽ പെപ്പർ പദ്ധതിയും നടപ്പാക്കിവരുന്നു. മലപ്പുറം,

കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് ജില്ലകളിൽ നിരവധി അഗ്രി ടൂറിസം കേന്ദ്രങ്ങളും നിലവിലുണ്ട്. ഗോത്രവർഗ സംസ്കാരം സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിന് വയനാട്ടിൽ ആരംഭിച്ച 'എൻ ഊര്' പദ്ധതിയിൽ ടൂറിസം വകുപ്പും പ്രധാന പങ്കാളിത്തം വഹിക്കുന്നു. തെയ്യം, തിറ, കളരിപ്പയറ്റ്, മറ്റ് നാടൻ കലാരൂപങ്ങൾ, മലബാറിന്റെ തനത് രുചികൾ എന്നിവ സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കാനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്.

അഡ്വഞ്ചർ ടൂറിസം മലബാർ മേഖലയിൽ സജീവമാണ്. മലബാറിലെ നാല് തീരദേശ ജില്ലകളിലും ഫ്ലോട്ടിംഗ് ബ്രിഡ്ജ് യാഥാർഥ്യമായി. സ്വകാര്യ അഡ്വഞ്ചർ ടൂറിസം യൂണിറ്റുകളെയും പരമാവധി പ്രോത്സാഹിപ്പിക്കുകയാണ്.

കേന്ദ്രസർക്കാരിന്റെ Special Assistance to States for Capital Investment (SASCI) പ്രകാരം സർഗാലയ ഗ്ലോബൽ ഗേറ്റ് വേ ടു കൾച്ചറൽ ക്രൂസിബിൾ എന്ന പദ്ധതിക്ക് 95.34 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി മലബാറിലെ ടൂറിസം വികസനത്തിനാകെ ഗുണകരമാകും. സ്വദേശി ദർശൻ പദ്ധതിയിലുൾപ്പെടുത്തി തലശ്ശേരി, ബേപ്പൂർ ടൂറിസം കേന്ദ്രങ്ങളുടെ വികസന പദ്ധതികളും നടപ്പാക്കിവരുന്നു. ഇതോടൊപ്പം വിവിധ ഡി.ടി.പി.സി.-കളുടെ നേതൃത്വത്തിൽ നൂതനമായ പല പദ്ധതികളും പ്രചരണ

പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നുണ്ട്.

മലബാറിലെ ടൂറിസം വികസനത്തിന് പ്രധാന തടസ്സമായി ചൂണ്ടിക്കാണിച്ചിരുന്നത് മികച്ച ഹോസ്പിറ്റാലിറ്റി സൗകര്യങ്ങളുടെ കുറവാണ്. ഇതിന് പരിഹാരമായി പൊതുമേഖലയിലും സ്വകാര്യ മേഖലയിലും കൂടുതൽ സ്റ്റാർ ഹോട്ടലുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. മുഴപ്പിലങ്ങാട് കെ.ടി.ഡി.സി.-യുടെ സ്റ്റാർ ഹോട്ടലിന്റെ പ്രവൃത്തി അന്തിമഘട്ടത്തിൽ എത്തിക്കഴിഞ്ഞു. ബേക്കലിൽ ബി.ആർ.ഡി.സി.-യുടെ നേതൃത്വത്തിലുള്ള ടൂറിസം പ്രദേശത്ത് കൂടുതൽ ഹോസ്പിറ്റാലിറ്റി സംരംഭങ്ങൾ ആരംഭിച്ചു. താജ് ഗ്രൂപ്പിന്റെ സ്റ്റാർ ഹോട്ടൽ പ്രവർത്തനം ആരംഭിച്ചു. മറ്റൊരു സ്റ്റാർ ഹോട്ടൽകൂടി ബി.ആർ.ഡി.സി. അനുവദിച്ച സ്ഥലത്ത് നിർമ്മിക്കുന്നുണ്ട്. ഇതുകൂടാതെ ഉദുമ പഞ്ചായത്തിൽത്തന്നെ തങ്ങളുടെ മൂന്നാമത്തെ സ്റ്റാർ ഹോട്ടൽകൂടി താജ് ഗ്രൂപ്പ് നിർമ്മിക്കുന്നുണ്ട്.

പുതിയ പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകളും ഗസ്റ്റ് ഹൗസുകളും നിർമ്മിച്ച് കൂടുതൽ താമസസൗകര്യം ഒരുക്കാനും സാധിച്ചു. മലബാർ മേഖലയിൽ ഹോംസ്റ്റേകളുടെ എണ്ണത്തിലും വർധനവുണ്ടായിട്ടുണ്ട്. സർക്കാർ ബജറ്റിൽ പ്രഖ്യാപിച്ച കെ-ഹോംസ് പദ്ധതി മലബാർ മേഖലയിലെ ടൂറിസം ഡെസ്റ്റിനേഷനുകളിൽക്കൂടി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കും.

അതോടൊപ്പം മലബാറിലേക്കുള്ള കണക്റ്റിവിറ്റിയും പ്രധാനമാണ്. ദേശീയപാത-66-ന്റെ പ്രവൃത്തി പൂർത്തീകരണത്തിലേക്ക് നീങ്ങുകയാണ്. മലപ്പുറം ജില്ലയിൽ ഏറെക്കുറെ പൂർത്തിയായിക്കഴിഞ്ഞു. മലപ്പുറം ജില്ലയിലെ വയഡക്ടുകൾ ഇന്ന് സോഷ്യൽ മീഡിയയിൽ ഹിറ്റാണ്. കേരളത്തിന്റെ ടൂറിസം മേഖലയ്ക്ക് വലിയ മുന്നേറ്റം ദേശീയപാതാ വികസനം സാധ്യമാകും. രണ്ട് വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ചും നമുക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കാനാകും. ഹെലി ടൂറിസം, ക്രൂയിസ് ടൂറിസം, സീപ്ലെയിൻ എന്നീ പദ്ധതികളും മലബാറിലെ ടൂറിസം കേന്ദ്രങ്ങളിൽ നടപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കും. ഈ നിലയിൽ സംസ്ഥാനത്താകെ സന്തുലിതമായ ടൂറിസം വികസനം സാധ്യമാക്കാനാണ് ടൂറിസം വകുപ്പ് ശ്രമിക്കുന്നത്. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി സമീപഭാവിയിൽത്തന്നെ വലിയ മുന്നേറ്റം കേരള ടൂറിസം സാധ്യമാക്കും.

P-13-2-2025
UV-AY(1)
11.00-11.10

**അനുബന്ധം-4**

1. <u>കല്ലട പമ്പ ജനസേചന പദ്ധതികളുടെ കനാലുകളുടെ ശുചീകരണം സംബന്ധിച്ച് ശ്രീ. എം. എസ്. അരുൺ കുമാർ, എം.എൽ.എ.-യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ)</u>

<u>നൽകിയ മറുപടി</u>

മാവേലിക്കര നിയമസഭാമണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന പമ്പ ജലസേചന പദ്ധതിയിലെ കനാലുകളുടെയും കല്ലട ജലസേചന പദ്ധതിയിലെ കനാലുകളുടെയും കാടുകൾ വെട്ടിത്തെളിച്ചും മാലിന്യങ്ങൾ നീക്കംചെയ്തും കനാൽ വഴിയുള്ള ജലവിതരണം നടന്നുവരുന്നു. നിലവിൽ ടി ഭാഗങ്ങളിലെ എല്ലാ പാടശേഖരങ്ങളിലും ആവശ്യത്തിന് ജലമെത്തിക്കുന്നതിന് സാധിച്ചു. കൂടാതെ കുടിവെള്ള ആവശ്യത്തിനായി ജനപ്രതിനിധികളുടെയും നാട്ടുകാരുടെയും അപേക്ഷകൾപ്രകാരം ബ്രാഞ്ച് കനാലുകൾ വഴിയും ഡിസ്ട്രിബ്യൂട്ടറികൾവഴിയും സുഗമമായ ജലവിതരണം നടത്തിക്കൊണ്ടിരിക്കുന്നു. മുൻവർഷങ്ങളിലും നടപ്പുവർഷത്തിലും പമ്പ ജലസേചന പദ്ധതിക്കും കല്ലട ജലസേചന പദ്ധതിക്കും ലഭിക്കുന്ന നാമമാത്രമായ തുകയിൽനിന്നാണ് കനാലുകൾ വൃത്തിയാക്കുന്ന പ്രവൃത്തി നടപ്പാക്കുന്നത്. കൂടാതെ വരുംവർഷങ്ങളിൽ മെയിൻ കനാലുകളും ബ്രാഞ്ച് കനാലുകളും ഒഴികെ ബാക്കി കനാലുകളുടെ വൃത്തിയാക്കൽ പ്രവൃത്തി തൊഴിലുറപ്പ് തൊഴിലാളികളെ (അതുസംബന്ധിച്ച മാർഗരേഖകൾക്ക് വിധേയമായി) ഉൾപ്പെടുത്തുകയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലോ നടപ്പാക്കിയാൽ ടി തുക ഉപയോഗിച്ച് കനാലുകളുടെ

അടിയന്തര അറ്റകുറ്റപ്പണികൾ പൂർണ്ണതോതിൽ നടപ്പാക്കാൻ സാധിക്കും. പ്രോജക്ടിന് അനുവദിക്കുന്ന പരിമിതമായ തുക ഇത്തരത്തിൽ ഏറെ ഉപകാരപ്രദമാക്കാവുന്നതാണ്. MGNREGA മാർഗരേഖകൾ അനുവദിക്കുന്ന പ്രവൃത്തികളിൽ ആവർത്തന സ്വഭാവമുള്ള കാട്ടുവെട്ടൽ, ചെളി നീക്കം ചെയ്യൽ തുടങ്ങിയ ആവർത്തന സ്വഭാവമുള്ള പരിപാലന പ്രവർത്തനങ്ങൾ (Operation and Maintenance) അനുവദനീയമല്ല.

മുൻവർഷത്തെ ജലവിതരണത്തിന് മുന്നോടിയായി മാവേലിക്കര എം.എൽ.എ.-യുടെയും ആലപ്പുഴ ജില്ലാ കളക്ടറുടേയും സാന്നിധ്യത്തിൽ തൊഴിലുറപ്പ് വിഭാഗവുമായി ചർച്ച നടത്തിയിരുന്നെങ്കിലും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇത്തരത്തിൽ നടപ്പാക്കാൻ കഴിഞ്ഞിരുന്നില്ല. ആയതിനാൽ മെയിൻ കനാലുകളും ബ്രാഞ്ച് കനാലുകളുമൊഴികെ ബാക്കി കനാലുകളുടെ വൃത്തിയാക്കൽ പ്രവൃത്തി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പരിശോധിക്കാവുന്നതാണ്.

കെ.ഐ.പി. കനാൽ താമരക്കുളത്തുനിന്നും കായംകുളം നിയോജക മണ്ഡലത്തിലേക്ക് നീട്ടുന്നത് സംബന്ധിച്ച കായംകുളം ബ്രാഞ്ച് കനാലിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട മണ്ണ് പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. കുളങ്ങാട്ടുകുഴി പ്രദേശത്ത് കണ്ട കടുവയെ പിടികൂടുന്നത് സംബന്ധിച്ച് ശ്രീ. ആന്റണി ജോൺ എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് വനം-വന്യജീവി വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

മലയാറ്റൂർ ഡിവിഷനിലെ കോടനാട് റേഞ്ചിലെ മേക്കപ്പാല ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ കോട്ടപ്പാറ-കുളങ്ങാട്ടുകുഴി ഭാഗത്ത് റിസർവ് വനത്തിനുള്ളിൽ ഒരു പശു ചത്തുകിടക്കുന്നതായി 07-02-2025-ൽ വിവരം ലഭിച്ചതിനെത്തുടർന്ന് മേക്കപ്പാല ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫ് സ്ഥലത്തെത്തി പരിശോധന നടത്തിയതിൽ കുളങ്ങാട്ടുകുഴി ഭാഗത്ത് താമസിക്കുന്ന കുഴിവാലക്കാലയിൽ ശ്രീ. ചാക്കോ കെ. എസ്. എന്നയാളുടെ മൂന്ന് പശുക്കളിൽ ഒരെണ്ണത്തിനെ കടുവ പിടിച്ച് ഭാഗികമായി ഭക്ഷിച്ച നിലയിൽ കണ്ടെത്തിയിരുന്നു.

തുടർന്ന് വനത്തിനുള്ളിൽ ക്യാമറ ട്രാപ്പുകൾ സ്ഥാപിച്ച് നിരീക്ഷിച്ചതിൽ കടുവയുടെ സാന്നിധ്യം സ്ഥിരീകരിച്ചിട്ടുള്ളതാണ്. നിലവിൽ റിസർവ് വനത്തിന് പുറത്ത് ജനവാസമേഖലയിൽ കടുവയുടെ സാന്നിധ്യം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എന്നിരുന്നാലും ടി വനമേഖലയോട് ചേർന്നുകിടക്കുന്ന ജനവാസമേഖലയിൽ RRT-യുടെ പട്രോളിംഗും നിരീക്ഷണവും ശക്തിപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. നിരീക്ഷണത്തിന്റെ ഭാഗമായി പ്രദേശത്ത് 5 ക്യാമറ ട്രാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ഡ്രോൺ ഉപയോഗിച്ചുള്ള നിരീക്ഷണവും നടത്തിവരുന്നുണ്ട്. കൂടാതെ, പ്രദേശത്ത് 5 കി.മീ. ദൂരത്തിൽ ഹാങിങ് സോളാർ

ഫെൻസിങ് നിർമ്മാണപ്രവർത്തനങ്ങളും നടന്നുവരികയാണ്.

പിണ്ടിമല, കോട്ടപ്പാറ പഞ്ചായത്ത് പ്രസിഡന്റുമാരെ വിവരം അറിയിച്ചിട്ടുള്ളതും ജനങ്ങളോട് ജാഗ്രത പാലിക്കാൻ നിർദേശം നൽകണമെന്ന് അഭ്യർഥിക്കുകയും ചെയ്തിട്ടുണ്ട്. കോടനാട് റെയ്ഞ്ചിന്റെ വനമേഖലയും നാട്ടിൻ പ്രദേശവുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ വന്യജീവികളെ ദൂരെ നിന്നുതന്നെ അറിയുന്നതിനും വന്യജീവികളുടെ ഒളിസ്ഥലങ്ങൾ ഇല്ലാതാക്കുന്നതിനുമായി വിസ്ത ക്ലിയറൻസ് നടത്തുന്നത് പുരോഗമിച്ചുവരുന്നു.

നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെ മാർഗനിർദേശമനുസരിച്ച് രൂപീകരിച്ച കമ്മിറ്റി സ്ഥലപരിശോധന നടത്തിയിട്ടുണ്ട്. കൂടുവയ്ക്കുന്നതുൾപ്പെടെയുള്ള മറ്റുനടപടികൾ നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെ മാർഗനിർദേശങ്ങളനുസരിച്ച് സ്വീകരിക്കുന്നതാണ്.

### 3. അകമല ഫോറസ്റ്റ് സ്റ്റേഷൻ ഫെൻസിംഗും പുനഃസ്ഥാപിക്കലും സംബന്ധിച്ച് ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് വനം-വന്യജീവി വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

തൃശ്ശൂർ ഡിവിഷനുകീഴിലുള്ള വടക്കാഞ്ചേരി, മച്ചാട് എന്നീ ഫോറസ്റ്റ് റെയ്ഞ്ചുകളിലെ കാട്ടാന ഇറങ്ങുന്ന ജനവാസമേഖലകളിൽ സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതും ദർഘാസ് ഏറ്റെടുത്തിട്ടുള്ള കരാറുകാർക്ക് വർക്ക് ഓർഡർ നൽകിയിട്ടുള്ളതുമാണ്.

താമസിയാതെ തന്നെ ഉടമ്പടി വച്ച് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. 59.75 കി.മീ. ദൂരത്തിൽ 1.4932 കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

മേൽപ്രവൃത്തികൾ കൂടാതെ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ മനുഷ്യ-വന്യജീവി സംഘർഷം കണക്കിലെടുത്ത് മച്ചാട് റെയ്ഞ്ചിലെ കുറ്റിക്കാട് മുതൽ മേലില്ലം വരെ 10 കി.മീ. ദൂരം സോളാർ ഫെൻസിങ് സ്ഥാപിക്കുന്നതിന് Rashtriya Krishi Vikas Yojana (RKVY) പദ്ധതിപ്രകാരമുള്ള ഒരു പ്രൊപ്പോസൽ പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ തൃശ്ശൂരിന്, തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 04-11-2024-ലെ കത്തുപ്രകാരം സമർപ്പിച്ചിട്ടുമുണ്ട്. ആയത് നിലവിൽ കൃഷി വകുപ്പിന്റെ പരിഗണനയിലാണ്.

വനമേഖലകളോട് ചേർന്നുകിടക്കുന്ന റെയിൽ പാളങ്ങളിൽ കാട്ടാന തുടങ്ങിയ വന്യമൃഗങ്ങൾ ഇറങ്ങുന്നത് നിമിത്തമുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള മാർഗങ്ങൾ കണ്ടെത്തുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ 20-08-2024-ലെ കത്തിന്റെ വെളിച്ചത്തിൽ റെയിൽവെ മന്ത്രാലയം കേന്ദ്ര പരിസ്ഥിതി മന്ത്രാലയം, വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, വനം വകുപ്പ് എന്നീ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർ ചേർന്ന സംയുക്ത പരിശോധനാ ടീം 11-09-2024 വാഴാനി സ്റ്റേഷൻ പരിധിയിലെ അകമല മുതൽ ഉത്രാളിക്കാവ് വരെയുള്ള റെയിൽവെ ലൈനിനോട് ചേർന്ന ഭാഗങ്ങളിൽ

പരിശോധന നടത്തിയിട്ടുള്ളതും വിവരശേഖരണം നടത്തിയിട്ടുള്ളതുമാണ്. എന്നാൽ പ്രസ്തുത പഠന റിപ്പോർട്ട് നാളിതുവരെ ലഭ്യമായിട്ടില്ലാത്തതാണ്.

തൃശ്ശൂർ ഡിവിഷനിലെയും പീച്ചി വൈൽഡ് ലൈഫ് ഡിവിഷനിലെയും വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിന്റെ ഭാഗമായാണ് ഫോറസ്റ്റ് സ്റ്റേഷനുകളുടെ പുനഃക്രമീകരണം നടത്തിയത്. ആയതിന്റെ ഭാഗമായാണ് 18-04-2021-ലെ സർക്കാർ ഉത്തരവുപ്രകാരം തൃശ്ശൂർ ഡിവിഷനിലെ മച്ചാട് റെയ്ഞ്ചിന് കീഴിലുണ്ടായിരുന്ന അകമല ഫോറസ്റ്റ് സ്റ്റേഷൻ നിർത്തലാക്കിയത്. അകമല ഫോറസ്റ്റ് സ്റ്റേഷൻ നിർത്തലാക്കിയപ്പോൾ ആയതിൽ ഉൾപ്പെട്ടുവന്നിരുന്ന വനപ്രദേശം മറ്റ് ഫോറസ്റ്റ് സ്റ്റേഷനുകളിലേക്ക് ക്രമീകരിച്ച് നൽകുകയും ആയതനുസരിച്ച് പ്രസ്തുത സ്റ്റേഷനുകളിൽ ജീവനക്കാരുടെ എണ്ണത്തിൽ വർധനവ് വരുത്തുകയും ചെയ്തിരുന്നു. തൃശ്ശൂർ ഡിവിഷനിലെ നിലവിലെ സംരക്ഷണ വിഭാഗം ജീവനക്കാരുടെ എണ്ണം സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്. 20 പുതിയ ഫോറസ്റ്റ് സ്റ്റേഷനുകളനുവദിക്കണമെന്ന ആവശ്യം ധനകാര്യ വകുപ്പ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. ഇത് സാധ്യമാകുമ്പോൾ നിർത്തലാക്കിയ അകമല സ്റ്റേഷൻ സ്ഥാപിക്കുന്നകാര്യം ഗൗരവമായി പരിഗണിക്കുന്നതാണ്.

## 4. കുട്ടനാട് മേഖലയിലെ കൃഷിനാശം സംബന്ധിച്ച് ശ്രീ. എച്ച്. സലാം എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി നൽകിയ വിശദമായ മറുപടി

കുട്ടനാട്, അപ്പർ കുട്ടനാട് പാടശേഖരങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് നിയന്ത്രിച്ച് കുട്ടനാട്ടിലെ നെൽക്കൃഷി സംരക്ഷിക്കാനും കാർഷികതീവ്രത വർധിപ്പിക്കാനും നടപ്പാക്കിയ പദ്ധതികളാണ് തോട്ടപ്പള്ളി സ്പിൽവേയും തണ്ണീർമുക്കം ബണ്ടും. തോട്ടപ്പള്ളി സ്പിൽവേ വെള്ളപ്പൊക്കം നിയന്ത്രിക്കാനും തണ്ണീർമുക്കം ബണ്ട് കടലിൽനിന്നുള്ള വേലിയേറ്റവും ഓരുകയറ്റവും തടയാനുമാണ് ലക്ഷ്യമിട്ടിരുന്നത്. തണ്ണീർമുക്കം ബണ്ട്, തോട്ടപ്പള്ളി സ്പിൽവേ എന്നിവയുടെ പ്രവർത്തനം സംബന്ധിച്ച് തീരുമാനമെടുക്കുന്നത് കോട്ടയം, ആലപ്പുഴ ജില്ലാ കളക്ടർമാർ, ബന്ധപ്പെട്ട കൃഷി വകുപ്പുദ്യോഗസ്ഥർ, ജലസേചന മെക്കാനിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബന്ധപ്പെട്ട ജനപ്രതിനിധികൾ, കർഷകപ്രതിനിധികൾ എന്നിവരുൾപ്പെട്ട സമിതിയാണ്. നിലവിൽ തോട്ടപ്പള്ളി, തണ്ണീർമുക്കം ബണ്ടുകളുടെ ഷട്ടറുകൾ അടച്ചിട്ടുള്ളതും കാർത്തികപ്പള്ളി താലൂക്കിലെ പുളിക്കീഴാറിൽ ഓരുമുട്ട് സ്ഥാപിച്ചിട്ടുള്ളതുമാണ്. തോട്ടപ്പള്ളി സ്പിൽവേയുടെ ഷട്ടറുകളുടെ തകരാറുകളും ഉയരക്കുറവും അസാധാരണമായി ഉയർന്ന വേലിയേറ്റവും കടൽമുഖത്ത് മണൽതിട്ട രൂപപ്പെടാത്തതും കടൽജലം കുട്ടനാട് മേഖലയിൽ കടന്നുകൂടുന്ന സാഹചര്യം സൃഷ്ടിക്കുന്നതിനും പ്രധാന കാരണമായിട്ടുണ്ടെന്ന് നിരീക്ഷിക്കുന്നു.

കേരള പെസ്റ്റ് കൺട്രോൾ മാനേജ്മെന്റിന്റെ കണക്കനുസരിച്ച് (29-01-2025-ലെ റിപ്പോർട്ട്) ജലസ്രോതസ്സുകളിൽ ഉപ്പിന്റെ അളവ്

കൂടിയതിനാൽ 82 പാടശേഖരങ്ങളിലായി 6306.80 ഹെക്ടർ വിസ്തൃതിയിൽ പുഞ്ചകൃഷിക്ക് കൃഷിനാശമുണ്ടാകാൻ സാധ്യതയുള്ളതായി പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. ഉപ്പിന്റെ അംശം ഈ രീതിയിൽ തുടർന്നാൽ ഏതാണ്ട് 60 ശതമാനത്തോളം പാടശേഖരങ്ങളെ ദോഷകരമായി ബാധിക്കും. നെൽച്ചെടികൾക്ക് ടോളറേറ്റ് ചെയ്യാൻ സാധിക്കുന്ന ലവണാംശം 2mmhos/cm ആണെന്നിരിക്കെ നെൽപ്പാടങ്ങളോട് ചേർന്നുകിടക്കുന്ന തോടുകളിലെ ലവണാംശം 0.3 മുതൽ 6.7 mmhos/cm വരെയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ കനാലുകളിലെ ഉപരിതല ലവണത അനുവദനീയമായ അളവിൽ കൂടുതൽ ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല.

കുട്ടനാടൻ പാടശേഖരങ്ങളിൽ ജലസേചനത്തിന് ജലമെടുക്കുന്ന പമ്പുകൾ കനാലിന്റെ അടിത്തട്ടിനോട് ചേർന്ന് ഉറപ്പിച്ചിട്ടുള്ളതിനാലാണ് ഉയർന്ന ലവണത നെൽപ്പാടങ്ങളിലെത്തുന്നത്. കൃഷിക്ക് വെള്ളമെടുക്കുന്ന കുഴൽപമ്പുകൾ ജലനിരപ്പിനോട് ചേർന്ന് പിടിപ്പിച്ചോ, സൈഫൺ സംവിധാനത്തിൽ വെള്ളം കയറ്റുകയോ ചെയ്യുകവഴി ശുദ്ധജലം പാടങ്ങളിൽ ലഭ്യമാക്കാവുന്നതാണ്. എന്നാൽ ആയത് അടിയന്തരമായി ചെയ്യാൻ കഴിയാത്തതും കൂടുതൽ ചെലവുണ്ടാകുമെന്നതിനാലും താൽക്കാലിക പരിഹാരമെന്ന നിലയിൽ ഡാമുകളിൽനിന്നും നിയന്ത്രിതതോതിൽ ജലമൊഴുക്കി വിട്ട് ലവണതയുടെ കാഠിന്യം കുറയ്ക്കാവുന്നതാണെന്നും കനാലുകളുടെ അടിത്തട്ടിന്റെ ആഴം കൂട്ടുമ്പോൾ

സാന്ദ്രതയേറിയ ലവണജലം അടിത്തട്ടിൽ അടിഞ്ഞുകൂടുമെന്നതുകൊണ്ട് ലീഡിംഗ് ചാനലിന്റെയും മറ്റും ആഴംകൂട്ടൽ പ്രക്രിയ ഭാവിയിൽ bathymetry പഠനങ്ങളുടെ പിൻബലത്തിൽ മാത്രം ഏറ്റെടുക്കേണ്ടതാണെന്നും നിരീക്ഷിക്കുന്നു.

ഇപ്പോൾ ഏറ്റവും രൂക്ഷമായ ഉപ്പുവെള്ളപ്രശ്നം നേരിടുന്നത് പുറക്കാട്, കരുമാടിക്കുട്ടൻ, അമ്പലപ്പുഴ, പുന്നമട, പള്ളാത്തുരുത്തി ഭാഗങ്ങളിലാണ്. അതായത് കുട്ടനാട് താലൂക്കിലെ ചമ്പക്കുളം ബ്ലോക്കിലും അമ്പലപ്പുഴ താലൂക്കിലെ പഞ്ചായത്തുകളിലുമാണ് പ്രശ്നം ഏറ്റവും രൂക്ഷമായി നിലനിൽക്കുന്നത്. ഈ സ്ഥിതി തുടർന്നാൽ വിളവിന്റെ 60% പതിരായി പോകുന്ന അവസ്ഥയുണ്ടാവും. നിലവിൽ കുട്ടനാടൻ പാടങ്ങളിലേക്ക് ജലമെത്തിക്കുന്ന നദീസ്രോതസ്സുകളിൽ പമ്പയിൽ മാത്രമാണ് ഡാമുള്ളത്. അതിനാൽ പമ്പയാറ്റിലെ ജലത്തിന്റെ ഒഴുക്ക് വർധിപ്പിച്ച് പാടശേഖരങ്ങളോടുചേർന്ന തോടുകളിൽ ശുദ്ധജലത്തിന്റെ അളവ് വർധിപ്പിച്ച് ഓരുവെള്ളഭീഷണിയിൽനിന്നും നെൽക്കൃഷിയെ സംരക്ഷിക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

വിഷയം സംബന്ധിച്ച് എന്റെ സാന്നിധ്യത്തിൽ 30-01-2025-ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

1. കാർഷികമേഖലയിൽ നിലവിലുള്ള എല്ലാ ഓരുമുട്ടുകളും ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ

ഉദ്യോഗസ്ഥർ സംയുക്തമായി പരിശോധന നടത്തി മുട്ടുകളെല്ലാംതന്നെ അടച്ചിട്ടുണ്ടെന്നും ഓരുവെള്ളം കയറുന്നില്ലെന്നും ഉറപ്പുവരുത്തേണ്ടതാണ്.

2. കന്നുകാലി പാലത്തിലുള്ള ഓരുമുട്ട് ഇന്നുതന്നെ ഇടുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

3. മുട്ട് സ്ഥാപിക്കുന്നതിന് എതിർപ്പുണ്ടാകുന്നപക്ഷം പോലീസ് സംരക്ഷണം തേടുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

4. തോടുകളിലെ ഉപ്പിന്റെ അളവ് കുറയ്ക്കുന്നതിനായി വേലിയിറക്കസമയത്ത് മണിയാർഡാമിൽനിന്നും 100M3/sec വെള്ളം താൽക്കാലികമായി തുറന്നുവിടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് പത്തനംതിട്ട ജില്ലാകളക്ടർക്ക് കത്തുനൽകുന്നതിന് തീരുമാനിച്ചു.

ആയതിലേക്കായി പത്തനംതിട്ട ജില്ലയിലെ മണിയാർ ഡാമിൽനിന്നും 100 m3/sec വെള്ളം തുറന്നുവിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പത്തനംതിട്ട ജില്ലാകളക്ടർക്കും കെ.എസ്.ഇ.ബി.എൽ. മാനേജിങ് ഡയറക്ടർക്കും 31-01-2025-ൽ ആലപ്പുഴ ജില്ലാകളക്ടർ അറിയിപ്പ് നൽകിയിരുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ മണിയാർ ഡാം തുറക്കുന്നതിനുള്ള ജാഗ്രതാനിർദേശം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

എന്നാൽ റിസർവോയറിൽ ആവശ്യത്തിന് ജലം ലഭ്യമല്ലാത്തതിനാൽ ജലസേചനവകുപ്പ് മണിയാർ ഡാം ഷട്ടർ തുറക്കുകയുണ്ടായില്ല. തുടർന്ന്

07-02-2025-ന് എന്റെ അധ്യക്ഷതയിൽ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി, ജലസേചന വകുപ്പുമന്ത്രി, ആലപ്പുഴ ജില്ലയിലെ എം.എൽ.എ.-മാർ എന്നിവരുടെ സാന്നിധ്യത്തിൽ അടിയന്തരയോഗം ചേരുകയും ശബരിഗിരി പ്രോജക്ടിൽ വൈദ്യുതിയുൽപാദനം വർധിപ്പിച്ച് കാരിക്കയം, അള്ളുങ്കൽ ജലവൈദ്യുത പദ്ധതികൾവഴി മണിയാർ ഡാമിൽ ആവശ്യാനുസരണം വെള്ളമെത്തിച്ച് ഡാമിന്റെ ഷട്ടർ തുറക്കാൻ തീരുമാനിക്കുകയും ആയത് ഉറപ്പാക്കാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ ഷട്ടർ തുറക്കുന്നതിനാവശ്യമായ ജലം ലഭ്യമായില്ലെന്ന് ജലവിഭവ വകുപ്പ് അറിയിച്ചതിനെത്തുടർന്ന് സത്വരനടപടികൾ സ്വീകരിക്കണമെന്ന് വീണ്ടും വൈദ്യുതി വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

തോട്ടപ്പള്ളി സ്പിൽവേ ഷട്ടറുകളുടെ പുനരുദ്ധാരണത്തിന് 16.112 കോടി രൂപയുടെ ഭരണാനുമതി ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗത്തിന് ലഭിച്ചിട്ടുള്ളതും സ്പിൽവേ തൂണുകളുടെ വെള്ളത്തിന്റെ അടിയിലെ ഘടന മനസ്സിലാക്കുന്നതിന് അണ്ടർവാട്ടർ സ്റ്റഡി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. കൂടാതെ നിലവിലെ സ്പിൽവേയുടെ അപ്സ്ട്രീം ഭാഗത്തായി നിർമ്മിക്കാനുദ്ദേശിക്കുന്ന പുതിയ സ്പിൽവേയുടെ സാങ്കേതിക രൂപകല്പന ജലവിഭവ വകുപ്പ് ചെയ്തുവരുന്നു.

## 5. രജിസ്ട്രേഷനും ലൈസൻസും ആവശ്യമില്ലാത്ത വൈദ്യുത സ്കൂട്ടറുകളെ സംബന്ധിച്ച് ശ്രീ. ഇ. ചന്ദ്രശേഖരൻ എം.എൽ.എ.-യുടെ സബ്മിഷന്

ഗതാഗത വകുപ്പുമന്ത്രി നൽകിയ മറുപടി

രജിസ്ട്രേഷനും ലൈസൻസും ആവശ്യമില്ലാത്ത, 250 വാട്ടിന് താഴെ ശേഷിയുള്ള മണിക്കൂറിൽ പരമാവധി 25 കിലോമീറ്റർ വേഗതയുള്ള വൈദ്യുത സ്കൂട്ടറുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് നിയമപരമായ പരിമിതികളുണ്ട്.

കേന്ദ്ര മോട്ടോർ വാഹന ചട്ടം 1989-ലെ റൂൾ 2 (U) പ്രകാരം ബാറ്ററി ഓപ്പറേറ്റഡ് വാഹനങ്ങളുടെ നിർവചനം താഴെപ്പറയുന്ന വിധമാണ്.

"Battery Operated Vehicle" means a vehicle adapted for use upon roads and powered exclusively by an electric motor whose traction energy is supplied exclusively by traction battery installed in the vehicle:

[Provided that a two wheeled battery operated vehicle shall not be deemed to be a motor vehicle if all the following conditions are verified and authorised by any testing agency specified in rule 126, namely:-

(a) vehicle is equipped with an electric motor having thirty minute power less than 0.25 kW;

(b) maximum speed of the vehicle is less than 25 km/hr;

(c) vehicle is fitted with suitable brakes and retro-reflective devices, i.e. one white reflector in the front and one red reflector at the rear,

(d) unladen weight (excluding battery weight) of the vehicle is not more

than 60 kg;

(e) in case of pedal assisted vehicle equipped with an auxiliary electric motor, in addition to above, the thirty minute power of the motor is less than 0.25 kW, whose output is progressively reduced and finally cut off as the vehicle reaches a speed of 25 km/hr, or sooner, if the cyclist stops pedaling.]

മേൽ ചട്ടത്തിലെ പ്രോവിസോപ്രകാരം 250 വാട്ട്സിനുതാഴെ ശേഷിയുള്ള മണിക്കൂറിൽ പരമാവധി 25 കിലോമീറ്റർ വരെ വേഗതയുള്ള വൈദ്യുത സ്കൂട്ടറുകളെ മോട്ടോർ വാഹനമായി നിർവചിച്ചിട്ടില്ല.

ആയതിനാൽ ഇത്തരത്തിലുള്ള വാഹനങ്ങൾ അപകടത്തിൽപ്പെടുകയാണെങ്കിൽ അത് മോട്ടോർ വാഹനാപകടമായി നിയമപ്രകാരം കണക്കാക്കപ്പെടുകയില്ല. കൂടാതെ മേൽ സൂചിപ്പിച്ച വാഹനങ്ങൾക്ക് രജിസ്ട്രേഷനോ പെർമിറ്റോ ഇൻഷ്വറൻസോ ഓടിക്കാൻ ലൈസൻസോ ആവശ്യമില്ല.

ഈ വാഹനങ്ങൾ നിരത്തിൽ ഉപയോഗിക്കാൻ ഡ്രൈവിംഗ് ലൈസൻസ് ആവശ്യമില്ലെന്ന കാരണത്താൽ 18 വയസ്സിനുതാഴെയുള്ള കുട്ടികൾ ഇവ ഉപയോഗിക്കുന്നത് നിയമപ്രകാരം കുറ്റകരമല്ല. കൂടാതെ, 250 വാട്ട്സിനുതാഴെ ശേഷിയുള്ള മണിക്കൂറിൽ പരമാവധി 25 കിലോമീറ്റർ വരെ വേഗതയുള്ള

വൈദ്യുത സ്കൂട്ടറുകളെ കേന്ദ്ര മോട്ടോർ വാഹന നിയമങ്ങളിലെയും ചട്ടങ്ങളിലെയും മോട്ടോർ വാഹനമെന്ന നിർവചനത്തിൽ കൊണ്ടുവരുന്നതിനുള്ള നിയമഭേദഗതികൾ വരുത്താൻ നിലവിൽ സംസ്ഥാന സർക്കാരിന് അധികാരമില്ല.

ഇത്തരത്തിൽ ഭേദഗതികൾ വരുത്താൻ സംസ്ഥാന സർക്കാരിന് അധികാരമില്ലാത്ത സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ ഭേദഗതികൾക്കായി ശിപാർശചെയ്യുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## 6. <u>ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ബസ് സർവീസുകൾ പുനരാരംഭിക്കുന്നത് സംബന്ധിച്ച് ശ്രീ. ജോബ് മൈക്കിൾ എം.എൽ.എ.-യുടെ സബ്മിഷന് ഗതാഗത വകുപ്പുമന്ത്രി നൽകിയ മറുപടി</u>

ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും മലയോരമേഖലയിൽ ഓപ്പറേറ്റ് ചെയ്തിരുന്ന ഒരു സർവീസും പൂർണ്ണമായും നിർത്തലാക്കിയിട്ടില്ല. വരുമാനക്കുറവുള്ള സർവീസുകൾ പുനഃക്രമീകരിച്ചതിന്റെ ഭാഗമായി ചങ്ങനാശ്ശേരി യൂണിറ്റിലെ 06.10 മണി മുണ്ടക്കയം സർവീസ് പുനഃക്രമീകരിക്കുകയും തുടർന്ന് ടി ഷെഡ്യൂളിന്റെ ജനോപകാരപ്രദമായതും വരുമാനലഭ്യതയുള്ളതുമായ 11.00 മണി ചങ്ങനാശ്ശേരി-കുമളി ട്രിപ്പ് നിലനിർത്തിയിട്ടുണ്ട്. ചങ്ങനാശ്ശേരി-ഏറ്റുമാനൂർ

ചെയിൻ സർവീസുകൾ കോവിഡുകാലത്തിനുമുമ്പ് നടത്തിവന്നിരുന്നെങ്കിലും യാത്രക്കാരുടെ ലഭ്യതക്കുറവ് കാരണം 25 രൂപയിൽ താഴെ ഇ.പി.കെ.എം. മാത്രമായതിനാൽ നിന്നുപോവുകയാണുണ്ടായത്. എന്നാൽ, ജനോപകാരപ്രദമായി ഡെഡ് ട്രിപ്പുകൾ കുറച്ച് പ്രവർത്തനനഷ്ടം കുറച്ച് പ്രധാന ട്രിപ്പുകൾ ഉൾക്കൊള്ളിച്ച് 07.00 മണി ചങ്ങനാശ്ശേരി-ഏറ്റുമാനൂർ സർവീസ് പുനഃക്രമീകരിച്ച് നടത്തിവരുന്നുണ്ട്.

ചങ്ങനാശ്ശേരി ഡിപ്പോയിൽനിന്നും കോവിഡിനുമുമ്പ് 2019 മാർച്ച് മാസം വരെയാണ് അമൃത സർവീസുകൾ നടത്തിവന്നിരുന്നത്. പ്രതിദിനം 396 കിലോമീറ്റർ സർവീസ് നടത്തിവന്നിരുന്ന 05.30 മണി അമൃത സർവീസിന് പ്രതിദിന ശരാശരി ഇ.പി.ബി. 6,900/- രൂപയും, ഇ.പി.കെ.എം. 33.32 രൂപയും മാത്രമാണ് ലഭിച്ചുവന്നിരുന്നത് ചങ്ങനാശ്ശേരി ഡിപ്പോയിലെ 06.00 മണി അമൃത സർവീസിനും 2019 മാർച്ച് മാസത്തിലെ കണക്കനുസരിച്ച് 5,500/- രൂപ ശരാശരി ഇ.പി.ബി.-യും, ശരാശരി 29.15 രൂപ ഇ.പി.കെ.എം. മാത്രമാണ് ലഭിച്ചിരുന്നത്. ടി സാഹചര്യത്തിൽ ടി രണ്ട് അമൃത സർവീസുകളും പ്രവർത്തനച്ചെലവുപോലും ലഭിക്കാതെയാണ് നിന്നുപോയിട്ടുള്ളത്.

മുമ്പ് എക്സ്പ്രസ് ഉപയോഗിച്ച് സർവീസ് നടത്തിയിരുന്ന വരുമാനം

കുറഞ്ഞ ദീർഘദൂര ഇന്റർസ്റ്റേറ്റ് സർവീസായ ചങ്ങനാശ്ശേരി-വേളാങ്കണ്ണി സർവീസ് പുതിയ ആധുനിക സ്വിഫ്റ്റ് ഡീലക്സ് ബസ് നൽകി സർവീസ് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾക്ക് മുൻഗണന നൽകി സ്വീകരിക്കുകയാണുണ്ടായത്. ഡീലക്സാക്കുന്നതിനുമുമ്പ് എക്സ്പ്രസ് സർവീസായിരുന്ന 2024 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ യഥാക്രമം 35 രൂപ, 33 രൂപ ഇ.പി.കെ.എം. മാത്രം ലഭിച്ചിരുന്ന ടി സർവീസിന് സൂപ്പർ ഡീലക്സാക്കിയശേഷം 2024 ഏപ്രിൽ, മെയ് മാസങ്ങളിൽ യഥാക്രമം 42 രൂപ, 47 രൂപ ഇ.പി.കെ.എം. ലഭിച്ചിട്ടുണ്ട്. പുതിയ സ്വിഫ്റ്റ് ഡീലക്സ് ബസ് അപകടത്തിൽപ്പെട്ടതിനെത്തുടർന്ന് പകരം കൃത്യമായി സർവീസ് നടത്തുന്നതിന് ആർ.ടി.സി. ഡീലക്സ് ബസ് അനുവദിച്ചുനൽകി സർവീസ് നടത്തിവരുന്നുണ്ട്. 2025 ഫെബ്രുവരി മാസം ഇടദിവസങ്ങളിൽ വരുമാനലഭ്യത ഇല്ലാത്തതിനാലും റിസർവേഷൻ യാത്രക്കാരുടെ ഗണ്യമായ കുറവുകാരണവും ഡീസൽ തുക പോലും ലഭിക്കാത്ത ഇടദിവസങ്ങളിൽമാത്രം ടി സർവീസ് റദ്ദാക്കേണ്ടതായി വരുന്നുണ്ട് എന്നതൊഴികെ സർവീസ് സ്ഥിരമായി ഓപ്പറേറ്റ് ചെയ്തുവരുന്നുണ്ട്. ഇത്തരം നടപടികളുടെ ഭാഗമായി ചങ്ങനാശ്ശേരി യൂണിറ്റിന്റെ പ്രവർത്തനനഷ്ടം വളരെയധികം കുറയ്ക്കുവാനും യൂണിറ്റിനെ പ്രവർത്തനലാഭത്തിലേക്കെങ്കിലും എത്തിക്കാനും

കഴിഞ്ഞുവരുന്നുണ്ട്. ജനോപകാരപ്രദമായ യാതൊരു സർവീസുകളെയും ബാധിക്കാതെയും ഒഴിവാക്കാതെയുമാണ് ഇത്തരം നടപടികൾ സ്വീകരിച്ചുവരുന്നത്. ബസ്സുകളുടെ ലഭ്യതയും ട്രാഫിക് ഡിമാന്റുമനുസരിച്ച് ചങ്ങനാശ്ശേരി യൂണിറ്റിൽ ജനോപകാരപ്രദമായ സർവീസുകൾ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

7. കൃഷ്ണപുരം - മാമ്പ്രകുന്നേൽ പാലം നിർമ്മാണം സംബന്ധിച്ച് ശ്രീമതി യു. പ്രതിഭ എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്- ടൂറിസം വകുപ്പുമന്ത്രി നൽകിയ മറുപടി

ലെവൽ ക്രോസ്സില്ലാത്ത കേരളം പദ്ധതിയിലുൾപ്പെടുത്തി കായംകുളത്തെ കൃഷ്ണപുരം-മാമ്പ്രകുന്നേൽ റെയിൽവേ മേൽപ്പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകിയിരുന്നു. കിഫ്ബി പദ്ധതിയിലുൾപ്പെട്ട ഈ ലെവൽ ക്രോസ് നിർമ്മാണത്തിന് കിഫ്ബി 31.211 കോടിരൂപ അനുവദിച്ചിട്ടുണ്ട്. ആർ.ഒ.ബി. നിർമ്മാണത്തിന് സ്വകാര്യവ്യക്തികളിൽനിന്നും ആവശ്യമായ ഭൂമിയും ഏറ്റെടുത്തുകഴിഞ്ഞു. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ കൈവശമുള്ള 5.9 ആർ ലീസ് ഭൂമി, കൃഷ്ണപുരം വില്ലേജ് ഓഫീസിന്റെ കൈവശമുള്ള 13 Sq.meter ഭൂമി എന്നിവ Land Transfer മുഖേന കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടറുടെ ഓഫീസിൽനിന്നും സ്വീകരിച്ചുവരുന്നു.

റെയിൽവേയിൽനിന്നും ജി.എ.ഡി.-യുടെ അംഗീകാരം ലഭ്യമാക്കി സാങ്കേതികാനുമതി നൽകി കിഫ്ബി അനുമതിയോടെ 06-09-2024-ൽ ടെൻഡർ ചെയ്തു.

ഒരു ബിഡ്ഡർ മാത്രം ആദ്യത്തെ ടെൻഡറിൽ പങ്കെടുത്തതിനാൽ 14-11-2024-ന് പദ്ധതി റീ-ടെൻഡർ ചെയ്തു. റീ-ടെൻഡറിലും ഒരു ബിഡ്ഡർ മാത്രമാണ് പങ്കെടുത്തത്. കരാറുകാരൻ ക്വാട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ 24.34% അധികവും LMR തുകയേക്കാൾ 4.71% അധികവുമാണ്. ക്വാട്ട് ചെയ്ത തുക കുറയ്ക്കുന്നതിനായി ബിഡ്ഡറുമായി നെഗോസിയേഷൻ നടത്തിയെങ്കിലും ക്വാട്ട് ചെയ്ത തുകയ്ക്കുമാത്രമേ പദ്ധതിയുമായി മുന്നോട്ടുപോകാൻ കഴിയുകയുള്ളൂവെന്ന് ബിഡ്ഡർ അറിയിച്ചിട്ടുണ്ട്. 06-02-2025-ൽ കമ്മിറ്റിയുടെ ശിപാർശപ്രകാരം ടെൻഡറിന് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ ആർ.ബി.ഡി.സി.കെ. സ്വീകരിച്ചുവരുന്നു.